"ക്രിസ്തുവിൻെറ ധമ്മോപദേശം സിദ്ധന്മാരുടെ സകല ധമ്മോപദേശങ്ങളേയും അതിശയിക്കുന്നു. ദിവ്യചൈതന്യമുള്ള ഏവനും അതിൽ അന്തർഹിതമായിരിക്കുന്ന ഒരു മന്നാ (അമൃതാശനം) കണ്ടെത്തുന്നതാണ്."
—ക്രിസ്തുാനുകരണം


# സത്യദീപം


"ഒരു മനുഷ്യനു് രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴിയുകയില്ല. അവൻ ഒന്നുകിൽ ഒരുത്തനെ ദ്വേഷിക്കുകയും മററവനെ സ്നേഹിക്കുകയും ചെയ്യും... ......ദൈവത്തേയും മാമോനായേയും സേവിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല"—മത്തായി VI: 24

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."


Reg. No. M. 2293. | 1956 ആഗസ്റ്റ് 22—ബുധനാഴ്ച | Vol. 30, No. 2


# മർദ്ദിതസഹോദരർക്കുവേണ്ടി

## മാർപ്പാപ്പായുടെ ആഹ്വാനം

### 500 കൊല്ലംമുമ്പു മൂന്നാം കലിസ്റ്റസ് മാർപ്പാപ്പാ പുറപ്പെടുവിച്ച ചാക്രികലേഖനത്തിലെ ആശയങ്ങൾ അതേ സാഹചര്യങ്ങളിൽ പരിശുദ്ധപിതാവു് ആവർത്തിക്കുന്നു

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾദിവസമായ ജൂൺ 29-ാംനു- പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസ് മാപ്പാപ്പാ തിരുമേനി ഹൃദയാവജ്ജകമായ ഒരു തിരുവെഴുത്തു പ്രസിദ്ധം ചെയ്തിരിക്കുന്നു. നിരീശ്വരപരമായ ഭൗതികവാദത്തിൻെറ മുന്നേററത്താൽ വിവിധ രാജ്യങ്ങളിൽ തിരുസ്സഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന മദ്ദനങ്ങളെ അനുസ്മരിച്ചു് എഴുതിയിരിക്കുന്ന ഈ ചാക്രികലേഖനം തടങ്കലിൽ കിടക്കുന്ന അഭിവന്ദ്യ കദ്ദിനാളന്മാരായ മിൻസെന്തി, സ്റ്റെപ്പിനാക്കു്, വിസിനിസ്കി എന്നിവരേയും അൽബേനിയാ, ബൾഗേരിയാ, ചെക്കോസ്ലോവാക്കിയാ, യൂഗോസ്ലാവിയാ, റുമേനിയാ, ഹങ്കറി, പോളണ്ടു്, പൂവ്വജമ്മനി എന്നീ സ്ഥലങ്ങളിലെ വൈദികരേയും അൽമേനികളേയും പ്രത്യേകമായി അഭിവാദ്യംചെയ്തുകൊണ്ടാണു് രചിച്ചിട്ടുള്ളതു്. ക്രിസ്തും അഞ്ഞൂറുകൊല്ലംമുമ്പു്, 1456 ജൂൺ 29-ാംനു- പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾദിവസംതന്നെ മൂന്നാം കലിസ്റ്റസ് മാപ്പാപ്പാ ഏതാദൃശമായ ഒരു ലേഖനം പ്രസിദ്ധംചെയ്തു. ഡാന്യൂബ് നദീതടങ്ങളിൽ നിവസിക്കുന്ന പൂവ്വോത്ത രാജ്യനിവാസികളുടെ ആദ്ധ്യാത്മികാപകടങ്ങളെ വിവരിച്ചുള്ള ഒരു ലേഖനമായിരുന്നു അതു്. ചരിത്രം ഇപ്പോൾ ആവത്തിച്ചിരിക്കുന്നു. അതേ രാജ്യങ്ങൾ വീണ്ടും തത്തുല്യമായ ഒരപകടത്തെ അഭിമുഖീകരിച്ചുതുടങ്ങിയിട്ടു് വർഷങ്ങൾ പത്തിലധികമായിരിക്കുന്നു. അന്നു ജമ്മൻകാരും പോളണ്ടുകാരും അനുഭവിച്ചിരുന്ന വിപത്തുകളെ അനുസ്മരിച്ചു് ലോകമാസകലമുള്ള ജനങ്ങളോടും വൈദികരോടും മെത്രാന്മാരോടും കലിസ്റ്റസ്സ് മാപ്പാപ്പാ അഭ്യത്ഥിച്ചു, അവക്കുവേണ്ടി പ്രാർത്ഥിക്കുവാനും പ്രായശ്ചിത്തംചെയ്തു കാഴ്ചവയ്ക്കുവാനും. പ്രസ്തുത അപേക്ഷകളുടേയും ആഹ്വാനങ്ങളുടേയും സ്മാരകമായിട്ടാണു് ആഗസ്റ്റ് 6 ാംനു- അനുവർഷം നമ്മുടെ കത്താവിൻെറ മറുരൂപത്തിരുനാൾ കൊണ്ടാടണമെന്നു നിശ്ചയിക്കുകയുണ്ടായതു്.

### ഇന്നത്തെ പരിതസ്ഥിതികൾ

അതേ രാജ്യങ്ങൾ 500 വത്സരങ്ങൾക്കുശേഷം ഇന്നു് അതേ രീതിയിലുള്ള ആദ്ധ്യാത്മികവിപത്തുകളിൽ അകപ്പെട്ടിരിക്കയാണു്. അവരുടെ അജപാലന്മാക്കു് അവരുടെ ഇടയിൽ പ്രവത്തിക്കുവാൻവേണ്ട സ്വാതന്ത്ര്യമില്ലാതെ കുഴങ്ങുന്നു. ശൂരരായ പ്രേഷിതവയ്യർ ജയിലിൽ കഴിഞ്ഞുകൂടുന്നു. കത്തോലിക്കാ വൈദികരേയും ജനങ്ങളേയും ശീഘ്രയിദ്ദേലക്കു ആനയിക്കുവാൻ ആവുംവിധം നിർബന്ധങ്ങൾ ചെലുത്തിക്കൊണ്ടുമിരിക്കുന്നു. വിശ്വാസവിരുദ്ധമായ തത്വങ്ങൾ യുവഹൃദയങ്ങളിൽ കുത്തിവയ്ക്കുവാൻ സംഘടിതമായ ഒരു ശ്രമവും ഗവമ്മെൻറുകൾ ചെയ്തുകൊണ്ടിരിക്കയാണു്. സന്താപജനകമായ ഈ രംഗങ്ങൾ പരിശുദ്ധ പിതാവിൻെറ ഹൃദയത്തെ അത്യധികം വേദനിപ്പിക്കുന്നുവെന്നാണു് തിരുമേനി പ്രസ്താവിച്ചിട്ടുള്ളതു്. തന്മൂലം ഈ വിഷയത്തെപ്പററി പ്രതിപാദിക്കാതിരിക്കുവാൻ അവിടുത്തേക്കു നിവൃത്തിയില്ല. ഖേദകരമായ ഈ സാഹചയ്യങ്ങളുടെ സമ്മദ്ദമാണു് ഈ തിരുവെഴുത്തു പ്രസിദ്ധീകരിക്കുവാൻ തിരുമേനിയെ നിർബന്ധിച്ചിരിക്കുന്നതു്. "നീ നിൻെറ സഹോദരന്മാരെ സ്ഥിരപ്പെടുത്തുക" എന്നു പ്രേഷിതപ്രമുഖനായ പത്രോസിനോടു പറഞ്ഞ വാക്കുകൾ പത്രോസിൻെറ പിൻഗാമികളോടും പറഞ്ഞിട്ടുള്ളതായി കരുതണമല്ലോ. അനന്യസാധാരണമായ യോഗ്യതകളെ അടിസ്ഥാനപ്പെടുത്തി കദ്ദിനാൾസ്ഥാനത്തേക്കു യത്ത പ്പെട്ടിരിക്കുന്ന മൂന്നുപേരും അനേകം ഭക്തജനങ്ങളും പുണ്യശാലികളായ വൈദികരും ഞെരുക്കങ്ങൾ അനുഭവിക്കുന്നതു കാണുമ്പോൾ അവിടുത്തെ ഹൃദയം നോവുന്നുവെന്നാണു പരിശുദ്ധ പിതാവു പ്രസ്താവിക്കുന്നതു്.

### സമാശ്വാസകരമായ ചിന്തകൾ

ഈ ദുഃഖങ്ങളിൽ നമുക്കു തെല്ലൊരാശ്വാസം നൽകുന്ന ചില വാക്കുകൾ ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടു്. ചരിത്രം അവയെ അന്വത്ഥമാക്കിയിട്ടുമുണ്ടു്. "ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടെയുണ്ടായിരിക്കും." അഥവാ ശ്ലീഹാ പറയുന്നതുപോലെ, "ദൈവം നമ്മളോടുകൂടെയുണ്ടെങ്കിൽ ആരാണു നമ്മളെ എതിർക്കുവാൻ പോകുന്നതു്?" ആകയാൽ തിരുസ്സഭ അനാഥയാകയില്ല. തൻെറ സഹായം അഭ്യത്ഥിക്കുന്നവരെ അവിടുന്നു ഉപേക്ഷിക്കയില്ല.

എന്നുവരികിലും നിരീശ്വരശക്തികളുടെ സംയുക്തപരിശ്രമംവഴി അനേകം ആത്മാക്കളുടെ രക്ഷ അപകടത്തിലായിട്ടുണ്ടു്. അതിനാൽ തിരുമേനി ഇപ്രകാരം പറയുന്നു: "മതവിരോധികൾ ദൈവരാജ്യത്തെ തകക്കുവാൻ കിണഞ്ഞുപരിശ്രമിക്കുമ്പോൾ ക്രിസ്തുനാഥൻെറ ശിഷ്യഗണങ്ങൾ നഷ്ടധൈയ്യരായി അലസരായി സമരരംഗത്തുനിന്നു് ഓടിപ്പോകുമെന്നു നാം വിചാരിക്കുന്നില്ല. അങ്ങനെ വല്ലതും സംഭവിക്കുകയാണെങ്കിൽ—ദൈവം അതു് അനുവദിക്കാതിരിക്കട്ടെ — ഓടിപ്പോകുന്നവക്കു മാത്രമല്ല, ക്രിസ്തുമതത്തിനുതന്നെ അതു വലിയൊരാപത്തായിത്തീരും" തുടന്നു തിരുമേനി പ്രസ്താവിക്കുന്നു: "കത്തോലിക്കാ വിശ്വാസസത്യങ്ങളിൽ ഏതെങ്കിലുമൊന്നു നിഷേധിക്കുന്നതിനേക്കാൾ സ്വന്തം സ്വാതന്ത്ര്യവും ജീവിതവും ബലിയപ്പിക്കുന്നതിനു കൂടുതൽ സന്നദ്ധരായ പലരും നിങ്ങളുടെ ഇടയിലുണ്ടെന്നു അറിയുന്നതു നമുക്കു വലിയ ഒരാശ്വാസമാണു്. വൈദികമേലദ്ധ്യക്ഷന്മാർതന്നെ ഇക്കായ്യത്തിൽ ക്രിസ്ത്യാനികൾക്കു മാതൃകനൽകിയിരിക്കുന്നു. റോമൻ കത്തോലിക്കാസഭയിലെ കദ്ദിനാളന്മാർതന്നെ മുന്നിട്ടിറങ്ങി. നിങ്ങൾ പ്രപഞ്ചത്തിനും മനുഷ്യക്കും മാലാഖമാക്കും ഒരു കാഴ്ചവസ്തു വായിത്തീന്നിരിക്കയാണു്.

### അപകടങ്ങൾ

"കഷ്ടതകളും ഞെരുക്കങ്ങളും നീണ്ടുനില്ക്കുമ്പോൾ ദുർബലമായ മനുഷ്യപ്രകൃതി ചിലപ്പോൾ അടിപ്പെട്ടുപോയേക്കുമെന്നു വ്യസനസമേതം നാം മനസ്സിലാക്കിയിട്ടുണ്ടു്. ചിലരുടെ തീക്ഷ്ണത അങ്ങനെ മന്ദീഭവിക്കുകയും അവർ ഭീരുക്കളായി പരിണമിക്കുകയും ചെയ്യുന്നു. മാത്രമല്ല ആധുനിക സാഹചയ്യങ്ങളിൽ ക്രിസ്തുനാഥൻെറ ചില തത്വങ്ങൾ മാററി എഴുതേണ്ടതു് ആവശ്യമാണെന്നും കത്തോലിക്കാമതതത്വങ്ങൾ സ്വല്പമൊക്കെ ഭേദപ്പെടുത്തി ആധുനികചിന്താഗതികളോടു രമ്യപ്പെടുത്തണമെന്നും, അങ്ങനെ ഇന്നത്തെ നൂതനാബദ്ധങ്ങളുമായി ഒരു ബാന്ധവംതന്നെ നടത്തണമെന്നും അവർ അഭിപ്രായപ്പെടുന്നു. അതു ഒന്നുകൂടി വിപല്ക്കരമായ ഒരു നിലപാടാണു്.

"ഇങ്ങനെ സ്വന്തം മനസ്സിനേയും ഇതരരുടെ മനസ്സിനേയും കലുഷമാക്കുന്നവരെ ദിവ്യരക്ഷാനാഥൻെറ ഒരു വാക്യം അനുസ്മരിപ്പിച്ചുകൊള്ളുന്നു. "ആകാശവും ഭൂമിയും കടന്നുപോകും; എന്നാൽ എൻെറ വാക്കുകൾ കടന്നുപോകയില്ല." ദൈവത്തിൻെറ പരിപാലനയിൽ നിശ്ചിതമായിരിക്കുന്ന ക്രമീകരണം വഞ്ചനാതീതമാകയാൽ അവിടുത്തെ പക്കലായിരിക്കണം മേല്പറഞ്ഞവരുടെ ശരണം. തൻെറ സ്നേഹത്താൽ വലിയ കായ്യങ്ങൾക്കായി നിയോഗിച്ചിട്ടുള്ളവരെ തൻെറ സംരക്ഷണത്തിൽനിന്നു അവിടുന്നു പുറംതള്ളുകയില്ല. സവ്വശക്തനും സവ്വപരിപാലകനുമായ ദൈവം തിരുസ്സഭയിലെ വിശ്വാസികളായ ധീരസന്താനങ്ങൾക്കു് തൻെറ കൃപാവരം നൽകാതിരിക്കയില്ല, അവരുടെ ധൈയ്യ


(ശേഷം 3-ാംപേജിൽ)




വിശുദ്ധ ആഗസ്തീനോസ്
(തിരുനാൾ—ആഗസ്റ്റ് 28)

ആത്മകഥാകഥനം

# എന്റെ പുനരൈക്യസ്മരണകൾ

(കെ. എം. ജോൺ കൊച്ചുമങ്ങര, ചിങ്ങവനം)

(തുടർച്ച)

## എന്നെ ചഞ്ചലിപ്പിച്ച പ്രസംഗം

കുറെ മാസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ദിവസം ഞാൻ ചിങ്ങവനത്തു വരാനിടയായി. ഞാൻ ഇവിടെ വന്നപ്പോൾ മാർ അപ്രേം സെമ്മിനാരിയുടെ മുൻവശത്തു വിശാലമായ ഒരു പന്തൽ ഉണ്ടാക്കിയിരിക്കുന്നതായി കണ്ടു. അതെന്തിനാണെന്നു അന്വേഷിച്ചപ്പോൾ അവിടെ പ്രസംഗയോഗം നടക്കുന്നുണ്ടെന്നും അന്നത്തെ പ്രധാന പ്രസംഗകൻ ബ. കെ. റ്റി. സഖറിയാ ശെമ്മാശ്ശൻ ആണെന്നും അന്നത്തെ പ്രധാന പ്രസംഗവിഷയം റോമ്മാസഭയേയും, അവരുടെ അന്ധവിശ്വാസങ്ങളെയും പററിയാണെന്നും അറിഞ്ഞു. ഞാൻ സന്തോഷിച്ചു. എന്തു കഷ്ടനഷ്ടങ്ങൾ വന്നാലും അന്നത്തെ പ്രസംഗം കേട്ടതിനു ശേഷമേ തിരികെ മടങ്ങുകയുള്ളു എന്നും തീർച്ചപ്പെടുത്തി. വൈകിട്ട് 7മണിയായപ്പോൾ ചിങ്ങവനത്തും അതിനടുത്തുമുള്ള സകല യാക്കോബായക്കാരെയും മററു ചില ക്രിസ്തീയവകുപ്പുകാരെയുംകൊണ്ടു്, പന്തലും പരിസരങ്ങളും നിറഞ്ഞുകഴിഞ്ഞു. പ്ലാററുഫോറത്തിൽ സന്നിഹിതരായിരുന്ന ഏതാനും വൈദികരുടെ മദ്ധ്യത്തിൽ ബ. സഖറിയാ ശെമ്മാശ്ശൻ കുറെ പുസ്തകങ്ങളും കൈയിൽ താങ്ങിക്കൊണ്ടു് ആഗതനായി. ശെമ്മാശ്ശൻ പുസ്തകങ്ങൾ മേശപ്പുറത്തു് നിരത്തിയശേഷം ശെമ്മാശ്ശന്റെ സ്വതസിദ്ധമായ വാക്ചാതുര്യത്തോടും, പതിവുള്ള ആട്ടത്തോടും കൂടിയ പ്രസംഗം തുടങ്ങി. അന്നത്തെ പ്രസംഗത്തിൽ കർത്താവു് വി. പത്രോസിന്റെമേൽ സഭ സ്ഥാപിച്ചിട്ടില്ലെന്നും, പത്രോസിനു് സഭയുടെമേൽ യാതൊരു അധികാരവുമില്ലെന്നും ക്രിസ്തു മററു ശിഷ്യന്മാരെക്കാൾ പത്രോസിനു് താണപടിയാണു് നൽകിയിരുന്നതെന്നും, പത്രോസിനെ സാത്താനെന്നുപോലും വിളിച്ചിട്ടുണ്ടെന്നും മററുമുള്ള ആരോപണങ്ങൾ പറഞ്ഞു് അദ്ദേഹം കത്തോലിക്കാസഭയെ എതിർക്കുകയാണു ചെയ്തതു്. അതുകൊണ്ടു് പത്രോസിന്റെമേൽ സഭ സ്ഥാപിച്ചിട്ടുണ്ടെന്നും, പത്രോസ് ശ്ലീഹന്മാരുടെ തലവനാണെന്നും മററും പഠിപ്പിക്കുകയും, വിശ്വസിക്കുകയും ചെയ്യുന്ന റോമ്മാസഭയേ, നിനക്കു് ഹാ! കഷ്ടം! എന്നു റോമ്മാസഭക്കെതിരെ അദ്ദേഹം ഒരു ശാപവും നൽകി. തുടർന്നു റോമ്മാ സിംഹാസനത്തിൽ ഒരുകാലത്തു് പെൺപാപ്പാ ഉണ്ടായിരുന്നു എന്നും മററുമുള്ള അവഹേളനങ്ങൾ റോമ്മാക്കാരുടെ എൻസൈക്ലോപീഡിയായിൽനിന്നുതന്നെ തെളിവെടുത്തു് പ്രസ്താവിക്കുകയുമുണ്ടായി. റോമ്മാസഭയെപ്പററിയുള്ള അധിക്ഷേപങ്ങളിൽ ഞാൻ സന്തോഷിച്ചു. എന്നുവരികിലും വി. പത്രോസിനെ സംബന്ധിച്ചുള്ള അവഹേളനങ്ങളിൽ ഞാൻ കുണ്ഠിതപ്പെടുകയാണു ചെയ്തതു്. എനിക്കുണ്ടായിരുന്ന ചിന്താഭാരം വർദ്ധിച്ചു എന്നുമാത്രമല്ല, ഞാൻ മനഃസമാധാനമില്ലാത്തവനായിത്തീർന്നു. അന്നുരാത്രി വേദനനിറഞ്ഞ ചിന്തകളിൽ കഴിഞ്ഞുകൂടി. പിറേറദിവസം രാവിലെ ഞാൻ ശെമ്മാശ്ശന്റെ അടുത്തെത്തി. വി. പത്രോസിനു് സഭയുടെമേൽ അധികാരമില്ലെങ്കിൽ പിന്നെ ആരിൽനിന്നുള്ള പിൻതുടർച്ചാവകാശമാണു് യാക്കോബായസഭയ്ക്കുള്ളതെന്നു ചോദിച്ചു. ഞാൻ ഒരു കത്തോലിക്കനായിരിക്കുമെന്നോ, ശെമ്മാശ്ശനെ കുററപ്പെടുത്താൻ ചെന്നതായിരിക്കുമെന്നോ തെററിദ്ധരിച്ചു, എന്റെ ചോദ്യം സുഖിക്കാത്ത സ്വരത്തിലാണു് അദ്ദേഹത്തിൽനിന്നും മറുപടിയുണ്ടായതു്. ഞാൻ നിരാശയോടെ ഒട്ടും താമസിയാതെ മടങ്ങിപ്പോന്നു.

ഒരു തികഞ്ഞ പണ്ഡിതനെന്നു എല്ലാവരും സമ്മതിച്ചാദരിച്ചിരുന്ന ശെമ്മാശ്ശന്റെ വ്യാഖ്യാനം തെററാണെന്നു പറയാൻ എനിക്കു ധൈര്യമുണ്ടായില്ല. എങ്കിലും യാക്കോബായസഭയുടെ അടിസ്ഥാനം എവിടെയാണെന്നു് കണ്ടുപിടിക്കണമെന്നുള്ള ഒരു ദൃഢനിശ്ചയത്തോടുകൂടി ഞാൻ തിരിച്ചു് ചങ്ങനാശ്ശേരിക്കു പോന്നു.

## കല്ക്കദോനിയാ സൂനഹദോസിന്റെ മുടക്കു്

ആദ്യമായി യാക്കോബായസഭ ഒരു അമൂല്യഗ്രന്ഥമായി കരുതപ്പെടുന്നതും; പരേതനായ ഇടവഴിക്കൽ ഇ. എം. പീലിപ്പോസു് അവർകളാൽ വിരചിതവുമായ "മാർ തോമ്മാശ്ലീഹായുടെ ഇൻഡ്യൻ സഭ" എന്ന ചരിത്രപുസ്തകം ഞാൻ വായിക്കാൻ തുടങ്ങി. അതിൽ 25-ാം അദ്ധ്യായത്തിൽ പല ഭാഗത്തും, പ്രത്യേകിച്ചു് 348, 349 എന്നീ പുറങ്ങളിലും കല്ക്കദോനിയാ സൂനഹദോസിന്റെ തീരുമാനം സാധുവാണെന്നു സമ്മതിക്കുന്നതായും, കത്തോലിക്കാസഭയുമായി ഐക്യപ്പെടുന്നതിനുള്ള ആഗ്രഹത്തെ പ്രകടിപ്പിക്കുന്നതായും ഞാൻ മനസ്സിലാക്കി. ഇ. എം. പീലിപ്പോസു് അവർകളെ അറിയാത്തവർ മലങ്കരയിൽ ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. സഭയെ സംബന്ധിച്ചും സഭയിലെ വിശ്വാസാചാരങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന്റെ അഭിപ്രായം മലങ്കരസഭയിലെ മേലദ്ധ്യക്ഷന്മാക്കും, മററു നേതാക്കന്മാക്കും ഒരുപോലെ സ്വീകാര്യമായിരുന്നു. കല്ക്കദോനിയാ സൂനഹദോസു് സാർവ്വത്രികസൂനഹദോസല്ലെന്നും, പ്രസ്തുത സൂനഹദോസു് റോമ്മാക്കാരുടെ മെ ര ട്ടുവേലയായിരുന്നെന്നുമാണു് ഞാൻ ഉറപ്പായി വിശ്വസിച്ചിരുന്നതു്. ശ്രീ പീലിപ്പോസ് അവർകൾ അദ്ദേഹത്തിന്റെ ചരിത്രപുസ്തകത്തിൽ സൂനഹദോസിനെ സംബന്ധിച്ചു് പറഞ്ഞിരുന്ന അഭിപ്രായം തിരസ്കരിക്കാനോ, സ്വീകരിക്കാനോ എനിക്കു ധൈര്യമില്ലായിരുന്നു. ആ അവസരത്തിലാണു് മാർ ഏലിയാസു് പാത്രിയക്കീസു ബാവാ ഓമല്ലൂർവച്ചു കാലംചെയ്ത വിവരം ഞാനറിഞ്ഞതു്. എനിക്കു അദ്ദേഹത്തോടുള്ള ബഹുമാനവും ആദരവുംനിമിത്തം ഞാനുടനെ പുറപ്പെട്ടു. മലങ്കരമെത്രാനായിരുന്ന (മുടക്കപ്പെട്ട) മാർ ദിവന്നാസ്യോസ് തിരുമേനിയും അവിടെയെത്തിയിട്ടുണ്ടായിരുന്നു. അന്നത്തെ കർബാനമദ്ധ്യേ അദ്ദേഹം ഒരു പ്രസംഗം പറഞ്ഞതിൽ "കല്ക്കദോനിയായിലെ പിതാക്കന്മാരെല്ലാവരും കൂടി മുടക്കിയ മുടക്കു് മുടക്കല്ലെന്നും, മുടക്കു് ഏററവന്റെ മുടക്കു് ഇപ്പോൾ മുടക്കു് ആണെന്നും വന്നോ? എന്നാൽ ആ ന്യായം എന്താണെന്നു് എന്നെ ഒന്നു പഠിപ്പിക്കണം" എന്നു് പരസ്യമായി പ്രസ്താവിക്കുകയുണ്ടായി. ഇ. എം. പീലിപ്പോസു് അവർകളുടെ അഭിപ്രായവും, മാർ ഗീവർഗീസു് ദിവന്നാസ്യോസു് തിരുമേനിയുടെ അഭിപ്രായവും ഒന്നായി വന്നതിനാൽ കല്ക്കദോനിയാ സൂനഹദോസിനെപ്പററി ശരിയായി അറിയുന്നതിനു് ഞാൻ നിർബന്ധിതനായിത്തീർന്നു. ഇതിലേക്കു സൂനഹദോസുകളുടെ ചരിത്രം അന്വേഷിക്കാൻ തുടങ്ങി. പരേതനായ റവ. ഫാദർ കുറിയാക്കോസ് എം. എ. ബി. ഡി. പ്രസ്തുത ചരിത്രപുസ്തകത്തിൽനിന്നു എനിക്കു അറിയേണ്ട ഭാഗങ്ങളുടേയും, മററു സൂനഹദോസുകളുടെയും വിശദമായ തർജ്ജിമ എനിക്കു എഴുതിത്തന്നു. ഇതിൽനിന്നു കല്ക്കദോനിയാ സൂനഹദോസു് സാർവ്വത്രികസൂനഹദോസാണെന്നു് എനിക്കു് തീർച്ചപ്പെടുത്തുവാൻ കഴിഞ്ഞു. ആയതിനാൽ ക്രി. വ. 451-ൽ കല്ക്കദോനിയായിൽ കൂടിയ സൂനഹദോസിൽവച്ചു് അക്കാലത്തു് അലക്സാൻഡ്റിയാ സിംഹാസനത്തിൽ ഭരിച്ചിരുന്ന ദീയസ്ക്കോറസ് പാത്രിയക്കീസു മുടക്കു ഏല്ക്കുകയുണ്ടായി എന്നും നിഖ്യാ, കുസ്തന്തീനോപ്പോൾ, എഫേസൂസ് എന്നീ സൂനഹദോസുകളെപ്പോലെതന്നെ കല്ക്കദോനിയാ സൂനഹദോസും സാർവ്വത്രികസൂനഹദോസുകളുടെ പട്ടികയിൽ ചരിത്രകാരൻ സംശയംകൂടാതെ രേഖപ്പെടുത്തീയിട്ടുണ്ടു് എന്നും തെളിവായി. ക്രി. വ. 381-ൽ 150 പിതാക്കന്മാരാലും, 431-ൽ 198 പിതാക്കന്മാരാലും മുടക്കിയ മുടക്കു് സാധുവാണെന്നു് സമ്മതിക്കുന്ന യാക്കോബായക്കാർ 451-ൽ 628 പിതാക്കന്മാരാൽ മുടക്കിയ മുടക്കു് അസാധുവാണെന്നു് വാദിക്കുന്നതിൽ എന്തു ന്യായമാണുള്ളതു്? അലക്സാൻഡ്റിയാ പാത്രിയക്കീസിന്റെ വിശ്വാസം സ്വീകരിച്ചിരിക്കുകയും, മുടക്കു് അസാധുവാണെന്നു് പഠിപ്പിക്കുകയും ചെയ്യുന്നവരാണല്ലോ ഇന്നത്തെ യാക്കോബായ പാത്രിയക്കീസന്മാർ. ആയതിനാൽ കല്ക്കദോനിയാ സൂനഹദോസിലെ മുടക്കു് യാക്കോബായസഭയിൽ ഇന്നുവരെ നിലനിന്നുപോരുന്നു എന്നു വിശ്വസിക്കുന്നതിൽ എന്താണു് തെററു്. ചരിത്രംകൊണ്ടും, അനുഭവംകൊണ്ടും യാക്കോബായസഭയുടെ ദൈവികനൽവരം നഷ്ടപ്പെട്ടുപോയിരിക്കുകയാണെന്നു് വിശ്വസിക്കാതിരിക്കുന്നതെങ്ങനെ?

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവക്കു്
S.V.PRODUCTS, IRINJALAKUDA

## എന്നാൽ മിശിഹാ സ്ഥാപിച്ച സഭ ഏതു്?

ഇത്രയും ഞാൻ മനസ്സിലാക്കിക്കഴിഞ്ഞപ്പോൾ അടുത്ത പ്രശ്നം എന്നെ നേരിട്ടു. ഉറപ്പായ ഒരടിസ്ഥാനത്തിന്മേൽ സ്ഥാപിക്കപ്പെട്ടതും, ക്രിസ്തുവിന്റെ ആദർശങ്ങളെ നിലനിർത്തിപ്പോരുന്നതുമായ ഒരു സത്യസഭ ലോകത്തിൽ ഉണ്ടായിരിക്കേണ്ടതല്ലേ? ദൈവേഷ്ടവും ക്രിസ്തുനാഥന്റെ നിയോഗവും അതല്ലയോ? വിവിധസഭകളെ പരിശോധിക്കുന്നതിൽ ഞാൻ ജാഗരൂകനായി. മാർത്തോമ്മാസഭയുടെയും, പ്രോട്ടസ്റ്റൻറുസഭകളുടേയും ചരിത്രം വായിച്ചതിൽ അവകൾ വെറും സ്വതന്ത്രസഭകളാണെന്നും, അപ്പസ്തോലികനൽവരം അവകൾക്കു് ലഭിച്ചിട്ടില്ലെന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. പിന്നീടു് എന്റെ അന്വേഷണത്തിനു വിധേയമായതു് കത്തോലിക്കാ സഭയാണു്. ഈ സഭയെപ്പററി വളരെയധികം മുൻവിധികളും തെററിധാരണകളുമാണു് എനിക്കുണ്ടായിരുന്നതു്. ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ അതു സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണെന്നുവന്നാൽതന്നെയും, അതിലെ വിശ്വാസാചാരങ്ങൾ അതിനെ മലിനപ്പെടുത്തിയിരിക്കുന്നു എന്നായിരുന്നു എന്റെ ധാരണ. പ്രത്യേകിച്ചു് കത്തോലിക്കാസഭയുടെ ആസ്ഥാനമായ റോമ്മാസിംഹാസനത്തിൽ ഒരു പെൺപാപ്പാ വാണിരുന്നു എന്നും മററും അതിനെതിരായി പറയപ്പെടുന്ന ആരോപണങ്ങളെല്ലാം ഞാൻ വിശ്വസിച്ചിരുന്നു. കത്തോലിക്കാസഭയിലെ വിശ്വാസാചാരങ്ങൾ വിരൂപമായിട്ടാണു് എനിക്കു തോന്നിയിരുന്നതു്. ഏതായാലും കത്തോലിക്കാസഭയിൽ ചേരുകയില്ല എന്നുള്ള ദൃഢചിത്തതയാണു് എന്നിൽ നിലനിന്നിരുന്നതു്. എങ്കിലും ഒരു ക്രിസ്ത്യാനിയുടെ ആത്മരക്ഷയ്ക്കു സഭ അത്യന്താപേക്ഷിതമാണെന്നു് ഞാൻ ആദ്യംമുതലേ വിശ്വസിച്ചിരുന്നു.

## പെൺപാപ്പായുടെ കെട്ടുകഥ

കല്ക്കദോനിയാ സൂനഹദോസിനെ സംബന്ധിച്ചുണ്ടായിരുന്ന എന്റെ ധാരണ തെററായിരുന്നുവെന്നു ബോദ്ധ്യമായപ്പോൾ അതുപോലെ പെൺപാപ്പായുടെ കാര്യവും തെററിദ്ധാരണയാണോ എന്നു് എനിക്കു സംശയംതോന്നി. ഞാൻ വീണ്ടും ബ: കുറിയാക്കോസച്ചനെ സമീപിച്ചു. സഖറിയാ ശെമ്മാശ്ശൻ തെളിവായി എടുത്തിരുന്ന എൻസൈക്ലോപീഡിയായിലെ ആ ഭാഗംതന്നെ അദ്ദേഹം എന്നെ കാണിക്കുകയും അതിന്റെ മലയാളതർജ്ജിമ അദ്ദേഹം പറഞ്ഞുതന്നു് എന്നെക്കൊണ്ടു് എഴുതിയെടുപ്പിക്കുകയും ചെയ്തു. അതു താഴെ ചേർക്കുന്നു:-

"യോഹന്നാ അഥവാ യോവാൻ എന്നു പില്ക്കാലത്തു പേരുണ്ടായിട്ടുള്ള ഒരു പെൺപാപ്പായെ സംബന്ധിച്ചുള്ള കെട്ടുകഥ ആദ്യമായി പ്രത്യക്ഷമായതു് 13-ാം ശതാബ്ദത്തിന്റെ മദ്ധ്യകാലത്താണു്. ജീൻ ദെ മേയി എന്ന ഡൊമിനിക്കൻ ഇതിഹാസകർത്താവിനാണു് ഇതേപ്പററി ആദ്യം ജ്ഞാനം ലഭിച്ചിട്ടുള്ളതായി തോന്നുന്നതു്. എത്തീൻ ദെ ബുർബൺ എന്ന വേറൊരു ഡൊമിനിക്കൻ "പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ തന്റെ ഗ്രന്ഥത്തിൽ ഈ കഥയേയും ഉദ്ധരിക്കുകയുണ്ടായി. ഈ കൃതിയിൽ സങ്കല്പിത പെൺപാപ്പായ്ക്കു പത്താംനൂററാണ്ടിനോടു് അടുത്തകാലമാണു് നിർണ്ണയിച്ചിരിക്കുന്നതു്. ഖണ്ഡിതമായ പേരൊന്നും അവൾക്കു അതുവരെ നിശ്ചയിച്ചുകൊടുത്തിട്ടില്ല. കഥ ഇപ്രകാരമാണു്. പുരുഷവേഷം ധരിച്ച സമർത്ഥയായ ഒരു സ്ത്രീ ഭരണസമിതിയിലെ അംഗമായി, അനന്തരം കർദ്ദിനാളായി; ഒടുവിൽ പാപ്പായായി. ഒരുദിവസം ഈ സ്ത്രീ കുതിരപ്പുറത്തു സവാരിചെയ്തു. ആ സന്ദർഭത്തിൽ അവൾ ഒരു ആൺകുട്ടിയെ പ്രസവിച്ചു. അപ്പോൾ പൊതുജനങ്ങൾ അവളെ ഒരു കുതിരയുടെ വാലിൽകെട്ടി പട്ടണത്തിനുചുററും വലിച്ചുകൊണ്ടു പോവുകയും ഒടുവിൽ അവളെ കല്ലെറിഞ്ഞുകൊല്ലുകയും ചെയ്തു. അവൾ മരിച്ച സ്ഥലത്തുതന്നെ അവളെ അടക്കി.

ഈ പറയുന്ന പെൺപാപ്പാ കല്പനാശക്തിയുടെ വെറും വിഭാവനമാത്രമാണു്. 15-ാം ശതാബ്ദത്തിൽ ചരിത്രപരമായ വിമർശനം പ്രബുദ്ധമായിത്തീർന്നതോടുകൂടി എനാസു്, സിൽവിയൂസു്, പ്ലാററീനാ മുതലായ ഏതാനും പണ്ഡിതന്മാർ, ഈ കഥ സ്വീകാര്യയോഗ്യമല്ലെന്നു മനസ്സിലാക്കുകയുണ്ടായി. ബ്ളോൻഡൽ, ലെയിബ്നിസ് (Leibniz) ആദിയായ ഏതാനും പ്രോട്ടസ്റ്റൻറു പണ്ഡിതന്മാരും പെൺപാപ്പാ ഒരിക്കലും ഉണ്ടായിട്ടില്ലെന്നു സമ്മതിച്ചു പറഞ്ഞിരിക്കുന്നു. എന്നാൽ പാപ്പാധിപത്യത്തെ (കത്തോലിക്കാസഭയെ) എതിർക്കുന്ന സന്ദർഭത്തിൽ അനേകം പ്രോട്ടസ്റ്റൻറുകാർ ഈ കെട്ടുകഥയെ ഉപയോഗിച്ചിട്ടുണ്ടു്.

പെൺപാപ്പായെ സംബന്ധിച്ചുള്ള സംഗതികൾ പൂർണ്ണമായി ഐതിഹ്യപരമാണെന്നുള്ളതിനു് മുഖ്യമായ തെളിവുകൾ ഇവയാകുന്നു. 1) മാർപ്പാപ്പാമാരുടെ ജീവചരിത്രങ്ങളിലെ ഒററ ഒരു സമകാലികരേഖയിൽനിന്നുപോലും ഈ പെൺപാപ്പായെ സംബന്ധിച്ചു് എന്തെങ്കിലും അറിവു ലഭിക്കാൻ സാധിക്കുന്നില്ല. 13-ാം ശതാബ്ദ

(ശേഷം 11-ാംപേജിൽ)




സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽനിന്നും എളുപ്പത്തിൽ നിങ്ങൾക്കു് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണു്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോടു് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്കു്

| വായ്പസംഖ്യ | പലിശ |
|---|---|
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | „ 7½ „ |
| 500 രൂപാ മുതൽ മേല്പോട്ടു് | „ 6 „ |

ESTD. 1927
പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
P.C. 7868

(1-ാംപേജ് തുടർച്ച)

ത്തിനു കുറവുവരുത്തുകയുമില്ല. രക്ഷാകരമായ ഈ സമരത്തിൽ അവർ നിലംപതിക്കുകയോ യേശുമിശിഹായിൽനിന്നു വേർതിരിയുകയോ ചെയ്യുകയില്ല."

## പരിശുദ്ധ പിതാവിൻെറ ആഹ്വാനം

ക്ഷമാപൂർവ്വം തങ്ങളുടെ കുരിശുകൾ വഹിച്ചു സർവ്വർക്കും ഒരു മാതൃകയായി വർത്തിക്കുവാനുള്ള ഒരാഹ്വാനമാണു പരിശുദ്ധ പിതാവു അനന്തരം നൽകുന്നതു്. അവസാനമായി മർദ്ദിതരായ നമ്മുടെ സഹോദരർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അത്യാകാംക്ഷയോടെ പരിശുദ്ധ പിതാവു ആവശ്യപ്പെടുന്നു. അഞ്ഞൂറുകൊല്ലംമുമ്പു കലിസ്റ്റസ്സ് മാർപ്പാപ്പ പ്രസ്താവിച്ചതു് ദൈവാലയത്തിലെ മണിനാദം കേൾക്കുമ്പോഴെല്ലാം മർദ്ദിതസഹോദരർക്കുവേണ്ടി അപേക്ഷിക്കുവാനാണ്. അതുതന്നെ നമ്മുടെ പരിശുദ്ധ പിതാവു് ആവശ്യപ്പെടുന്നു. നമ്മുടെ ദൈവാലയങ്ങളിലെ മണിനാദം കേൾക്കുമ്പോഴെല്ലാം നമ്മുടെ ഹൃദയത്തിൽനിന്നു ഒരു പ്രാർത്ഥന മർദ്ദിതരായ നമ്മുടെ സഹോദരർക്കുവേണ്ടി ഉയരുവരണം. പരിശുദ്ധ പിതാവിൻെറ വാക്കുകൾതന്നെ ഉദ്ധരിച്ചുകൊള്ളട്ടെ:

"നമ്മുടെ അഭീഷ്ടങ്ങൾ ഭംഗിയായി നിറവേറുന്നതിനു ദൈവമാതാവും ഏറ്റവും പ്രിയപ്പെട്ട നമ്മുടെ അമ്മയുമായ മറിയത്തിൻെറ മാദ്ധ്യസ്ഥ്യംവഴി ദിവ്യരക്ഷകനോടു നിങ്ങൾ അഭ്യർത്ഥിക്കുവിൻ. ആ ദിവ്യാംബികയുടെ സഹായം ഏററം ഭയങ്കരമായ വിപത്തുകളിൽ നമ്മുടെ പൂർവ്വപിതാക്കന്മാർ ആസ്വദിച്ചറിഞ്ഞിട്ടുള്ളതാണ്. സ്വർഗ്ഗീയസൗഭാഗ്യങ്ങൾ എപ്പോഴും നമുക്കു ദൈവജനനിയോടു് ആവശ്യപ്പെടാവുന്നതാണ്. എന്നാൽ സാർവ്വത്രികസമുദായത്തെ സ്പർശിക്കുന്ന സംഗതികളുണ്ടാകുമ്പോൾ, അതായതു്, ആത്മാക്കളുടെ രക്ഷയും ക്രിസ്തീയവിശ്വാസസംരക്ഷണവും ആവശ്യമാകുമ്പോൾ ഇതു് കൂടുതൽ യോജ്യംതന്നെ."

നോവുന്ന ഹൃദയത്തോടെ പരിശുദ്ധ പിതാവു എഴുതിയ തിരുവെഴുത്തിലെ പ്രധാനഭാഗങ്ങളാണ് മുകളിൽ സംക്ഷേപിച്ചു നൽകിയിരിക്കുന്നതു്. വിവിധ സ്ഥലങ്ങളിൽ നിരീശ്വരശക്തികളിൽനിന്നു തിരുസ്സഭ അനുഭവിക്കുന്ന മർദ്ദനം ഓർക്കുമ്പോൾ തിരുമേനിയുടെ ഹൃദയമെന്നല്ല കത്തോലിക്കാവിശ്വാസികളായ സകലരുടേയും ഹൃദയം പിടയ്ക്കും, അതു വെന്തുനീറും. സന്താപബാഷ്പങ്ങൾ നേത്രങ്ങളിൽനിന്നു് അടന്നുവീഴും. അവ നമ്മുടെ പ്രാർത്ഥനാമന്ദിരങ്ങളെ നനയ്ക്കട്ടെ. അവ നമ്മുടെ ദൈവാലയങ്ങളിൽ വി. കുർബാനയുടെ മുമ്പിൽ ഒഴുകട്ടെ. അപ്പോൾ പരിതസ്ഥിതികൾക്കു് ഒരന്തരം വരാതിരിക്കയില്ല. പരിശുദ്ധ പിതാവിനെ ആശ്വസിപ്പിക്കുവാൻ നമുക്കു ആഗ്രഹമുണ്ടെങ്കിൽ മർദ്ദിതസഹോദരങ്ങൾക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥനകളും പ്രായശ്ചിത്തവും കൂദാശസ്വീകരണങ്ങളും അനുദിനം വർദ്ധിച്ചുവരണം. സ്വർഗ്ഗരാജ്ഞിയായ നമ്മുടെ അമ്മ ഈദൃശമായ ഒരു പ്രാർത്ഥനാചൈതന്യം എല്ലാ കത്തോലിക്കാഹൃദയങ്ങളിലും കുത്തിവയ്ക്കുമാറാകട്ടെ.

× × ×

## യുഗോസ്ലാവിയായിലെ പ്രത്യാഘാതം!

ഈ തിരുവെഴുത്തിൻെറ പ്രസിദ്ധീകരണത്തെ യുഗോസ്ലാവിയായിലെ ടിറേറാഗവമ്മെൻറു് നിരോധിച്ചിരിക്കുന്നതായി റോയിട്ടരുടെ കമ്പിസന്ദേശത്തിൽ കാണുകയുണ്ടായി. റിപ്പോർട്ടു ഇപ്രകാരമാണ്:- മാർപ്പാപ്പാ തിരുമനസ്സിലെ ജൂൺ 29-ാം തീയതിയിലെ ചാക്രികലേഖനം യുഗോസ്ലാവിയായിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നതിനെ ടിറേറായുടെ ഗവമ്മെൻറു് നിരോധിച്ചിരിക്കുന്നു. തങ്ങളുടെ രാജ്യത്തെപ്പററി അപകീർത്തിപരവും അയഥാർത്ഥവുമായ പ്രസ്താവങ്ങൾ ആ ലേഖനത്തിൽ അടങ്ങിയിരിക്കുന്നുവെന്നാണ് ഈ നിരോധനത്തിനുള്ള കാരണമായി ഫെഡറൽറിപ്പബ്ളിക്കു് പ്രോസിക്യൂട്ടർ പ്രസ്താവിച്ചതു്. "നമ്മുടെ രാജ്യത്തിൻെറ പ്രശസ്തിയെ നശിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ എഴുതപ്പെട്ടതാണ് ആ ലേഖനത്തിൻെറ ഉള്ളടക്കം" എന്നു പ്രോസിക്യൂട്ടർ പറയുന്നു. പക്ഷെ ലേഖനത്തിൻെറ ഉള്ളടക്കമെന്താണെന്നു പ്രോസിക്യൂട്ടർ പറയുകയുണ്ടായില്ല.

"തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാനും", ക്രിസ്തുവിൻെറ സിദ്ധാന്തങ്ങൾ കാലത്തിനും പരിതസ്ഥിതികൾക്കും അനുസൃതമായി രൂപാന്തരപ്പെടുത്തണമെന്ന വാദത്തെ ശക്തിയായി എതിർക്കുവാനും മെത്രാന്മാരോടു യോജിച്ചു നില്ക്കുവാനും പ്രസ്തുത ലേഖനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞ പത്തുകൊല്ലങ്ങളായി ക്രിസ്തുവിൻെറ സഭയ്ക്കു അതിൻെറ അവകാശങ്ങൾ, എല്ലായിടത്തും ഒരേ തോതിലല്ലെങ്കിലും, നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നും, ഭക്തസംഘടനകളും സന്യാസസമൂഹങ്ങളും നിർബന്ധപൂർവ്വം പിരിച്ചുവിടപ്പെട്ടിട്ടുണ്ടെന്നും, വൈദികരെ നാടുകടത്തുകയോ തടങ്കലിലാക്കുകയോ ചെയ്തിട്ടുണ്ടെന്നും, അങ്ങനെയല്ലാത്ത ഇടങ്ങളിൽ അവരുടെ പ്രവർത്തനങ്ങൾക്കു തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ടെന്നും, തങ്ങളുടെ വിശ്വാസം ഏററുപറഞ്ഞ പലരും പീഡിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും ലേഖനത്തിൽ തുടർന്നുപറഞ്ഞിരിക്കുന്നു. ദൈവത്തിൽനിന്നും അവിടത്തെ പാവനപഠനങ്ങളിൽനിന്നും കുട്ടികളേയും യുവാക്കന്മാരേയും പിന്തിരിപ്പിക്കുന്നതിനായി അബദ്ധപൂർണ്ണവും, ദുരുപദിഷ്ടവുമായ സിദ്ധാന്തങ്ങളെ അവരുടെ മനസ്സിൽ കുത്തിച്ചെലുത്തുന്നു എന്നും, അതു ഈ തലമുറയ്ക്കും ഭാവിതലമുറയ്ക്കും ഒന്നുപോലെ ആപല്ക്കരമാണെന്നും ലേഖനത്തിൽ വിശദമാക്കിയിട്ടുണ്ടു്.

റോയിട്ടർ

ദ്വിതീയ

## ചരമവാർഷികം



ഷെവലിയർ കാഞ്ഞിരക്കാട്ടു തച്ചിൽ ലോനാ വറീതു ഭാര്യ

**മറിയംകുട്ടി**

കുത്യതോട്

ജനനം 2 10 1890

മരണം 22 8 1954

"ദയാപരനായ ഈശോ, ഈ ആൾക്കു് നിത്യാശ്വാസം കൊടുക്കേണമെ."

R. I. P.




# ലൂർദ്ദിലെ അൽഭുതം

(ജി. സി. ടീലാർ)

അത്ഭുതം എന്നു കേട്ടപ്പോൾ അയാൾ തിരിഞ്ഞുനിന്നു. ഒരു യുക്തിവാദിയായിരുന്നു മി. തോമസ്. നെററിചുളിച്ചുകൊണ്ടു് അയാൾ ചോദിച്ചു: "അത്ഭുതങ്ങൾ സംഭവിക്കുമോ? അന്ധവിശ്വാസമല്ലേ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നതു്?" ഔർസ്ലർ ആ മനുഷ്യൻെറ നേരെ നോക്കി പുഞ്ചിരിതൂകിക്കൊണ്ടുപറഞ്ഞു: "സ്രഷ്ടാവായ ഒരു ദൈവത്തിൽ വിശ്വസിക്കുന്നവനു് അത്ഭുതങ്ങൾ കാണുവാൻ കഴിയും. വിശ്വാസമില്ലാത്തവർ പിടികിട്ടാത്ത ഒരു പ്രശ്നത്തിൻെറ മുമ്പിൽ നിൽക്കേണ്ടിവരികയും ചെയ്യും. ലൂർദ്ദിൽ ഇപ്പോഴും അത്ഭുതങ്ങൾ നടന്നുകൊണ്ടാണിരിക്കുന്നതു്. അവിടത്തെ അത്ഭുതങ്ങളെപ്പററി സാക്ഷ്യപ്പെടുത്തുന്നതു് "അന്ധവിശ്വാസികളായ" കത്തോലിക്കരല്ല, നിരീശ്വരന്മാരടങ്ങിയ ഒരു പണ്ഡിതസമിതിയാണ്." "നിരീശ്വരന്മാർക്കും അന്ധവിശ്വാസമുണ്ടാകുമല്ലോ" എന്നു തോമസ് അത്ഭുതപ്പെട്ടു. എങ്കിലും സ്വന്തം കണ്ണുകൾകൊണ്ടു് ഒരത്ഭുതം കാണുവാൻ അയാൾക്കു് ആഗ്രഹമുണ്ടായി.

പാരീസിൽ ചിലർക്കു് അത്ഭുതരോഗശമനങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളവിവരം ഔർസ്ലർ തൻെറ അന്വേഷണത്തിൽ അറിഞ്ഞു. 1948-ൽ ലൂർദ്ദിൽ പോയിവന്ന ഒരു വക്കീൽ അടുത്ത തെരുവിൽ താമസിക്കുന്നുണ്ടെന്നാണ് അദ്ദേഹം ഒടുവിൽ കേട്ടതു്. പോൾ ഗാലൻറു് അക്കാലത്തു പാരീസിലെ സുപ്രസിദ്ധനായ ഒരു വക്കീലായിരുന്നു. 28 വയസ്സിൽ കൂടുതൽ പ്രായമില്ല.

ഔർസ്ലർ തോമസിനോടുകൂടിനടന്നു. വഴിക്കു ചില കാര്യങ്ങൾ ഔർസ്ലർ പറയുകയുണ്ടായി. "മി. തോമസ്, ഞാൻ ദൈവത്തിലും പ്രാർത്ഥനയിലും വിശ്വസിക്കുന്ന ഒരാളാണ്. ഉജ്ജ്വലമായ വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുന്ന ഒരുവനും സ്വർഗ്ഗത്തിൽനിന്നുള്ള സ്വരം കേൾക്കാതിരിക്കയില്ല എന്നാണെൻെറ ബോദ്ധ്യം. നാം ചോദിക്കുന്നതെല്ലാം ദൈവം അപ്പടിയേ ഇങ്ങു തന്നില്ലെന്നുവരും. ചിലപ്പോൾ സാദ്ധ്യമല്ല എന്നായിരിക്കും മറുപടി. എന്നാൽ പലപ്പോഴും നാം ചോദിക്കുന്നതിനെക്കാൾ കൂടുതലായി അവിടുന്നു നൽകുന്നു."

തോമസ് എന്തെങ്കിലും എതിരുപറയുന്നതിനുമുമ്പേ അവർ മനോഹരമായ ഒരു ഗൃഹത്തിൻെറ പടിവാതിൽ കടന്നു. അവർ തിരിഞ്ഞതു രോഗി കിടക്കുന്ന മുറിയിലേക്കാണ്. അവിടത്തെ കാഴ്ച അവരെ പരിഭ്രാന്തചിത്തരാക്കി. പോൾ ഗാലൻറു് ജീവച്ഛവം പോലെ ഒരു മെത്തയിൽ കിടക്കുന്നു, നാലു വയസ്സു പ്രായമുള്ള ഒരു കൊച്ചുകുട്ടി ഒരു പാവയുടെ ചെവിയേൽ പിടിച്ചു് അതു തൂക്കി എടുക്കുന്നുണ്ടു്. അദ്ദേഹത്തിൻെറ കട്ടിലിനു താഴെ ഒരു ബുൾഡോഗ് കാവൽക്കാരനെപ്പോലെ ശയിക്കുന്നു. ബലഹീനയായ ഒരു വൃദ്ധസ്ത്രീ അവിടത്തെ അടുക്കളയുടെ ഭിത്തിയേൽ ചാരി ചിന്താവിഷ്ടയായി നിൽക്കുന്നുണ്ട്. ഏകദേശം 24 വയസ്സു പ്രായം തോന്നിക്കുന്ന ഒരു യുവതി അദ്ദേഹത്തിൻെറ കട്ടിലിനടുത്തു് ഒരു മേശയിലേക്കു കുനിഞ്ഞിരിക്കുന്നു. ആ സ്ത്രീയുടെ മുമ്പിൽ കുറേ കടലാസു് കൂടി കിടപ്പുണ്ടു്. "ഇവിടത്തെ അന്തരീക്ഷത്തിൽ ശോകംനിറഞ്ഞു നില്ക്കുന്നു. നമുക്കു വേഗം പോയേക്കാം. എനിക്കിനി ലൂർദ്ദിലെ അത്ഭുതങ്ങളെക്കുറിച്ചൊന്നും കേൾക്കേണ്ട." തോമസ് ഔർസ്ലറിൻെറ ചെവിയിൽ മന്ത്രിച്ചതാണ്.

അവരെ കണ്ടമാത്രയിൽ പോൾ ഗാലൻറു് ആഹ്ളാദഭരിതനായി. "ഹലോ! ഔർസ്ലർ, വരിക ഇരിക്കണം." റോസലിൻറു് എഴുന്നേററു് രണ്ടു കസേരകൾ നീക്കി ഇട്ടുകൊടുത്തു. ഔർസ്ലർ എന്നു ഭർത്താവു വിളിക്കുന്നതു കേട്ടപ്പോൾ വളരെ അത്ഭുതത്തോടുകൂടി അവൾ അദ്ദേഹത്തിൻെറ മുഖത്തേക്കു നോക്കി. എവിടെയോവച്ചു് അദ്ദേഹത്തെ കണ്ടിട്ടുണ്ടെന്നു് അവൾക്കൊരു തോന്നൽ. ആ പേരും കേട്ടിട്ടുണ്ടു്. പോൾ ഗാലൻറു് ചോദിച്ചു: "അറിയുകയില്ലേ ഫൾട്ടൻ ഔർസ്ലറെ?"

"ഓഹോ, ഇപ്പോൾ അറിയും 'Greatest Story ever told'' എന്ന സുപ്രസിദ്ധമായ ഗ്രന്ഥത്തിൻെറ കർത്താവു്."

"അതേ അദ്ദേഹം തന്നെ. പടത്തിൽ കാണുന്നതുപോലെതന്നെ ഇരിക്കുന്നു. അതാണു ഞാൻ പെട്ടെന്നു് അദ്ദേഹത്തെ മനസ്സിലാക്കിയതു്." ഔർസ്ലറിൻെറ നേരേതിരിഞ്ഞുകൊണ്ടു് അദ്ദേഹം ചോദിച്ചു: "കൂടെയുള്ള ആൾ?"

"എൻെറ ഒരു സ്നേഹിതൻ, മി. തോമസ്. ഒരു വലിയ യുക്തിവാദിയാണ്. അത്ഭുതങ്ങളും മററും സംഭവിക്കയില്ലെന്നാണ് ഇയാളുടെ വാദം. ഇയാളുടെ തെററിദ്ധാരണ ഒന്നു നീക്കുവാനാണ് ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവന്നതു്. അങ്ങു് ലൂർദ്ദിൽ പോയി തിരിച്ചുവന്ന ഒരാളാണെന്നു ഞങ്ങൾ കേട്ടു. ലൂർദ്ദിലെ അത്ഭുതങ്ങളെപ്പററി അങ്ങയുടെ അഭിപ്രായം എന്താണ്?"

തോമസ് അക്ഷമനായി. അയാൾ പറഞ്ഞു: "സുഖമില്ലാത്ത ഒരാളെ നാം എന്തിനു് ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നു? തീർച്ചയായും ഇദ്ദേഹം സുഖം പ്രാപിക്കുന്നതിനുവേണ്ടിയാണ് ലൂർദ്ദിലേക്കുപോയതു്. ഇതാണ് ഇദ്ദേഹം സുഖം പ്രാപിച്ച സ്ഥിതിയെങ്കിൽ ആ ലൂർദ്ദിനെപ്പററി എനിക്കു കേൾക്കയേ വേണ്ട."

ലൂർദ്ദിനെപ്പററി പുച്ഛമായി തോമസ് സംസാരിക്കുന്നതു കേട്ടപ്പോൾ പോൾ ഗാലൻറിൻെറ മുഖത്തു് അതൃപ്തിയുടെ ലക്ഷണങ്ങൾ വ്യാപിച്ചു. ഔർസ്ലരുടെയും തോമസിൻെറയും വദനങ്ങളിൽ അദ്ദേഹം മാറിമാറി നോക്കി. എന്നിട്ടു തോമസിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: "മി. തോമസ്, ലൂർദ്ദിനെക്കുറിച്ചും അത്ഭുതങ്ങളെക്കുറിച്ചും നിങ്ങളുടെ അഭിപ്രായം എന്തുതന്നെ ആയിരുന്നാലും എനിക്കു് അനുഭവത്തിൽനിന്നും പറയാനുള്ളതെന്തെന്നു് കേൾക്കുവാനുള്ള ക്ഷമ നിങ്ങൾക്കുണ്ടായിരിക്കുമല്ലോ. ഒരുതരം തളർവാതമാണ് എന്നെ ബാധിച്ചിരിക്കുന്നതു്. Rhizomelic Spondylitis എന്നു് വൈദ്യവിദഗ്ദ്ധന്മാർ ഇതിനു പേരുനൽകിയിരിക്കുന്നു. സുഖപ്പെടുകയില്ലാത്ത ഒരു രോഗമാണെന്നാണ് അവരുടെ വിധി. ഞാനെന്തു ചെയ്യും? പാരീസിലെ കോടതിയിൽ ഞാൻ ഒരു നല്ല വക്കീലായിരുന്നു. സുഖസമൃദ്ധിയിലാണ് എൻെറ കുടുംബം കഴിഞ്ഞുപോന്നതു്. എന്നാൽ ഞാൻ കിടപ്പിലായപ്പോൾ കാര്യങ്ങൾ എല്ലാം കുഴഞ്ഞു. വളരെ ആലോചിച്ചിട്ടു റോസലിൻറു പറഞ്ഞതിതാണ്: നമുക്കു ലൂർദ്ദിലേക്കൊന്നു പോയാലോ?

"ലൂർദ്ദിൽ നടക്കുന്ന അത്ഭുതങ്ങളെപ്പററി ഞങ്ങൾ അനുദിനം കേട്ടുകൊണ്ടാണിരിക്കുന്നതു്. എൻെറ ഈ സ്ഥിതിയിൽ മാതാവിനു് അനുകമ്പതോന്നിയാൽ അവിടുത്തേക്കു് എന്നെ സുഖപ്പെടുത്തുവാൻ കഴിയും എന്നു നിങ്ങളുടെ ഭാഷയിൽ പറയുന്ന അന്ധവിശ്വാസം എനിക്കുണ്ടായി. നാലഞ്ചുപേർ എന്നെ ഒരു മഞ്ചലിൽ എടുത്തുകൊണ്ടാണ് ലൂർദ്ദിലേക്കുപോയതു്. ഭാര്യ വളരെ പ്രതീക്ഷയോടെ എന്നെ അനുഗമിച്ചിരുന്നു. എൻെറ കൂടെ ലൂർദ്ദിലേക്കു യാത്രചെയ്യുന്ന അനേകം ചട്ടുകാലന്മാരെയും, പിറവിക്കുരുടന്മാരെയും, ക്ഷയരോഗികളേയും, അർബ്ബുദവ്യാധിക്കാരെയും ഞാൻ വഴിക്കു കാണുകയുണ്ടായി. അവരുടെ എല്ലാവരുടെയും മുഖത്തു് സജീവവിശ്വാസം തങ്ങിനിന്നിരുന്നു.

"ലൂർദ്ദിൽ എത്തിക്കഴിഞ്ഞാൽ അവിടത്തെ ഒരു വലിയ ആശുപത്രിയിൽവച്ചു് രോഗികൾ ഒരു പരിശോധനയ്ക്കു വിധേയരാകണം. സുപ്രസിദ്ധരായ ഡോക്ടറന്മാർ അടങ്ങിയ ഒരു വൈദ്യസമിതിയാണു രോഗികളെ പരിശോധിക്കുന്നതു്. നിരീശ്വരന്മാരും, നിർമ്മതസ്ഥരും, അക്രൈസ്തവരും ഉണ്ടു് ആ സമിതിയിൽ. പരിശോധനയിൽ മാറാവ്യാധിക്കാർ എന്നവർക്കു ബോദ്ധ്യംവരുന്നവരെ മാത്രമേ അവർ പ്രത്യേകം പരിഗണിക്കൂ. ലൂർദ്ദിൽനിന്നു മടങ്ങുമ്പോൾ അത്തരം രോഗികളെ ഒന്നുകൂടി അവർ പരിശോധിക്കും. അവരിൽ ഒരാളുടെ രോഗം പൂർണ്ണമായി മാറി എന്നവർക്കു ബോദ്ധ്യപ്പെട്ടാൽ പിന്നെ അയാളെ വീണ്ടും വീണ്ടും പരിശോധിക്കുവാനുള്ള ഒരു ബദ്ധപ്പാടാണ് ഡോക്ടറന്മാരുടെ ഇടയിൽ. നിങ്ങളെപ്പോലെ അത്ഭുതങ്ങളൊന്നും സംഭവിക്കയില്ല എന്നഭിപ്രായമുള്ള നിരീശ്വരന്മാരും നിർമ്മതസ്ഥരുമാണ് അത്തരം സംഭവങ്ങളിൽ കൂടുതൽ അസ്വസ്ഥരാകുന്നതു്. ഗത്യന്തരമില്ലാതെ ഒടുവിൽ അവരും രേഖപ്പെടുത്തും ആ രോഗശാന്തി വൈദ്യശാസ്ത്രത്തിൻെറ പരിധിക്കുള്ളിൽനിന്നുകൊണ്ടു വ്യാഖ്യാനിക്കുവാൻ സാദ്ധ്യമല്ലെന്നു്.

"എന്നേയും അവർ അങ്ങനെ പരിശോധിച്ചു. ചികിത്സകൊണ്ടു ഭേദപ്പെടുകയില്ലാത്ത ഒരു രോഗമാണെൻേറതെന്നായിരുന്നു അവരുടെ വിധി. ലൂർദ്ദിൽ അത്ഭുതരോഗശാന്തി രണ്ടു ഘട്ടങ്ങളിൽ സംഭവിക്കാറുണ്ടു്. ദിവസവും 27000 ഗ്യാലൻ വെള്ളംവീതം അവിടത്തെ അത്ഭുതഅരുവിയിൽ

നിന്നും ഒഴുകിക്കൊണ്ടിരിക്കുന്നു. അതിൽ രോഗികളെ മുക്കി കരയ്ക്കു കയറുമ്പോഴാണ് അവരിൽ ചിലക്കു രോഗശമനമുണ്ടാകുന്നത്. ഉച്ചതിരിഞ്ഞു ഭൂരിപക്ഷംപേർക്കും കുർബാനയുടെ പ്രദക്ഷിണത്തിൽ രോഗശാന്തിയുണ്ടാകുന്നു. പ്രദക്ഷിണം നീങ്ങുന്ന പാതയുടെ ഇരുവശങ്ങളിലുമായി അനേകായിരം രോഗികളെയാണ് നിരനിരയായി കൊണ്ടുവന്നു കിടത്തുന്നത്.

"ഗ്രോട്ടോയുടെ മുമ്പിൽ ഞാൻ ഇപ്രകാരം പ്രാർത്ഥിച്ചു: ദിവ്യനാഥനായ യേശുവേ, അങ്ങെന്നെ സുഖപ്പെടുത്തേണമേ. എന്നാൽ എന്റെ മനസ്സല്ല, അങ്ങയുടെ തിരുമനസ്സ് നിറവേറട്ടെ. അമലോത്ഭവയായ ദിവ്യജനനീ, എനിക്കു വേണ്ടി അവിടുത്തെ തിരുക്കുമാരനോടു പ്രാർത്ഥിക്കേണമെ. എന്റെ നന്മയ്ക്കുപകരിക്കുമെങ്കിൽ ഈ രോഗത്തിൽനിന്നും എന്നെ വിമുക്തനാക്കേണമെ. എന്റെ പ്രാർത്ഥന കഴിഞ്ഞപ്പോൾ അവർ എന്നെ അരുവിയിലേക്കു കൊണ്ടുപോയി. എന്റെ കൈയ്ക്കു പിടിച്ച് അവർ മൂന്നുപ്രാവശ്യം എന്നെ ആ അരുവിയിൽ മുക്കി. എന്റെ ശരീരം അപ്പോഴും പഴയതുപോലിരുന്നെങ്കിലും എന്റെ ഹൃദയത്തിന് അത്ഭുതകരമായ ഒരു ശാന്തി അനുഭവപ്പെട്ടു. കുർബാനയുടെ പ്രദക്ഷിണമായിരുന്നു പിന്നത്തെ ഞങ്ങളുടെ ആശാകേന്ദ്രം. വഴിയുടെ വക്കത്ത് അവർ എന്നെ കിടത്തി. പ്രദക്ഷിണം നീങ്ങിക്കൊണ്ടിരുന്നു. പലരുടെ കിടക്കയ്ക്കുകൽനിന്നും ആഹ്ളാദപ്രകടനങ്ങൾ കേട്ടുതുടങ്ങി. ഒരു ചട്ടുകാലൻ തന്റെ വടി കളഞ്ഞിട്ട് നടക്കാൻതുടങ്ങിയിരിക്കുന്നു! ഒരു തളർവാതരോഗി കിടക്കയിൽനിന്നും ചാടി എഴുന്നേല്ക്കുയുണ്ടായി! ഒരു പിറവിക്കുരുടൻ വിളിച്ചുപറഞ്ഞു: ഞാനെന്റെ കണ്ണുകൾകൊണ്ട് ആ പ്രദക്ഷിണം കാണുന്നു! എന്ന്. ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ. തന്റെ അമലോത്ഭവമാതാവു വാഴ്ത്തപ്പെട്ടവളാകട്ടെ എന്ന സ്തോത്രഗീതങ്ങൾ ഏകസ്വരത്തിൽ ഉയർന്ന് അന്തരീക്ഷത്തെ മുഴക്കിക്കൊണ്ടിരുന്നു.

"ഒരു പാവയെപ്പോലെ അപ്പോഴും ഞാൻ കിടക്കയിൽ. വീട്ടിൽനിന്നും ഞാൻ ഏതു സ്ഥിതിയിൽ പുറപ്പെട്ടുവോ അതേ സ്ഥിതിയിൽതന്നെ ഞാൻ തിരിയെ പോരേണ്ടിവന്നു. അന്ധവിശ്വാസത്തിന് അത്ഭുതങ്ങൾ മനഞ്ഞെടുക്കുവാൻ സാധിക്കുമെങ്കിൽ എന്റെ അന്ധവിശ്വാസത്തിനു അതു കഴിയാതെ വന്നതെന്തുകൊണ്ടെന്നു മി. തോമസ് പറയണം. അല്ലെങ്കിൽ ഏതു തോതിലുള്ള അന്ധവിശ്വാസത്തിനാണ് അത്ഭുതങ്ങൾ കാണുവാൻ കഴിവുള്ളതെന്നു നിർവ്വചിക്കുക."

തോമസ് കസേരയിൽ ഇരുന്നു വിയർക്കുവാൻതുടങ്ങി. അഭ്യസ്തവിദ്യനായ പോൾ ഗാലൻറിന്റെ വാക്കുകളെ അവിശ്വസിക്കുവാൻ അയാൾക്കു കഴിഞ്ഞില്ല. ലൂർദ്ദിനെപ്പററി ഇങ്ങനെ ഒരു വിവരണം ആദ്യമായിട്ടാണ് അയാൾ കേൾക്കുന്നത്. ലൂർദ്ദിനെ ചുററി ഏതോ ഒരു മഹാരഹസ്യം കിടപ്പുണ്ടെന്നു തോമസിനു ബോദ്ധ്യമായി. രണ്ടു പ്രശസ്തവ്യക്തികളുടെ മുമ്പിൽ അബദ്ധങ്ങൾ പുലമ്പരുതെന്നു കരുതി അയാൾ മൗനം അവലംബിച്ചുകളഞ്ഞു. ആരും സംസാരിക്കുന്നില്ലെന്നു കണ്ടപ്പോൾ ഔർസ്ലർ ചോദിച്ചു: "ലൂർദ്ദിൽ വലിയ പ്രതീക്ഷയോടെപോയ അങ്ങേക്ക് ഇപ്പോൾ പ്രാർത്ഥനയിലുള്ള വിശ്വാസം എങ്ങനെ? അതു ശിഥിലമായി കാണുമെന്നാണ് എന്റെ ഊഹം."

ഗാലൻറു ഒന്നു പുഞ്ചിരിച്ചു; എന്നിട്ടു പറയുകയാണ്: "അങ്ങയുടെ ഊഹം തെററിപ്പോയി. പ്രാർത്ഥനയിലുള്ള എന്റെ വിശ്വാസം എത്രമടങ്ങു വർദ്ധിച്ചിട്ടുണ്ടെന്നു എനിക്കുതന്നെ ഇപ്പോൾ നിശ്ചയമില്ല. ഞാൻ ലൂർദ്ദിൽവച്ചു പ്രാർത്ഥിച്ചതു്: കർത്താവേ, അങ്ങേക്കു മനസ്സുണ്ടെങ്കിൽ എന്നെ സുഖപ്പെടുത്തേണമെ എന്നാണ്. സുഖം പ്രാപിക്കുമെന്നായിരുന്നു ഞങ്ങളുടെ എല്ലാവരുടേയും പ്രതീക്ഷ. പക്ഷെ ദൈവം മറിച്ചു തിരുമനസ്സായി. ലൂർദ്ദിൽനിന്നു തിരിച്ചുവന്നതിനുശേഷം ഹൃദയാനന്ദം തന്നെ ഞാൻ അനുഭവിക്കുന്നു. ദൈവതിരുമനസ്സിനു ഞാൻ കീഴ്‌വഴങ്ങുന്നു എന്ന ബോദ്ധ്യമാണ് എന്നെ സംതൃപ്തനാക്കുന്നതു്.

"എന്നാൽ ഒരുകാര്യം എന്നെ ആകുലചിത്തനാക്കി. എന്റെ കുട്ടിക്കു നാലുവയസ്സേ പ്രായമുള്ളു. എന്റെ അമ്മയ്ക്കു വയസ്സു അറുപതുകഴിഞ്ഞു. അവൾക്കു പുറത്തുപോയി ഒരു ജോലിയും ചെയ്യുവാൻ നിവൃത്തിയില്ല. റോസലിൻറു് എപ്പോഴും എന്റെ അടുക്കൽതന്നെ വേണം. എന്നെ അങ്ങോട്ടോ ഇങ്ങോട്ടോ തിരിച്ചുകിടത്തുന്നതു് അവളാണ്. പിന്നെ വീടു കാക്കുന്ന ഒരു പട്ടി. ഇവരെല്ലാം നിത്യവൃത്തി കഴിഞ്ഞുപോകുന്നതെങ്ങനെ? ഈ ചോദ്യം ലൂർദ്ദിലെ കന്യകയോടുതന്നെ പല ദിവസം ഞാൻ ആവർത്തിച്ചു. ഒരു ദിവസം എനിക്കുറക്കം വന്നില്ല. അന്നു് എന്റെ ചെവിയിൽ ആരോ മന്ത്രിക്കുന്നതുപോലെ തോന്നി: മി. പോൾ ഗാലൻറു് താങ്കൾക്കു് എന്തുകൊണ്ടൊരു ഗ്രന്ഥം രചിച്ചുകൂടാ?

"അതൊരു വെളിപാടായിരുന്നു. എന്നാൽ ഗ്രന്ഥരചനയെപ്പററി ഉണർന്നുകഴിഞ്ഞു ഓർത്തപ്പോൾ എനിക്കു ഭയമായി. ഞാൻ ഒരു ലേഖനംപോലും എഴുതിയിട്ടില്ല. പിന്നെ ഒരു പുസ്തകം ഉണ്ടാക്കി പണം സമ്പാദിക്കുന്നതെങ്ങനെ? പിന്നേയും എന്റെ അന്തരാത്മാവിൽ ഒരു സ്വരം: ഒന്നു ശ്രമിച്ചുനോക്കൂ, ഗാലൻറു്. പേനാ പിടിക്കുവാൻ എന്റെ കൈവിരലുകൾ മടങ്ങുകയില്ല. എന്റെ അടുക്കൽ എപ്പോഴും മുഷിഞ്ഞിരിക്കുന്ന റോസലിൻറിനു് അതു സാധിക്കും. അവളുടെ കൈയക്ഷരം വളരെ മനോഹരമാണ്. ഒരുദിവസം ഞാൻ ചിന്തിച്ചു. പേനായും കടലാസുമെടുത്തു എഴുതുവാൻ റോസലിൻറിനോടു പറഞ്ഞു. വടിവൊത്ത അക്ഷരത്തിൽ അവൾ എഴുതി ഞാൻ പറഞ്ഞുകൊടുത്തതെല്ലാം. രണ്ടുമൂന്നുമാസംകൊണ്ടു് ഒരു വലിയ ഗ്രന്ഥം തീർന്നു. "ഒരു രോഗിക്കുണ്ടായ കാഴ്ച" എന്നാണ് ഞാൻ ആ ഗ്രന്ഥത്തിനു പേരു നൽകിയതു്.


"ഇനി ആ പുസ്തകം എങ്ങനെ അച്ചടിയിലാക്കും? പ്രസാധകന്മാരെ ആരെയും എനിക്കു പരിചയമില്ല. റോസലിൻറുതന്നെ ആ ചുമതല വഹിച്ചു. അവൾ ബസ്സ്കയറി നേരെ പാരീസ്പട്ടണത്തിലേക്കുപോയി. അവിടെ സിലോ (Siloe) എന്ന പേരുകണ്ട അച്ചടിശാലയിൽ അവൾ കടന്നു് എന്റെ ഗ്രന്ഥം അതിന്റെ മാനേജരെ ഏല്പിച്ചു. അദ്ദേഹം അതു വായിച്ചുനോക്കി. ഭേഷായിരിക്കുന്നു എന്നാണഭിപ്രായപ്പെട്ടതു്. അടുത്തമാസത്തിൽ അദ്ദേഹം അതു പുറത്തിറക്കും. ഫ്റങ്കോയിസ് മൗറിയാക്കു് (Francois Mauriac) ആണ് അതിനു അവതാരിക എഴുതുന്നതു്. മുമ്പേറായി ആയിരംഫ്റാങ്കിന്റെ ഒരു ചെക്കും ഞങ്ങൾക്കു കിട്ടി. ദൈവത്തിന്റെ അനുഗ്രഹം.

"ഞാൻ മറെറാരു പുസ്തകംകൂടി ഉടനെ തയാറാക്കുവാൻ പോകയാണ്. ഇതിനിടയിൽ മറെറാരു ജോലി ഞാൻ നിർവ്വഹിക്കുന്നു. ക്ലാസ്സിൽ മോശമായ കുട്ടികൾക്കു ഒരു ട്യൂഷൻ. എന്റെ രോഗം പകരുന്നതാണെന്നു ഭയപ്പെട്ടു് ആദ്യമാദ്യം കുഞ്ഞുങ്ങളെ എന്റെ അടുക്കൽ അയക്കാൻ മാതാപിതാക്കന്മാർക്കു ഭയമായിരുന്നു. ആശങ്ക ഒഴിച്ചുവയ്ക്കുവാൻ ചില ഡോക്ടറന്മാർതന്നെ അവരുടെ കുട്ടികളെ എന്റെ അടുക്കൽ അയക്കുവാൻ തുടങ്ങി. അങ്ങനെ സാധാരണക്കാരുടെ തെററിദ്ധാരണ നീങ്ങിയപ്പോൾ അനേകം കുട്ടികളെ എനിക്കു ലഭിച്ചു. ഇപ്പോൾ ഒരു വലിയ ക്ലാസ്സിനുള്ള കുട്ടികളുണ്ടു്. ട്യൂഷൻവകയിൽ എനിക്കു പണം ധാരാളം കിട്ടുന്നു. ഇവിടെ കിടന്നുകൊണ്ടു് ചെയ്യാവുന്ന മററു പല ജോലികളും ഞാൻ ചെയ്യുന്നുണ്ടു്. ഞങ്ങളുടെ പഞ്ഞം തീർന്നു. ഇതിൽക്കൂടുതൽ എന്താണു എനിക്കു വേണ്ടതു്?"

തോമസും ഔർസ്ലറും വളരെ അത്ഭുതപ്പെട്ടു. ദൈവത്തിന്റെ വഴികൾ എത്ര നിഗൂഢങ്ങളാണെന്നു ഏവരേയും പഠിപ്പിക്കുന്ന ഒരു ചരിത്രമാണ് തങ്ങൾ കേട്ടതെന്നു അവർക്കു തോന്നി. ഔർസ്ലർ ചോദിച്ചു: "മി. ഗാലൻറു്, നിങ്ങൾക്കുവേണ്ടി ഞാൻ എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടോ?" ഗാലൻറിന്റെ കണ്ണുകൾ ദീപ്തങ്ങളായി. കൃതജ്ഞത അദ്ദേഹത്തിന്റെ മുഖത്തു സ്ഫുരിച്ചു. "മഹാനായ ഗ്രന്ഥകാരാ, അവിടുത്തെ നന്മനസ്സിനു് എന്റെ ഹൃദയംഗമമായ കൃതജ്ഞത. എനിക്കു് ആവശ്യമുള്ളതെല്ലാം ഇപ്പോൾ എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ അങ്ങു് എനിക്കുവേണ്ടി ബുദ്ധിമുട്ടണമെന്നില്ല."

—ാ—

## Thanksgiving



By .V. A. Antony, Bombay

FIRST ANNIVERSARY OF THE DEATH OF



Mrs. Thresia Peter
Nedumparambil, Thykudam
(Niece of Mr. N. S. Mathai,
B. A., L. T., Alwaye)
and Mr. N. S. Antony,
Muvattupuzha
Died on 19—8—1955

"Merciful Jesus, grant her eternal rest"

R. I. P.


# മരണവും ജീവിതവും

"വികൃതാവികൃതാ ദേഹം ഘ്നന്തി തേ വർത്തയന്തി ച"

വാതപിത്തകഫങ്ങൾ "വികൃതങ്ങളാകുമ്പോൾ (വർദ്ധിക്കയോ ക്ഷയിക്കയോ കോപിക്കയോ ചെയ്യുമ്പോൾ) ദേഹത്തിനു നാശം (മരണം) സംഭവിക്കയും, അവികൃതങ്ങളായിരിക്കുമ്പോൾ (വർദ്ധിക്കയോ ക്ഷയിക്കയോ കോപിക്കയോ ചെയ്യാതിരിക്കുമ്പോൾ) ദേഹം നിലനിൽക്കുകയും (ജീവിതം തുടരുകയും) ചെയ്യുന്നു" എന്നാണ് "മരണജീവിത"ങ്ങളെപ്പററി ആയുർവ്വേദം പറയുന്നതു്.

ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും നാം ദിനംപ്രതി ചെയ്യുന്ന ചെറുതും വലുതുമായിട്ടുള്ള സകലവിധ പ്രവൃത്തികൾക്കും നമ്മുടെ ശരീരശക്തി (ധാതുക്കൾ—ബലം) ചിലവായിക്കൊണ്ടിരിക്കുന്നതുപോലെതന്നെ, ഉറക്കമൊഴിക്കുക, പട്ടിണികിടക്കുക, പുകവലിക്കുക, മുറുക്കുക, ഉഷ്ണം രൂക്ഷം ലഘു എന്നീ ഗുണങ്ങളുള്ള ദ്രവ്യങ്ങളെ അമിതമായി ഉപയോഗിക്കുക എന്നിങ്ങനെയുള്ളവകൾകൊണ്ടും ശരീരത്തിലുള്ള സൌമ്യാംശം ക്ഷയിക്കുന്നുണ്ടു്. ഇങ്ങിനെ വിവിധ കാരണങ്ങൾകൊണ്ടു് ദേഹത്തിൽനിന്നു് നാനാപ്രകാരേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളെ ആവശ്യാനുസരണം ദിനംപ്രതി സംഭരിക്കായ്ക നിമിത്തമാണ് വാതപിത്തങ്ങളുടെ (വായുവിൻേറയും ചൂടിൻേറയും) ആധിക്യംനിമിത്തം (സൌമ്യാംശത്തിന്റെ ക്ഷയം നിമിത്തം) ഉത്ഭവിക്കുന്നവകളായ മലബന്ധം, അർശ്ശസ്സ്, ഗ്യാസ്ട്രബ്ൾ, നീർവീഴ്ച, ചുമ മുതലായ രോഗങ്ങൾ പിടിപെടുന്നതു്.

ചുമ, ക്ഷയം മുതലായ രോഗങ്ങളുടെ ഉത്ഭവം ഇപ്രകാരമാണെന്നുള്ള വസ്തുത മനസ്സിലാക്കാത്തതുകൊണ്ടാണ്, രോഗശമനാർത്ഥം ചികിത്സകന്മാർക്കും ഔഷധവ്യാപാരികൾക്കും പണം കൊടുത്തുകൊടുത്തു് ദാരിദ്ര്യകൂപത്തിൽ നിപതിക്കുന്നതിനും, നാനാവിധത്തിലുള്ള പീഡകളോടെ രാപകൽ കഴിച്ചുകൂട്ടുന്നതിനും, ഒടുവിൽ ബന്ധുമിത്രാദികളെ ദുഃഖസാഗരത്തിൽ തള്ളിവിട്ടുകൊണ്ടു് ലോകത്തോടു യാത്ര പറയുന്നതിനും മററും ഇടവന്നുകൊണ്ടിരിക്കുന്നതു്.

ഇപ്രകാരമുള്ള സംഭവങ്ങൾക്കിടവരാതിരിക്കണമെങ്കിൽ—ത്രിദോഷങ്ങൾ വികൃതങ്ങളാകാതിരിക്കണമെങ്കിൽ—ആരോഗ്യത്തോടുകൂടിയ ജീവിതം തുടരണമെങ്കിൽ—നിമിഷംപ്രതി നമ്മുടെ ശരീരത്തിൽനിന്നു് നാനാപ്രകാരേണ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ശക്തിയെ—ധാതുക്കളെ—ഓജസ്സിനെ—"വിശ്രമം", "നിദ്ര", "സ്നാനം", "സൌമ്യഗുണങ്ങളെ വർദ്ധിപ്പിക്കുന്ന അന്നപാനാദികൾ" എന്നീ നാലു മാർഗ്ഗങ്ങളിൽക്കൂടി ദിനംപ്രതി സംഭരിക്കുകയാണ് ചെയ്യേണ്ടതു്.

അതായതു്, അവരവർ ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്വാനങ്ങൾക്കും, അവരവരുടെ ദേഹപ്രകൃതിക്കുമനുസരിച്ചു് ദിനംപ്രതി വേണ്ടത്ര സമയംവീതം വിശ്രമിക്കയും, ഓജഃക്ഷയം, ശുക്ലക്ഷയം, (ധാതുക്ഷയം), ഉറക്കക്കുറവു്, ക്ഷയം മുതലായ അനേകവിധ രോഗങ്ങളുടെ ഉത്ഭവത്തിനു് മൂലകാരണങ്ങളായി നിലകൊള്ളുന്ന മലബന്ധം, ഗ്യാസ്ട്രബ്ൾ, അർശ്ശസ്സ് (മൂലക്കുരു), ഉഷ്ണാധിക്യം എന്നിവകളെ ശമിപ്പിക്കുന്നതിനു് (ദേഹത്തിൽനിന്നു് ക്ഷയിച്ചുകൊണ്ടിരിക്കുന്ന സ്നിഗ്ദ്ധം, ഗുരു തുടങ്ങിയ സൌമ്യഗുണങ്ങളെ വർദ്ധിപ്പിക്കുന്നതിനു്) കഴിവുള്ള സ്നേഹദ്രവ്യങ്ങളെ ("ദ്രാക്ഷാഘ്റുതം," "ശാരിബാതൈലം") യുക്തിപൂർവ്വം ദിനംപ്രതി സേവിക്കയും, ദേഹമാസകലം തേച്ചു് കുളിക്കുകയും ചെയ്യുന്നതായാൽ,

| | |
|---|---|
| സുഖമായ ശോധന, | സുഖമായ ഉറക്കം, |
| വേണ്ടത്ര വിശപ്പ്, | വേണ്ടത്ര ഉന്മേഷം, |
| നല്ല ഓർമ്മശക്തി, | നല്ല വർണ്ണം, |
| ശാന്തമായ സ്വഭാവം, | കണ്ണുകൾക്കു കുളിർമ്മ |

തുടങ്ങിയ ആരോഗ്യലക്ഷണങ്ങളോടുകൂടി ജീവിതത്തെ ദീർഘിപ്പിക്കുവാൻ സാധിക്കുമെന്നുസാരം.

ആരോഗ്യസംരക്ഷണത്തിനുവേണ്ടി "ദ്രാക്ഷാഘ്റുത"വും "ശാരിബാതൈല"വും പ്രത്യേകപത്ഥ്യമൊന്നും കൂടാതെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നവരുടെ അനുഭവങ്ങൾതന്നെ മേൽപറഞ്ഞതുകൾക്കു പ്രത്യക്ഷദൃഷ്ടാന്തമാണ്.

*N. B.* ദ്രാക്ഷാഘ്റുതം 5/8 റാ: കുപ്പി 4 കയും, ശാരിബാതൈലം 19 ഔ: കുപ്പി 3 കയും വീതമുള്ള വിലയ്ക്കു കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ടു്, കോയമ്പത്തൂർ, പാലക്കാട്ടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകളിൽനിന്നും, മററനേകം സ്ഥലങ്ങളിലുള്ള കാളൻ'സ് ഏജൻസികളിൽനിന്നും കിട്ടുന്നതാണ്. ഈ ഔഷധങ്ങൾ ഓരോന്നും വെവ്വേറെ റജിസ്റ്റേർഡ് പാർസലായി (പോസ്റ്റൽമാർഗ്ഗം) അയയ്ക്കുന്നതിനു് 5ക. വീതവും, രണ്ടു് ഔഷധങ്ങളുംകൂടി പാർസലായി അയയ്ക്കുന്നതി... 9 ക 8 ണയും മുൻകൂറായി താഴെ കാണുന്ന വിലാസത്തിൽ അയച്ചാൽ മതിയാവുന്നതാണ്. കാളൻ, നെല്ലായി, സൌത്തു് ഇന്ത്യ.

## ഇടവകവാർത്തകൾ

**പുല്ലൂർ:** സ്ഥലം കൊവേന്തപ്പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ ഒന്നാം വാർഷികസമ്മേളനം പ്രൊവിൻഷ്യൽ, വെരി റവ ഫാദർ ക്ലമൻറു സി ഡിയുടെ അദ്ധ്യക്ഷതയിൽ കൂടി. വെരി റവ ഫാദർ ലാസർ സി ഡി ബി എ എൽ ടി സ്വാഗതം ആശംസിച്ചു. ശ്രീ ഏ സി റപ്പായി പ്രസംഗിച്ചു. മദ്ധ്യപ്രദേശഗവമ്മേണ്ടിൻെറ നിയോഗികമ്മിററി റിപ്പോർട്ടിനെ പ്രതിഷേധിച്ചുള്ള പ്രമേയം പാസാക്കുകയുണ്ടായി. യോഗാനന്തരം മരിയസഖ്യാംഗങ്ങൾ "കള്ളസന്യാസി" എന്ന പ്രഹസനം അഭിനയിച്ചു.

**മൈലപ്രാ:** മൈലപ്രാ കത്തോലിക്കാപള്ളി വികാരി വെരി റവ ഫാദർ ഏ ജി എബ്രഹാമിൻെറ സീമന്തപുത്രൻ മി ടി ഏ അബ്രാഹം ബി എസ്സി ഉപരിപഠനാർത്ഥം അമേരിക്കയിൽ ബോസ്റ്റൻ കോളജിൽ ചേരുന്നതിനു ആഗസ്റ്റ് 13-ാം തീയതി കൊച്ചിയിൽനിന്നും, കപ്പൽ കയറിയിരിക്കുന്നു. മി എബ്രഹാം മാർ ഈവാനിയോസ് കോളെജിൽനിന്നു ഇൻറർമീഡിയററിനും, ത്രിശിനാപ്പള്ളി സെൻറു് ജോസഫ് കോളെജിൽനിന്നും ബി. എസ്സ്സി.ക്കും ക്ലാസ്സെടുത്തു വിജയിച്ചിട്ടുണ്ടു്.

**പെരുമാന്നൂർ:** പെരുമാന്നൂർ സെൻറു് ജോർജ്ജ് പള്ളിയിൽ സ്ഥാപിതമായിട്ടുള്ള മരിയസഖ്യം പുരുഷവിഭാഗത്തിൻേറയും കാത്തലിക്ക് യൂത്ത് ക്ലബ്ബിൻേറയും ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15 സാഘോഷം കൊണ്ടാടുകയുണ്ടായി. വൈകുന്നേരം പള്ളിസ്കൂൾഹാളിൽ കൂടിയ യോഗത്തിൽ റവ ഫാദർ ജോർജ്ജ് തോട്ടകം ആദ്ധ്യക്ഷം വഹിച്ചു. ശ്രീ സി സി തോമസും റവ ഫാദർ ആൻറണി പനയ്ക്കൽ (സെൻറാൽബർട്ട്സ് കോളേജു പ്രൊഫസർ) അവർകളും പ്രസംഗിച്ചു. യോഗസാധാരണമായ ഇതരപരിപാടികളോടുകൂടി സമ്മേളനം പര്യവസാനിച്ചു. ഗായകസംഘം ഇടയ്ക്കിടയ്ക്കു സന്ദർഭോചിതമായ കീർത്തനങ്ങൾ ആലപിച്ചു.

**എളംകുളം:** മാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാളും ഇൻഡ്യയുടെ സ്വാതന്ത്ര്യദിനവാർഷികവും പ്രമാണിച്ചു് ആഗസ്റ്റ് 15-ാംതീയതി എളങ്കുളം വി. കൊച്ചുത്രേസ്യായുടെ പള്ളിയിലെ മരിയൻസൊഡാലിററിയുടെ ആഭിമുഖ്യത്തിൽ, റവ ഫാദർ വർഗ്ഗീസ് പഴേമഠം അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടി. ശ്രീ കെ സി ജോസഫ് ഇൻഡ്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുണ്ടായ നേട്ടങ്ങളെപ്പററിയും ശ്രീമതി കെ കെ അന്നംകുട്ടി മാതാവിൻെറ സ്വർഗ്ഗാരോപണത്തെപ്പററിയും പ്രസംഗിച്ചു. കുട്ടികളുടെ കലാപ്രകടനങ്ങൾ, ഗാനാലാപങ്ങൾ മുതലായവയുമുണ്ടായിരുന്നു. യോഗാനന്തരം

## വിദേശവാർത്തകൾ

വിശുദ്ധ ഇഗ്നേഷ്യസിൻെറ ചരമചതുർശതാബ്ദപൂർത്തി പ്രമാണിച്ചു് ബ്രിട്ടീഷ് ബ്രോഡ്കാ

കുട്ടികൾക്കു കാപ്പിസല്ക്കാരം നൽകപ്പെട്ടു.

## ചരമവാർത്തകൾ

**മഞ്ഞുമ്മൽ:** മഞ്ഞുമ്മൽ (ലത്തീൻ) കർമ്മലീത്താ ആശ്രമത്തിൻെറ പ്രിയോർ, പ്രിയോർ ജനറൽ, കൗൺസിലർ എന്നീ നിലകളിൽ പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുള്ള റവ ഫാദർ ജോസഫ് റോക്കി ഒ സി ഡി എം നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, കോഴിക്കോടു കൊച്ചി രൂപതകളിലെ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും അനേകം വൈദികരുടെയും കന്യാസ്ത്രീകളുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും നടത്തപ്പെട്ടു. ശവസംസ്കാരത്തിനു മുൻപു് എറണാകുളം അഡ്മിനിസ്ട്രേറർ അപ്പസ്തോലിക്ക തിരുമനസ്സുകൊണ്ടു മഞ്ഞുമ്മൽ ആശ്രമദേവാലയത്തിലെഴുന്നെള്ളി പരേതനുവേണ്ടി ഒപ്പീസു നടത്തുകയുണ്ടായി.

**കുമ്പളങ്ങി:** സ്ഥലത്തെ ഒരു പത്രപ്രവർത്തകനും പൊതുകാര്യപ്രസക്തനുമായിരുന്ന മി എം എസ് ചീക്കു 71-ാമത്തെ വയസ്സിൽ രക്തസമ്മർദ്ദംമൂലം നിര്യാതനായിരിക്കുന്നു. നിരവധി വൈദികരുടെയും നാനാജാതിമതസ്ഥരായ ഒരു വലിയ ജനക്കൂട്ടത്തിൻെറയും സാന്നിദ്ധ്യത്തിൽ ശവസംസ്കാരം നടന്നു.

**അമ്മാടം:** കുരുകുളങ്ങരെ പെല്ലിശ്ശേരി ഔസേപ്പു് അന്തോണി 29-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം കൈക്കൊണ്ടു് ആഗസ്റ്റ് 1-ാംനു- നിര്യാതനായി. മൃതദേഹം പിറേറന്നു ഭക്തസഖ്യാംഗങ്ങൾ ഉൾപ്പെടെ ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിൽ അമ്മാടം പള്ളി സിമത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

**ഭരണങ്ങാനം:** ചങ്ങനാശ്ശേരി രൂപതയുടെ പ്രോവിക്കർ ജനറലും രണ്ടു പ്രാവശ്യമായി പത്തുകൊല്ലം ഭരണങ്ങാനം വികാരിയും ചങ്ങനാശ്ശേരി- പാലാ രൂപതകളിൽ അനേകകൊല്ലം കൗൺസിലറുമായിരുന്ന പ്ലാത്തോട്ടത്തിൽ പെ. ബ. കുരുവിളയച്ചൻ ആഗസ്റ്റ് രണ്ടാംതീയതി കർത്താവിൽ ഭാഗ്യനിദ്ര പ്രാപിച്ചു. പിറേറദിവസം 150-ഓളം അച്ചന്മാരുടെ സഹകരണത്തിലും ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും കബറടക്കം നടത്തപ്പെട്ടു.

**ചേർത്തല:** എറണാകുളം സെൻറു് മേരീസ് കോൺവെൻറു ശ്രേഷ്ഠയായിരുന്ന റവ സിസ്റ്റർ കൊച്ചുത്രേസ്യ നിര്യാതയായിരിക്കുന്നു.

R. I. P.

## കർദ്ദിനാൾ ഗ്രിഫിൻ നിര്യാതനായി



വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ കർദ്ദിനാൾ ബർണാർഡു് ഗ്രിഫിൻ തിരുമേനി ഹൃദയസ്തംഭനംമൂലം 57-ാമത്തെ വയസ്സിൽ ആഗസ്റ്റ് 20-ാംനു- രാവിലെ നിര്യാതനായിരിക്കുന്നു. R. I. P.

സ്റ്റിംഗ് കോർപൊറേഷൻ ഏതാനും പ്രസംഗങ്ങൾ ബ്രോഡ്കാസ്റ്റ് ചെയ്തിരിക്കുന്നു. അതിലൊന്നു പ്രസിദ്ധ പണ്ഡിതനും സാഹിത്യകാരനുമായ ഫാദർ സി. സി. മാർട്ടിൻഡേൽ എസ്സ്. ജെ. യുടേതായിരുന്നു.

—കഴിഞ്ഞ മഹായുദ്ധത്തിനുശേഷം, ജർമ്മനിയിൽ സന്യാസസഭയിൽ ചേരുന്നവരുടെ സംഖ്യ വളരെ വർദ്ധിച്ചിരിക്കുന്നു. പരസ്നേഹപ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവരായി 70,000 കന്യാസ്ത്രീകൾതന്നെ ഉണ്ടു്. ഇവരിൽ 35000 പേർ ആശുപത്രികളിലും ക്ലിനിക്കുകളിലും ജോലിചെയ്യുന്നു.

—ഇക്കഴിഞ്ഞ മേയ്, ജൂൺ, ജൂലൈ ഈ മാസങ്ങളിൽ 549 തീർത്ഥസംഘങ്ങളിലായി 100,000 ത്തിലധികം തീർത്ഥകന്മാർ ലെയോളാ സന്ദർശിച്ചിട്ടുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഒരു തീർത്ഥകസംഘം ഓർത്തഡോക്സ് ശീശ്മക്കാരുടേതായിരുന്നു.

—അമേരിക്കയിലേക്കു കൊണ്ടുവരപ്പെട്ട ഹംഗേറിയൻ അഭയാർത്ഥികളിൽ 283 പേർക്കു മിസ്സസ് റോസു് വാർഗ എന്നൊരു അമേരിക്കൻ വിധവ താമസസ്ഥലവും ജോലിയും നൽകിയതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

—ഒരു കോടീശ്വരനും പരോപകാരപ്രവർത്തകനുമായിരുന്ന സർ റോബർട്ടു ഹോളണ്ടു്, 93-ാമത്തെ വയസ്സിൽ ഈയിടെ ഹോങ്കോങ്ങിൽവെച്ചു നിര്യാതനായി. ഒരു ബുദ്ധമതാനുസാരിയായിരുന്ന അദ്ദേഹം മരണത്തിനു മുൻപു കത്തോലിക്കസഭയിലേക്കു മാനസാന്തരപ്പെടുകയുണ്ടായി.

—ഇററാലിയൻ പോപ്പുലർ പാർട്ടിയുടെ സ്ഥാപകനായ മോൺ: ലൂയിജി സ്റ്റുർസോ—ഗ്രസേപ്പു് മാൻ സീനി 90-ാമത്തെ വയസ്സിൽ ഈയിടെ നിര്യാതനായിരിക്കുന്നു. മതപരമായ കലകളെപ്പററിയുള്ള പോണ്ടിഫിക്കൽ കമ്മീഷനിലെ ഒരംഗമായി അദ്ദേഹം ജോലിനോക്കിയിട്ടുണ്ടു്.

—ഗ്രീസും വത്തിക്കാനും തമ്മിൽ നയതന്ത്രബന്ധമേർപ്പെടുത്തുന്നതിനെ ഗ്രീസിലെ ഗ്രീക്ക ഓർത്തഡോക്സ് ശീശ്മസഭക്കാർ എതിർത്തിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

ലോകസഭാസമ്മേളനം സെപ്തംബർ 13-ാംതീയതിവരെ നീട്ടിയിരിക്കുന്നു.

—കേന്ദ്രആഭ്യന്തരവകുപ്പു അണ്ടർ സിക്രട്ടറി മി. ജെ. സി. ഘോസാൽ ലോകസഭയിൽ മൂർച്ഛിച്ചുവീഴുകയും, ആസ്പത്രിയിലേക്കു കൊണ്ടുപോകുന്നവഴി മൃതിയടയുകയുംചെയ്തിരിക്കുന്നു.

—പാററ്നാ രൂപതയിൽനിന്നും ഏതാനും പ്രദേശങ്ങൾ കൂട്ടിച്ചേർത്തു ഭഗൽപ്പൂർ അപ്പസ്തോലിക് പ്രിഫക്ചർ എന്ന പേരിൽ ഒരു പുതിയ പ്രിഫക്ച്ചർ രൂപവത്കരിക്കുകയും, അതിൻെറ പ്രഥമ അപ്പസ്തോലിക് പ്രിഫക്ച്ചറായി വിശുദ്ധ ഫ്രാൻസിസിൻെറ മൂന്നാംസഭയിൽപെട്ട ഫാദർ ആർബൻ മക്ഗറിയെ നിയമിക്കുകയും ചെയ്തിരിക്കുന്നു.

—അളവുകളിലും തൂക്കങ്ങളിലും മെട്രിക്കുസമ്പ്രദായം നടപ്പാക്കുന്നതിനുള്ള ബിൽ പാർലമെൻറിൽ വ്യവസായമന്ത്രി അവതരിപ്പിച്ചിരിക്കുന്നു.

—മി. ഹനുമന്തയ്യായുടെ നേതൃത്വത്തിലുള്ള മൈസൂർ മന്ത്രിസഭ രാജിവെച്ചിരിക്കുന്നു. അടുത്ത നവംബർ 1-ാംനു-വരെ, കോൺഗ്രസ്പാർട്ടി ലീഡറായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മി. മാഞ്ചെപ്പ ഒരു പുതിയ മന്ത്രിസഭ രൂപവത്കരിക്കുന്നതാണു്.

—സേലം ഡിസ്ത്രിക്ടിൽപെട്ട മേട്ടൂറിൽ 10000 ടൺ അലൂമിനിയം ഉല്പാദിപ്പിക്കുവാൻ കഴിവുള്ള ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനു ഇൻഡ്യാഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു.

—കൊച്ചി, ബോപ്പാൽ, ഭുവനേശ്വർ എന്നിവിടങ്ങളിൽ ഓരോ സ്ഥിരം ടൂറിസ്റ്റ് ബ്യൂറോകൾ 1957 ഏപ്രിലിൽ പ്രവർത്തനമാരംഭിക്കുന്നതാണു്.

—തിരുക്കൊച്ചിയെ സംബന്ധിച്ച നിയമനിർമ്മാണനടപടികളെപ്പററി ആലോചിക്കുവാൻ തിരുക്കൊച്ചി കൺസൾട്ടേററീവുകമ്മിററിയുടെ രണ്ടാമതുയോഗം ആഗസ്റ്റ് 25-ാംതീയതി ആഭ്യന്തരമന്ത്രി മി. പാന്തിൻെറ അദ്ധ്യക്ഷതയിൽ കൂടുന്നതാണു്.

—കച്ചിലെ ഭൂകമ്പദുരിതവിധേയപ്രദേശങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്ന പ്രധാനമന്ത്രി നെഹ്രുവിനു് ഒരു ജീപ്പപകടംമൂലം ചില്ലറ പരുക്കുകൾ പററിയിരിക്കുന്നു.

—നിയോഗികമ്മിററിയുടെ റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും എടുക്കരുതെന്നു ഡൽഹിയിൽ സമ്മേളിച്ച ക്രിസ്ത്യൻ നേതൃസമ്മേളനം പ്രധാനമന്ത്രിയോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

— സ്വാതന്ത്ര്യദിനമാഘോഷിക്കുവാൻ മദ്രാസിൽ എത്തിയിരുന്ന രാഷ്ട്രപതി ഡോക്ടർ രാജേന്ദ്രപ്രസാദ് ഡൽഹിക്കു തിരിച്ചുപോയിരിക്കുന്നു.

—അമേരിക്കൻ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് മി. എൾ വാറൻ 17 ദിവസത്തെ ഇന്ത്യൻ പര്യടനത്തിനായി ഇന്ത്യയിൽ എത്തിയിരിക്കുന്നു.

—ഭക്ഷ്യക്ഷാമമുള്ള കിഴക്കൻ പാക്കിസ്ഥാനിൽ വിതരണം ചെയ്യുന്നതിനായി ഇന്ത്യാ 5000 ടൺ അരി സംഭാവന നൽകിയിരിക്കുന്നു. ഇതിനുപുറമേ 15000 ടൺ അരിയും, 50,000 മന്നു വിത്തും ലോണായി കൊടുത്തിട്ടുമുണ്ടു്.

## തിരുക്കൊച്ചിവാർത്തകൾ

—പബ്ളിക്കു സ്കൂളുകളിൽ ഇൻഡ്യാഗവർമെൻറിൻെറ മെറിററു് സ്കോളർഷിപ്പിനു അർഹരായവരെ തിരഞ്ഞെടുക്കുന്നതിനു വിദ്യാഭ്യാസഡയറക്ടർ അദ്ധ്യക്ഷനായി ഒരു കമ്മിററിയെ നിയമിച്ചിരിക്കുന്നു.

—തിരുക്കൊച്ചി ബാങ്കിങ്ങു് എൻക്വയറി കമ്മീഷൻ അവരുടെ റിപ്പോർട്ടു കേന്ദ്രഗവമ്മെൻറിനു സമർപ്പിച്ചിരിക്കുന്നു.

—തൃശ്ശൂർ കാത്തലിക് സിറിയൻ ബാങ്കിൽനിന്നും പതിവുപോലെ ഇക്കൊല്ലവും സാധുക്കൾക്കു അരി വിതരണം നടത്തിയിരിക്കുന്നു. 1500ഓളം പേർക്കു അരി ലഭിക്കുകയുണ്ടായി.

—ലേബർ കമ്മീഷണർ ചെയർമനായി ഒരു കയർ ഇൻഡസ്ട്രിയൽ കൗൺസിൽ ഗവമ്മെൻറു രൂപവത്കരിച്ചിരിക്കുന്നു.

—ഇക്കൊല്ലത്തെ സന്തോഷ്ട്രോഫി ടൂർണ്ണമെൻറു തിരുവനന്തപുരത്തുവച്ചു രാജപ്രമുഖൻ ഉൽഘാടനം ചെയ്തിരിക്കുന്നു.

—സംസ്ഥാനത്തെ സാങ്കേതികവിദ്യാഭ്യാസം ഏകീകരിക്കുന്നതിലേക്കു 500-800ക. ഗ്രേഡിൽ ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ സ്പെഷൽ ഓഫീസറെ ഗവമ്മെൻറു നിയമിച്ചിരിക്കുന്നു.


—തൊഴിൽരഹിതരായ അഭ്യസ്തവിദ്യരുടെ എണ്ണം നിശ്ചയിക്കുന്നതിനു ഗവമ്മെൻറു ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു. ഹെഡ്മാസ്റ്റർമാരുടെ പക്കൽ ഏല്പിച്ചിരിക്കുന്ന കാർഡുകൾ തൊഴിൽരഹിതർ വാങ്ങി പൂരിപ്പിച്ച എംപ്ലോയിമെൻറു എക്സ്ചേഞ്ചു സിക്രട്ടറിയെ ഏല്പിക്കുകയെന്നതാണതു്.

—മലയാളഭാഷയുടെയും സാഹിത്യത്തിൻെറയുംപുരോഗതിക്കായി 30അംഗങ്ങളടങ്ങിയ ഒരു കേരള സാഹിത്യ അക്കാഡമി തിരുക്കൊച്ചി ഗവ: രൂപവത്കരിച്ചിരിക്കുന്നു. മി കെ എം പണിക്കർ ഇതിൻെറ അദ്ധ്യക്ഷനായിരിക്കും.

—എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന അസംപ്ഷൻ ക്യൂരിയായുടെ ആഭിമുഖ്യത്തിൽ, ക്യൂരിയായുടെ കീഴിലുള്ള ലീജിയൻ അംഗങ്ങളുടെ ഒരു സ്റ്റഡിക്ലാസ് നടത്തപ്പെട്ടിരിക്കുന്നു. 150ഓളം പേർ ഇതിൽ സംബന്ധിച്ചിരുന്നു.

—ആഗസ്റ്റ് 15 മുതൽ സംസ്ഥാനത്തെ എല്ലാ ഗസററഡ് ഓഫീസർമാർക്കും അവരുടെ കുടുംബത്തിനും സൗജന്യവൈദ്യസഹായം ലഭിക്കുന്നതാണു്.

—കൊല്ലത്തെ സിവിൽ ലൈനിൻെറ ശിലാസ്ഥാപനകർമ്മം അഡ്വൈസർ മി പി എസ്സ് റാവു നിർവ്വഹിച്ചിരിക്കുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 AUGUST 22. || No. 2.


## ഇന്ത്യയിലെ മിഷ്യനറിപ്രവർത്തനം

ഇന്ത്യയിൽ ക്രിസ്ത്യൻമിഷനറിപ്രവർത്തനങ്ങളെപ്പററി നിരവധി ആരോപണങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. അവയോരോന്നും തെററിദ്ധാരണകളുടേയോ വർഗ്ഗീയാന്ധതയുടേയോ ഫലമായി സംജാതമാകുന്ന അടിസ്ഥാനരഹിതമായ വെറും ഭാവനകളാണെന്ന് സുബുദ്ധിയുള്ളവർക്ക മനസ്സിലാക്കത്തക്കവണ്ണം വേണ്ട വിശദീകരണങ്ങൾ അതതവസരങ്ങളിൽ നൽകപ്പെടുകയും ചെയ്യുന്നുണ്ട്. എങ്കിലും ക്രിസ്ത്യാനികൾക്കെതിരായി വിദ്വേഷം ജനിപ്പിക്കുന്നതിനും തെററിദ്ധാരണകൾ പ്രചരിപ്പിക്കുന്നതിനും പൊതുജനാഭിപ്രായത്തെ അവർക്കെതിരായി തിരിച്ചുവിടുന്നതിനുമുള്ള എളുപ്പമാർഗ്ഗം ഈ പല്ലവി ഏററുപാടുകയാണെന്നു എതിരാളികൾ മനസ്സിലാക്കിവച്ചിട്ടുണ്ട്. അതവർ കണക്കിനു പ്രയോഗിച്ചു മുതലെടുക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരമുള്ള ഒരു സാഹസികവും ദുരുദ്ദേശപൂരിതവുമായ യത്നമാണ് ഈയിടെ മദ്ധ്യപ്രദേശ് ഗവമ്മെൻറു നിയോഗിച്ച നിയോഗിക്കമ്മിററി ചെയ്തിട്ടുള്ളതെന്നു ഇപ്പോൾ പുറത്തുവിട്ടിരിക്കുന്ന അവരുടെ റിപ്പോർട്ടു വിശദമായി തെളിയിക്കുന്നുണ്ട്. ഭാരതമാകെ അതേപ്പററിയുള്ള അഭിപ്രായപ്രകടനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. വർഗ്ഗീയവിദ്വേഷവിഷകലുഷിതമായ ചില പത്രങ്ങളും ചില വ്യക്തികളുമൊഴിച്ചു വിശാലവീക്ഷണവും ഇതരമതസഹിഷ്ണതയുമുള്ള എല്ലാവരും കമ്മററിറിപ്പോർട്ടിനെ നിശിതമായി വിമർശിക്കുകയും കഠിനമായി ആക്ഷേപിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. റിപ്പോർട്ടിന്റെ സമഗ്രമായ ഒരു വിമർശനത്തിനു ഇവിടെ ഞങ്ങൾ ഉദ്യമിക്കുന്നില്ല. അതിന്റെ പൊതുവായ സ്വഭാവം റിപ്പോർട്ടു പ്രസിദ്ധീകരിച്ച ഉടനെതന്നെ ഞങ്ങൾ വിശദമാക്കിയിരുന്നു. റിപ്പോർട്ടിൽ ഉടനീളം ആവേശപൂർവ്വം നിശിതവിമർശനവിഷയമാക്കിയിട്ടുള്ളതും അതിനെ ആപാദചൂഡം കരിതേച്ചുകാണിക്കുവാൻ കരുതിക്കൂട്ടി സാഹസപ്പെട്ടിട്ടുള്ളതുമായ ക്രിസ്ത്യൻമിഷനറിപ്രവർത്തനത്തിന്റെ യഥാർത്ഥസ്വഭാവത്തെപ്പററി അല്പം പരാമർശിക്കുകമാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നതു്.

എന്താണ് മിഷനറിപ്രവർത്തനം? റിപ്പോർട്ടു നിർലജ്ജം പ്രസ്താവിക്കുന്നതുപോലെ അതു വിദേശാധിപത്യം ഇവിടെ പ്രതിഷ്ഠിക്കുന്നതിനുള്ള അഞ്ചാംപത്തിപ്രവർത്തനമാണോ? രാജ്യത്തോടു കൂറില്ലാത്ത ഒരു വിഭാഗത്തിന്റെ രാജ്യദ്രോഹപരമായ ഗൂഢാലോചനയാണോ? അങ്ങനെയാണെങ്കിൽ അതിനെ തകർത്തിട്ടേ രാജ്യഭക്തിയുള്ള ഭാരതീയർ അടങ്ങാവൂ! ശാന്തം, പാപം! ക്രിസ്തു ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്നിട്ടില്ല. ക്രിസ്തുമതം ഒരു രാഷ്ട്രീയപാർട്ടിയോ രാജ്യശക്തിയോ അല്ല. മാനവവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരമെടുത്ത ദൈവമാണു് ക്രിസ്തുവെന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. അവിടുന്നു അവിടുത്തെ രക്ഷാദായകമായ ദൗത്യം ലോകത്തിൽ ഉദീരണംചെയ്തു. ക്രൈസ്തവധർമ്മം ലോകത്തെ പഠിപ്പിച്ചു. രാജ്യമോ ജാതിയോ വിവേചിച്ചുള്ള ഒരു പഠനമായിരുന്നില്ല അതു്. നിങ്ങൾ ലോകമെല്ലാം പോയി എല്ലാ ജാതികളോടും എന്റെ സുവിശേഷം അറിയിക്കുക എന്നായിരുന്നു അവിടുത്തെ ശിഷ്യസംഘത്തിനു അവിടുന്നു നൽകിയ ആജ്ഞ. ഈ ദൗത്യമാണ് അദ്യാപി ക്രിസ്തുശിഷ്യന്മാർ നിർവ്വഹിക്കുന്നതു്. ഭാരതത്തിൽ വിശുദ്ധ തോമാ അപ്പസ്തോലൻമുതൽ രണ്ടായിരം കൊല്ലത്തോളം നടന്നുവന്നിട്ടുള്ള മിഷനറിപ്രവർത്തനവും ഇതല്ലാതെ മററൊന്നല്ല. അവർ ക്രിസ്തുധർമ്മം പ്രസംഗിക്കുന്നു. വിശ്വസിക്കുന്നതിനു സന്മനസ്സുള്ളവർക്ക ക്രിസ്തുസഭയിൽ അംഗത്വം നൽകുന്നു. യാതൊരു വിദേശരാഷ്ട്രശക്തിയും അവരുടെ പുറകിൽനിന്നു പ്രവർത്തിക്കുന്നില്ല. യാതൊരു വിദേശാധിപത്യത്തിനുംവേണ്ടി അവർ ഗൂഢാലോചനനടത്തുന്നുമില്ല. ചില പാശ്ചാത്യരാജ്യങ്ങൾ ഒന്നടങ്കം ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ടാകാം. വിദേശമിഷനറിമാർ ക്രിസ്തുധർമ്മം പ്രചരിപ്പിക്കുന്നതിനു ഇവിടേയും പ്രവർത്തിക്കുന്നുണ്ട്. അതിനു രാഷ്ട്രീയമായ ബന്ധമൊന്നുമില്ല. മിഷനറിപ്രവർത്തനത്തിൽ രാഷ്ട്രീയോപജാപങ്ങൾ ആരോപിക്കുന്ന നിയോഗിക്കമ്മററിക്ക അതിനുള്ള ഒരു തെളിവെങ്കിലും കാണിക്കുവാൻ കഴിയുമോയെന്നു ഞങ്ങൾ വെല്ലുവിളിക്കുകയാണ്. ഏതെങ്കിലും മിഷനറി വ്യക്തി അവിവേകമായി രാഷ്ട്രീയോപജാപം നടത്തുന്നതിനു ഉദ്യുക്തനായി കാണുകയാണെങ്കിൽ മതാധികാരികളായിരിക്കും ആ അപഥസഞ്ചരണത്തെ എതിർക്കുന്നതിനു മുൻകൈയെടുത്തു പ്രവർത്തിക്കുക. രാജ്യസ്നേഹമുള്ള ക്രിസ്ത്യൻസമുദായത്തിൽ ഒരു വ്യക്തിപോലും രാജ്യദ്രോഹപരമായ ആ ഉദ്യമത്തെ അനുകൂലിക്കുകയില്ല. ഇങ്ങനെയുള്ള ഒരു വസ്തുതയ്ക്കെതിരായി നിയോഗിക്കമ്മററി അനാവശ്യമായ പ്രശ്നങ്ങളെ വലിച്ചിഴച്ചുകൊണ്ടുവരുന്നതിനും, തങ്ങളോടാവശ്യപ്പെടാത്ത കാര്യങ്ങളിൽ ഔദ്ധത്യപൂർവ്വം ഇടപെടുന്നതിനും, അനധികൃതമായ അബദ്ധപ്രസ്താവനകൾകൊണ്ടു് തങ്ങളുടെ റിപ്പോർട്ടിന്റെ പത്തിരുനൂറു പക്ഷങ്ങൾ നിറച്ച് നാട്ടിൽ തെററിദ്ധാരണകളും വർഗ്ഗീയവിദ്വേഷവികാരങ്ങളും കുത്തിപ്പൊക്കുന്നതിനും എന്തിനു ബദ്ധപ്പെട്ടുവെന്നാണ് എത്ര ആലോചിച്ചിട്ടും ഞങ്ങൾക്ക മനസ്സിലാകാത്തതു്.

വിദേശസഹായംപററി ക്രിസ്തുമതപ്രചാരണം നടത്തുന്നു എന്നുള്ളതാണ് റിപ്പോർട്ടിലെ തത്സംബന്ധമായ മററൊരു പരാതി. ക്രിസ്ത്യൻ മിഷ്യനറിമാർ ഇന്ത്യയിൽ നടത്തുന്ന ജീവകാരുണ്യപരമായ പ്രവർത്തനങ്ങൾക്ക വിദേശത്തുള്ള അവരുടെ ക്രിസ്തീയസഹോദരങ്ങളിൽനിന്നു പല സഹായങ്ങളും കിട്ടുന്നുണ്ട് എന്നുള്ളതു വാസ്തവമാണ്. അതിൽ എന്തു രാഷ്ട്രീയമാണുള്ളതെന്നാണ് മനസ്സിലാകാത്തതു്. സമ്പൽസമൃദ്ധമായ രാജ്യങ്ങളിൽനിന്നു മററുള്ള സ്ഥലങ്ങളിലേക്ക ജീവകാരുണ്യത്തിന്റെ പേരിൽ സഹായങ്ങളയക്കുന്നതു് സഹോദരസ്നേഹത്തിന്റേയും അനുകമ്പയുടേയും പ്രകടനമാണ്. ക്രിസ്തീയസിദ്ധാന്തങ്ങൾ അതിനെ പ്രബോധിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. "നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക" എന്നാണ് ക്രിസ്തു പഠിപ്പിച്ചിട്ടുള്ളതു്. ഈ സ്നേഹത്തിന്റെ പ്രകടനങ്ങളാണ് അനാഥശാലകൾ, അഗതിമന്ദിരങ്ങൾ, ആശുപത്രികൾ, കുഷ്ഠരോഗാലയങ്ങൾ, വിദ്യാലയങ്ങൾ തുടങ്ങി ജാതിമതഭേദമെന്യെ അവശലക്ഷങ്ങളെ പരിശുശ്രൂഷിച്ചുപോരുന്ന ക്രിസ്തീയസ്ഥാപനങ്ങൾ. അവയുടെ നടത്തിപ്പിനു്, സാമ്പത്തികമായി സ്വയംപര്യാപ്തമായിട്ടില്ലാത്ത ഇന്ത്യക്ക ജീവകാരുണ്യത്തിന്റെപേരിൽ വിദേശീയക്രിസ്ത്യാനികൾ സഹായങ്ങൾ നൽകുന്നതോ ഇന്ത്യയിലെ വിദേശീയരോ സ്വദേശീയരോ ആയ ക്രിസ്ത്യൻ മിഷ്യനറിമാർ അവയെ സ്വീകരിക്കുന്നതോ എങ്ങിനെയാണ് കുററമാകുന്നതെന്നു മനസ്സിലാക്കാൻ വിഷമമാണ്. ക്രിസ്ത്യാനികളുടെ ജീവകാരുണ്യപരമായ ഈ പ്രവർത്തനങ്ങൾ ആർക്കെങ്കിലും കണ്ണുകടിക്കു കാരണമാകുന്നെങ്കിൽ അക്കൂട്ടരുടെ മാനവസമുദായസ്നേഹത്തിന്റെ മാററു ഏതുതരത്തിലുള്ളതാണെന്നു വെളിപ്പെടുകമാത്രമാണു ചെയ്യുന്നതു്. അവരുടെ ഹൃദയകാഠിന്യത്തേയും മിഷ്യനറിമാരുടെ ദീനദയാലുത്വത്തേയും അവശലക്ഷങ്ങൾ തുലനംചെയ്യുന്നതിനുള്ള അവസരമുണ്ടാകരുതെന്നും, അവശവിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള മാർഗ്ഗങ്ങളെ അടച്ചുകെട്ടി അവരെ അടിമത്വത്തിൽ നിലനിർത്തി കിരാതമായ ചൂഷണവിദ്യകൾ തുടർന്നുപോകണമെന്നുമാണ് അക്കൂട്ടരുടെ ലക്ഷ്യമെങ്കിൽ അതു പ്രബുദ്ധതയിൽ ഉയർന്നുവരുന്ന ഒരു രാജ്യത്തിൽ ഇനിയും വിലപ്പോകുകയില്ലെന്നു അവർതന്നെ മനസ്സിലാക്കണമെന്നു മാത്രമേ സ്നേഹബുദ്ധ്യാ ഞങ്ങൾക്കവരെ ഉൽബോധിപ്പിക്കാനുള്ളു. ആദർശയോഗ്യമായ ഈദൃശപ്രവർത്തനങ്ങൾ അവശരുടെ കണ്ണു തുറപ്പിക്കുകയും മഹത്തായ അത്തരം ആദർശങ്ങളോടു ഭാരതീയവിഭാഗങ്ങൾക്ക മതിപ്പു വർദ്ധിക്കുകയും ചെയ്യുന്നതു കാണുമ്പോൾ അതിനെതിരായി ഹാലിളക്കുന്നതുകൊണ്ടു പ്രയോജനമൊന്നും കൈവരുവാൻ പോകുന്നില്ല. വിശ്വസാഹോദര്യത്തിന്റേയും സേവനാദർശത്തിന്റേയും മാർഗ്ഗങ്ങൾ ക്രിസ്ത്യാനികൾ തുടർന്നു അവലംബിക്കുന്നതായിരിക്കും. അതിനെ പ്രതിബന്ധിക്കുവാൻ യാതൊരു ശക്തിക്കും സാധിക്കുന്നതല്ല. അതുകൊണ്ടു മിഷ്യനറിപ്രവർത്തനങ്ങൾ ക്രിസ്ത്യാനികൾ തുടർന്നുകൊണ്ടിരിക്കും. മതസ്വാതന്ത്ര്യം ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ള ഭാരതത്തിൽ നിയമാനുസൃതമായിത്തന്നെ അതു പുരോഗമിക്കുകയും ചെയ്യും. നിയോഗിക്കമ്മിററി റിപ്പോർട്ടു ഈദൃശക്രിസ്ത്യൻ പ്രവർത്തനങ്ങളുടെ യഥാർത്ഥസ്വഭാവം ശരിയായി മനസ്സിലാക്കുന്നതിനു പരോക്ഷമായിട്ടെങ്കിലും സഹായകമാകാതിരിക്കുകയില്ല എന്നാണ് ഞങ്ങളുടെ വിശ്വാസം.

### പ്രസ്താവക്കുറിപ്പുകൾ

## ചൈനയിലെ മർദ്ദിതസഭയ്ക്കുവേണ്ടി പ്രാർത്ഥനാസമരം

നമ്മുടെ അയൽരാജ്യമായ ചൈനയിൽ പല കൊല്ലങ്ങളായി കത്തോലിക്കാസഭ അനുഭവിച്ചുപോരുന്ന ദാരുണമായ പീഢനങ്ങളിൽ അവക്കാശ്വാസവും സഭയ്ക്കു സ്വാതന്ത്ര്യവും കൈവരുന്നതിനുവേണ്ടി ലോകവ്യാപകമായ ഒരു പ്രാർത്ഥനാപ്രസ്ഥാനം സമാരംഭിച്ചിരിക്കുകയാണ്. അവിടെ 33 ലക്ഷം കത്തോലിക്കരാണുണ്ടായിരുന്നതു്. കമ്മ്യൂണിസ്റ്റ്മേധാവിത്വത്തിൽ അവർ സഹിച്ചിട്ടുള്ള കഷ്ടനഷ്ടങ്ങൾ വർണ്ണനാതീതമാണ്. കഴിഞ്ഞ നൂറു കൊല്ലങ്ങൾക്കിടയിൽ 3 കത്തോലിക്കാ യൂണിവേഴ്സിററികളും, 169 മിഡിൽസ്കൂളുകളും, 365 അനാഥമന്ദിരങ്ങളും, 216 ആശുപത്രികളും, 866 ഡിസ്പെൻസറികളും, 8 കുഷ്ഠരോഗാശുപത്രികളും കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടു കണ്ടുകെട്ടിയിട്ടുണ്ട്. അവരുടെ ദേവാലയങ്ങളെല്ലാം പിടിച്ചെടുത്തു സിനിമാശാലകളും മീററിംഗ്ഹാളുകളും സംഭരണശാലകളുമായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. സകല വൈദികരേയും മതകർമ്മങ്ങൾ നടത്തുന്നതിനും മതപ്രസംഗം ചെയ്യുന്നതിനും നിരോധിച്ചിരിക്കുന്നു. ശതക്കണക്കിനു വൈദികരേയും സന്യാസിനികളേയും കാരാഗൃഹത്തിലടച്ചിരിക്കുന്നു. വിൻസെൻറു ഡി പോൾ സംഘം, സൊഡാലിററി, ലീജിയൻ, കത്തോലിക്കാപ്രവർത്തനം മുതലായ സംഘടനകളെ നിരോധിക്കുകയും അവയുടെ പ്രവർത്തകരെ തടവിലടയ്ക്കുകയും ചെയ്തിരിക്കുന്നു. 5000 ത്തോളം വിദേശമിഷ്യനറിമാരുണ്ടായിരുന്നതിൽ 30 പേരൊഴിച്ചു ബാക്കി മുഴുവനും നാടുകടത്തപ്പെട്ടുകഴിഞ്ഞു. അവിടത്തെ 45 മെത്രാന്മാരും, 23 പ്രീഫെക്ട് അപ്പസ്തോലിക്കാമാരും 7 അഡ്മിനിസ്ത്രേററർമാരും ചൈനാക്കാരായിരുന്നു എന്നും അനുസ്മരിക്കണം. ഗുരുതരമായ ഈ പീഡനങ്ങൾ സഹിക്കുന്നതിനു കത്തോലിക്കർ ചെയ്യുന്ന അപരാധം അവർ ദൈവത്തിൽ വിശ്വസിക്കുന്നു, കമ്മ്യൂണിസത്തിന്റെ നിർമ്മതപരവും അധാർമ്മികവുമായ പരിപാടികൾക്ക പിന്തുണനൽകുന്നില്ല എന്നതുമാത്രമാണ്. മതവിശ്വാസത്തിനുവേണ്ടിയും ധാർമ്മികമൂല്യങ്ങൾക്കുവേണ്ടിയും മർദ്ദനമനുഭവിക്കുകയും വീരമരണമടയുകയും ചെയ്യുന്ന ചൈനയിലെ ധീരന്മാരായ സഹോദരീസഹോദരങ്ങളെ അനുസ്മരിച്ചു അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതു് ലോകമാസകലമുള്ള കത്തോലിക്കരുടെ കർത്തവ്യമാണ്. ചൈനയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനാസംഘടന (യു. പി. സി.) യ്ക്കു പരിശുദ്ധപിതാവിന്റെ അനുഗ്രഹവും, തിരുസംഘത്തിന്റെ അനുമതിയും ലഭിച്ചിട്ടുള്ളതാണ്. റോമിൽ അതിന്റെ പൊതുകേന്ദ്രവും, ഇന്ത്യയിൽ ബോമ്പെ(4)യിലുള്ള ഗിർഗാമിലെ വിശുദ്ധ ത്രേസ്യായുടെ പള്ളിയിൽ ഒരു ദേശീയശാഖാകേന്ദ്രവും ഉണ്ട്. ഇപ്പോൾ 30 വിവിധരാജ്യങ്ങളിലായി ഈ സംഘടനയിൽ ചേർന്നിട്ടുള്ള അംഗങ്ങളുടെ സംഖ്യ മൂന്നുററിഎൺപതിനായിരത്തിലധികമുണ്ടെന്നു കാണുന്നു. അംഗത്വസമ്പാദനത്തിനുള്ള വ്യവസ്ഥ പ്രതിദിനം സംഘടനയുടെ ഉദ്ദേശ്യങ്ങൾക്കായി ഏതെങ്കിലും ഒരു ജപം ചൊല്ലുകയും ഒരു ത്യാഗകൃത്യം ചെയ്തു കാഴ്ചവയ്ക്കുകയും മാത്രമാണ്. ഈ വ്യവസ്ഥ നിറവേററുന്നതിനു സന്നദ്ധതയുള്ളവർ ബോമ്പെയിലുള്ള ആഫീസിലേക്കെഴുതിയാൽ അവരെ അംഗമായി സ്വീകരിക്കുകയും പ്രത്യേകം തയാറാക്കിയിട്ടുള്ള സംഘടനയുടെ പ്രാർത്ഥന അച്ചടിച്ചിട്ടുള്ള ഒരു പടം സൗജന്യമായി അയച്ചുതരികയും ചെയ്യുന്നതാണ്. ക്രിസ്തുവിന്റെ മൗതികശരീരത്തിൽ അവയവങ്ങളായിരിക്കുന്ന എല്ലാ കത്തോലിക്കരും യു. പി. സി. സംഘടനയിൽ ചേർന്നോ അല്ലാതെയോ ചൈനയിലെ മർദ്ദിതസഭയ്ക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതാണ്.

× × ×

## ചൈതന്യമുള്ള കത്തോലിക്കരാകണം

ജർമ്മനിയിലെ ലിച്ച്ടെൻസ്റ്റെയിൻ പ്രിൻസിപ്പാലിററിയിൽനിന്നു ഈയിടെ റോമിലെത്തിയ ഒരു തീർത്ഥകസംഘത്തെ സ്വീകരിച്ചുകൊണ്ടു് പരിശുദ്ധപിതാവു് ജർമ്മൻഭാഷയിൽ ഉജ്ജ്വലത്തായ ഒരു പ്രഭാഷണം നടത്തി. ലിച്ച്ടെൻസ്റ്റെയിൻ വളരെ ചെറിയ ഒരു ഭൂവിഭാഗമാണ്. ആ രാജ്യവിഭാഗം മുഴുവനും അടങ്ങുന്ന ഒരു ഫോട്ടോ അവർ പരിശുദ്ധപിതാവിനു സമ്മാനിക്കുകയുണ്ടായി. മരിയഭക്തിയിൽ അദ്വിതീയരായ ആ ജനങ്ങൾ മരിയൻജൂബിലിപ്രമാണിച്ചു പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള പ്രത്യേക സ്റ്റാമ്പുകളുടെ ഒരു വിലപിടിച്ച ആൽബവും തിരുമേനിക്കു സമർപ്പിക്കുകയുണ്ടായി. പരിശുദ്ധപിതാവു് അവരോടു ഇപ്രകാരം പ്രസ്താവിച്ചു:- "പരിഷ്കാരത്തിന്റെ ആധുനികയുഗത്തിലും ഉത്തമക്രൈസ്തവരായി ജീവിക്കുവാൻ എല്ലാവർക്കും സാധിക്കും. അതിനത്യാവശ്യം വേണ്ടതു് വിശ്വാസത്തിൽ അചഞ്ചലമായി ഉറച്ചുനില്ക്കുകയും, ദൃഢതയോടുകൂടി അതിനെ പ്രാവർത്തികമാക്കുകയും, കൂദാശാപരമായ ഒരു ജീവിതംവഴി ഈശോമിശിഹായിലേക്കു കൂടുതൽ ആന്തരികമായി അടുക്കുകയുമത്രെ. നമ്മുടെ ഈ പരിഷ്കാരയുഗത്തിലോ, അതുപോലെ മറേറതു പരിഷ്കാരസന്ധിയിലോ ആയാലും കത്തോലിക്കാവിശ്വാസത്തിൽ വിശ്വസ്തമായി കഴിയുന്നതിനു അതിപ്രബലമായ ഒരു സഹായമാർഗ്ഗമുണ്ടു്. ഈ മാർഗ്ഗം നിങ്ങൾക്കു നന്നായറിയാം. അതാണു് നിങ്ങൾ രണ്ടാമതായി എനിക്കു സമ്മാനിച്ചിരിക്കുന്ന മരിയവത്സരസ്റ്റാമ്പുകളുടെ ഈ വിലയേറിയ ശേഖരണം വ്യക്തമാക്കുന്നതു്. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകമറിയത്തോടുള്ള ഭക്തിയാണു് ഈ സഹായമാർഗ്ഗം. ദൈവമാതാവു് എപ്പോഴും നിങ്ങളോടൊന്നിച്ചുണ്ടായിരിക്കുന്നു. വാസ്തവികമായ വിധത്തിൽ അവിടുത്തെ സ്നേഹാശ്ലേഷത്തിൽ എന്നാളും അവിടുന്നു നിങ്ങളെ സംരക്ഷിച്ചുപോന്നിട്ടുണ്ട്. നിങ്ങളുടെ പിതാമഹന്മാരിൽനിന്നു കൈവന്നിട്ടുള്ള ഈ പാവനമായ പാരമ്പര്യത്തെ നിങ്ങൾ സൂക്ഷിച്ചു സംരക്ഷിക്കുക. മറിയത്തോടു വിശ്വസ്തരായിരിക്കുക. എന്നാൽ നിങ്ങളുടെ വിശ്വാസത്തെ സംബന്ധിച്ചോ, യഥാർത്ഥമായ നിങ്ങളുടെ സൗഭാഗ്യത്തെ സംബന്ധിച്ചോ നിങ്ങൾക്കാശങ്കപ്പെടേണ്ട ആവശ്യമില്ല…" കൊയിറായിലെ മെത്രാൻ മോൺസിഞ്ഞോർ കമിനാഡാ തിരുമനസ്സുകൊണ്ടു നയിച്ചിരുന്നതും പ്രധാനമന്ത്രി അവർകൾ ഉൾപ്പെട്ടിരുന്നതുമായ ഒരു തീർത്ഥകസംഘമായിരുന്നു അതു്. ജർമ്മനിയുമായി പരിശുദ്ധപിതാവിനുള്ള പ്രത്യേകതരമായ ബന്ധവും അവിടത്തെ സാഹചര്യങ്ങളും സ്ഥിതിഗതികളുമായി തിരുമേനിക്കു നേരിട്ടുള്ള പരിചയങ്ങളും സ്മരണീയങ്ങളാണല്ലോ. വിവിധങ്ങളായ പരീക്ഷണഘട്ടങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അവർക്കു ആധുനികപ്രശ്നങ്ങളെ നേരിടുന്നതിനു തിരുമനസ്സിലെ ഉൽബോധനം അതിശക്തിമത്തായ ഒരാന്തരികപ്രചോദനമാകാതിരിക്കുകയില്ല. ആധുനികലോകത്തിനു പൊതുവേയും അതു വിലതീരാത്ത ഒരുൽബോധനമാണ്.

—o—

വിമർശനപംക്തി

# ചില രോഗശാന്തികൾ

9. മിസ്സസ് റൂത്ത് ക്രാൻസ്റ്റൺ എഴുതുന്നു: "ഒരു വർഷക്കാലത്തിലധികം ദീർഘിച്ച ഈ തീർത്ഥസങ്കേതത്തെപ്പറ്റിയുള്ള എന്റെ പഠനത്തിനിടയിൽ, ലൂർദ്ദിൽ രോഗശാന്തി സംഭവിച്ച, അഥവാ അത്ഭുതമെന്നു പറയപ്പെടുന്ന, പല പ്രസിദ്ധ കേസുകളേയും ഞാൻ അന്വേഷിക്കുകയുണ്ടായി. ഒരുപക്ഷെ അവയിൽ ഏറ്റവും ആശ്ചര്യാവഹമായിട്ടുള്ളതു ഗേയ് ലേഡെറ്റിന്റെ കാര്യമാണ്. യാതൊരു ആശയ്ക്കും വഴിയില്ലാത്തവിധം മണ്ടനായ അവനു ബുദ്ധി തിരിച്ചു കിട്ടിയെന്ന വസ്തുതയാണു ലൂർദ്ദിലേക്കു എന്റെ ശ്രദ്ധയെ ആദ്യമായി തിരിച്ചതു്.

ഗെയ്ലേഡററ് ഇന്നു നീണ്ടു സുന്ദരനായ 14 വയസ്സുള്ള ഒരു കുട്ടിയാണ്. സെൻറ് എറ്റീനിലുള്ള അവന്റെ ഭവനത്തിൽചെന്ന് അവനെ ഞാൻ സന്ദർശിച്ചു. അവന്റെ പിതാവു അവിടത്തെ ഒരു ബിസിനസ്സുകോളെജിൽ പ്രൊഫസറാണ്. അവൻ ഫുട്ബോൾ കളിക്കുന്നതിനായി സുഹൃത്തുക്കളുമൊത്ത് ഉല്ലാസപൂർവ്വം ഓടിപ്പോകുന്നതാണു ഞാൻ കണ്ടതു്. ക്ലാസിലുള്ള അവന്റെ ഉന്നതനിലയിൽ അവന്റെ അമ്മ, ആകർഷകയും വളരെ സുന്ദരിയുമായ ഒരു സ്ത്രീ, അഭിമാനംകൊള്ളുന്നു. ഒരു എക്സ്ചേഞ്ചുവിദ്യാർത്ഥിയെന്ന നിലയിൽ അടുത്തുതന്നെ ഇംഗ്ലണ്ടിലേക്കു പോകുവാൻ അവൻ ആഗ്രഹിക്കുന്നുവെന്നു അവർ പറഞ്ഞു.

എന്നാൽ പത്തുകൊല്ലത്തിനു മുൻപു അവനു ഒരു മണ്ടന്റെ തലച്ചോറാണുണ്ടായിരുന്നതു്. അവനെ പരിശോധിച്ച ഡോക്ടർമാർ ഭയങ്കരമായ ആ വിധിതന്നെ പ്രഖ്യാപിച്ചു: "ഒരിക്കലും പൊറുക്കാത്തതു്."


ഗേയ്ലേഡററ് 5-ാമത്തെ വയസ്സുവരെ സാധാരണനിലയിലുള്ള ഒരു കുട്ടിയായിരുന്നു. ആ പ്രായത്തിൽ സിരാബന്ധത്തെ നശിപ്പിക്കുവാൻ ശക്തമായ Meningo-encephalitis എന്ന അതിരൂക്ഷമായ തലച്ചോർവ്യാധി അവനു പിടിപെട്ടു. അതുമൂലം അവന്റെ ഇരുകൈകളും കാലുകളും തളർന്നുപോയി. തുടരെത്തുടരെ ശരീരംകോച്ചലുകളും അപസ്മാരപരമായ മൂർഛകളുംഉണ്ടായിക്കൊണ്ടിരുന്നു. ഒടുവിൽ പരിപൂർണ്ണമായ ബുദ്ധിമാന്ദ്യം വന്നുചേരുകയുംചെയ്തു. കുട്ടിക്കു തന്റെ മാതാപിതാക്കന്മാരെപ്പോലും തിരിച്ചറിയാൻ സാധിക്കാതെയായി. കണ്ഠ്യസ്വരങ്ങളല്ലാതെ ഒരു ശബ്ദവും പുറപ്പെടുവിക്കുവാൻ കഴിയാതായി.

ഈ സ്ഥിതി രണ്ടു കൊല്ലത്തോളം നീണ്ടുനിന്നു. രോഗശാന്തി കണ്ടുപിടിക്കുന്നതിനുള്ള നിഷ്ഫലമായ യത്നങ്ങളിൽ ആ മാതാപിതാക്കന്മാർ സാമ്പത്തികമായി നശിക്കുകതന്നെചെയ്തു. ഒടുവിൽ അവർ ലൂർദ്ദിലേക്കുപോയി. കുളിസ്ഥലത്ത് അനുകമ്പാർദ്രകളായ പരിചാരികമാർ, വടിപോലെ കിടക്കുന്ന ആ കുട്ടിയെ വെള്ളത്തിൽ മുക്കി. അവന്റെ അമ്മ വീണ്ടും ഒരു ശരീരംകോച്ചലുണ്ടാകുമോയെന്നു ഭയപ്പെട്ട് ഉൽക്കണ്ഠാകുലയായി അടുത്തുതന്നെ നിൽപ്പുണ്ടായിരുന്നു. പരിചാരികമാർ, വെള്ളത്തിൽ മുക്കിയശേഷം അവന്റെ അമ്മയുടെ കൈയിൽതന്നെ കൊടുത്തു.

അപ്പോൾ പെട്ടെന്നാണ് അതു സംഭവിച്ചതു്. ഗെയ്ലേഡെററ് കണ്ണുകൾതുറന്ന് അവന്റെ കൈകൾ അമ്മയുടെ നേരെ നീട്ടി, വളരെ സ്പഷ്ടമായ ശിശുസ്വരത്തിൽ "അമ്മേ" എന്നു വിളിച്ചു. ഫ്രഞ്ചുകുട്ടികൾ സാധാരണ ചെയ്യുന്നതുപോലെ, അവൻ അനന്തരം കൈവിരലുകൾ മടക്കി എണ്ണുകയും, അവയുടെ പേരു പറയുകയുംചെയ്തു. അവൻ തന്റെ അവയവങ്ങളെ പൂർണ്ണമായി ചലിപ്പിച്ചുകൊണ്ടിരുന്നു.

വീട്ടിൽ തിരിച്ചെത്തിയ ഉടനെ ലേഡെററ്ദമ്പതിമാർ അവരുടെ ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു. തന്റെ മുൻരോഗിയുടെനേരെ അദ്ദേഹം ശിലാപ്രമാണം മിഴിച്ചുനിന്നു. ഇതു എങ്ങനെ സംഭവിച്ചുവെന്നു തനിക്കു ഒരുവിധത്തിലും മനസ്സിലാകുന്നില്ലെന്നു അദ്ദേഹം ഏററുപറഞ്ഞു. അപ്പോഴും അവിശ്വാസിയായിരുന്ന അദ്ദേഹം ഒടുവിൽ പറഞ്ഞു: "ആകട്ടെ, കുട്ടിയെ വീണ്ടും പഠിപ്പിക്കുക.

പക്ഷെ അതു് എളുപ്പമായിരുന്നു. കുട്ടിയുടെ ബുദ്ധി പെട്ടെന്നു പുനഃപ്രബുദ്ധമായിത്തീർന്നു. മററു കുട്ടികളെപ്പോലെ എഴുതുന്നതിനും വായിക്കുന്നതിനും, ഊർജ്ജസ്വലതയോടെ കളിക്കുന്നതിനും അവൻ അതിവേഗം പഠിച്ചു. 1947 സെപ്റ്റംബർ 26-ാംനു—രോഗശാന്തിക്കുശേഷം ഒരുകൊല്ലംകഴിഞ്ഞ്—മെഡിക്കൽ ബ്യൂറോയിൽവച്ച് 40 ഡോക്ടർമാർകൂടി അവനെ പരിശോധിച്ചു. പാരീസിലെ ഒരു ശിശുവിദഗ്ദ്ധനായ ഡോ




ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

ചാക്കൊ മത്തായി,
മുട്ടത്തുകുടിയിൽ, ഏനാനല്ലൂർ.

ക്ടർ റോബർട്ട് ഡെയിലി രണ്ടു മണിക്കൂർനേരം അവന്റെ മാനസികവികാസത്തെ പരിശോധിക്കുകയുണ്ടായി. അനന്തരം അദ്ദേഹം പ്രഖ്യാപിച്ചു: "ഈ കുട്ടി സാധാരണരീതിയിലുള്ള ഒരു കുട്ടി തന്നെ."

ഈ രോഗശാന്തി മെഡിക്കൽ ബ്യൂറോയിൽ സുദീർഘവും ചൂടുപിടിച്ചതുമായ വാദപ്രതിവാദത്തിനു വിഷയമായി. എന്തെന്നാൽ ഇത്തരം സ്ഥിതിയിൽ—Post-encephalic idiocy—നിന്നുള്ള ഒരു രോഗശാന്തി അതിനുമുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല. ഗുരുതരമായ ഒരു പ്രശ്നം ഡോക്ടർമാരെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. അവരിൽ ഒരാൾ നഗ്നമായി പറഞ്ഞതുപോലെ "ഏതൊരു തലച്ചോറുപയോഗിച്ചാണ് ഈ കുട്ടി ചിന്തിക്കുന്നതു്? അവൻ പെട്ടെന്നു എഴുന്നേററുനിന്ന് അവന്റെ അമ്മയെ വിളിച്ച ക്ഷണത്തിൽ ഏതൊരു തലച്ചോറാണ് അവൻ ഉപയോഗിച്ചതു്? അതൊരു പുതിയ തലച്ചോറായിരുന്നോ, അതോ ഒരു ക്ഷണംമുമ്പുണ്ടായിരുന്ന ഭാഗികമായി നശിച്ചുപോയ മണ്ടന്റെ തലച്ചോറായിരുന്നോ?"

ഇതിന്റെ ഉത്തരം എന്തുതന്നെയായിരുന്നാലും, ഈ രോഗശാന്തി എല്ലാ പ്രകൃതിനിയമങ്ങൾക്കും എതിരായിട്ടുള്ളതാകുന്നു. ഒടുവിൽ ആ നാല്പതു ഡോക്ടർമാരും ഏകകണ്ഠമായി പ്രഖ്യാപിച്ചു, ആ കുട്ടി സുഖപ്പെട്ടതു പ്രകൃത്യതീതമായ വിധത്തിലാകുന്നുവെന്ന്. പക്ഷെ ഈ രോഗശാന്തി ഒരത്ഭുതമായി (സഭ) പ്രഖ്യാപിച്ചിട്ടില്ല. ലൂർദ്ദ സന്ദർശിക്കുന്നതിനുമുൻപു ആ കുട്ടിയെ ചികിത്സിച്ചുകൊണ്ടിരുന്ന ഡോക്ടർമാർ എന്തെങ്കിലും രേഖകളോ സർട്ടിഫിക്കേററുകളോ നൽകുവാൻ പരിപൂർണ്ണമായി വിസമ്മതിച്ചതാണു കാരണം."

"യാതൊരു ചികിത്സയും കൂടാതെ താനേ ഭേദപ്പെടുന്ന 90 ശതമാന"ത്തിൽപ്പെട്ടതാണ് ഈ രോഗശാന്തിയെന്നാണ്, അന്ധവിശ്വാസത്തിന്റെ അടിത്തട്ടിൽ ആണ്ടുകിടക്കുന്ന യുക്തിവാദിപ്പത്രാധിപർ വികത്ഥനംചെയ്യുന്നതു്. പ്രകൃത്യതീതമായ രോഗശാന്തിയെ നിഷേധിക്കുവാനുള്ള കുത്സിതമായ യത്നത്തിൽ യുക്തിവാദിപ്പത്രാധിപരേക്കാൾ ഗെയ്ലേഡെററിനെ ചികിത്സിച്ച ഡോക്ടർമാരാണ് ബുദ്ധിമാന്മാരെന്നു തോന്നുന്നു. "ഒരിക്കലും പൊറുക്കാത്തതു്" എന്നു അവർ തീർത്തുപറഞ്ഞ ഒരു മഹാവ്യാധി പെട്ടെന്നു സുഖപ്പെട്ടപ്പോൾ ആ രോഗം സംബന്ധിച്ച രേഖകളോ സർട്ടിഫിക്കേററുകളോ കൊടുക്കുവാൻ അവർ വിസമ്മതിക്കുകയാണല്ലോ ചെയ്തതു്. തങ്ങൾ കണ്ണടച്ചാൽ ലോകം മുഴുവൻ ഇരുട്ടായിക്കൊള്ളുമെന്നു വിചാരിക്കുന്ന പാവങ്ങൾ.

10. മിസ്സസ് റൂത്തു ക്രാൻസ്റ്റൻ മറെറാരു രോഗശാന്തിയെപ്പററി പറയുന്നതു നോക്കുക: ഒരു സായംകാലത്തു ഞാൻ ജീനി ഫ്റെററലുമൊരുമിച്ച് ഭക്ഷണംകഴിക്കുകയായിരുന്നു. അടുത്തകാലത്തു ലൂർദ്ദിലുണ്ടായ അതിപ്രശസ്തങ്ങളായ രോഗശാന്തികളിലൊന്ന് അവരുടേതായിരുന്നു. സെപ്ററ ഡോളേഴ്സ് ആശുപത്രിയുടെ വാതുക്കൽവച്ചു ഞാൻ അവരെ കണ്ടപ്പോൾ, രാവിലെ 6 മണിമുതൽ അവർ ഡ്യൂട്ടിയിലായിരുന്നു. എന്നിട്ടും നേഴ്സിന്റെ യൂണിഫോറത്തിലുള്ള അവർ വലിയ കറുത്ത കണ്ണുകളോടുകൂടിയ ഒരു മെലിഞ്ഞ പെൺകുട്ടിയെ ദോലനംചെയ്തുകൊണ്ടു മുന്നോട്ടുവരുമ്പോൾ, ഉന്മേഷവതിയും അക്ഷീണവതിയും പുഞ്ചിരിയോടുകൂടിയവളുമായിരുന്നു.

ഏതാനും മിനിററുകൾക്കുശേഷം ഹോട്ടൽ റെസ്റ്റോറൻറിൽ എനിക്കെതിരെ ചിരിച്ചുകൊണ്ടും വർത്തമാനത്തിലേർപ്പെട്ടുകൊണ്ടും അവർ ഇരിക്കുമ്പോൾ, അഞ്ചുകൊല്ലംമുൻപു അവരുടെ സ്ഥിതി എത്ര നിരാശാജനകമായിരുന്നുവെന്നു സങ്കല്പിക്കുകതന്നെ സാദ്ധ്യമായിരുന്നില്ല. എന്നാൽ അവരുടെ രോഗശാന്തിയുടെ ചരിത്രം സമ്പൂർണ്ണമായി ലൂർദ്ദിൽ സൂക്ഷിച്ചിട്ടുണ്ട്. അതിൽ വിസ്തരിച്ചുള്ള ആശുപത്രിറിപ്പോർട്ടുകളും, ലാബൊറട്ടറി അപഗ്രഥനങ്ങളും, എക്സ്റേരേഖകളും അടങ്ങിയിരിക്കുന്നു.

റെന്നസ്സിനടുത്തുള്ള സൗഗൽ പട്ടണത്തിൽ, 1914ൽ ജീനി ഭൂജാതയായി. ഒരു ദരിദ്രകുടുംബത്തിൽ ജനിച്ച അവൾ സ്വന്ത ഉപജീവനമാർഗ്ഗം അന്വേഷിക്കേണ്ടിയിരുന്നു. ഒരു വേലക്കാരിയും, വിദ്യാർത്ഥിനേഴ്സും, ആയയുമായി അവൾ ജോലിനോക്കി. ശൈശവം മുതൽ അവളുടെ ആരോഗ്യം ആപല്ക്കരമായ നിലയിലായിരുന്നു. 1938 ജനുവരിമാസത്തിൽ, 24 വയസ്സുള്ളപ്പോൾ, അപ്പൻഡിസൈററിസിനുവേണ്ടി ശക്രിയ ചെയ്യപ്പെട്ടു. ഇതുവരെനടത്തപ്പെട്ട 13 ശസ്ത്രക്രിയകളിൽ ആദ്യത്തേതായിരുന്നു അതു്. Tubercular Peritonitis എന്ന രോഗം അവൾക്കു പിടിപെട്ടു. അവളുടെ വയറു ക്രമേണ വലുതും മാർദ്ദവമില്ലാത്തതും അത്യന്തം വേദനയോടുകൂടിയതുമായിത്തീർന്നു. യാതൊരു ചികിത്സയും പ്രയോജനപ്പെട്ടില്ല. അവളുടെ സ്ഥിതി തുടരെ ആപല്ക്കരമായവിധം വഷളായിക്കൊണ്ടിരുന്നു.


ലൂർദ്ദിലേക്കു തീർത്ഥയാത്ര പോകുന്ന ഒരു തീവണ്ടിയിൽ അവളെയും കിടത്തിയപ്പോൾ അവൾക്കു ബോധമില്ലായിരുന്നു. 1948 ഒക്ടോബർ 5-ാംതീയതി ചൊവ്വാഴ്ച അവർ ലൂർദ്ദിലെത്തി. അവിടെയായിരുന്ന ആദ്യത്തെ മൂന്നു ദിവസവും യാതൊരു ശമനവും അനുഭവപ്പെട്ടില്ല. വെള്ളിയാഴ്ച രാവിലെ, രോഗികൾക്കായുള്ള ദിവ്യപൂജ നടക്കുന്ന സ്ഥലത്തേക്ക്, മരണാവസ്ഥയിൽ അവരെ എടുത്തുകൊണ്ടുപോയി. തുടരെ ഛർദ്ദിച്ചുകൊണ്ടിരുന്നതിനാലും അസാധാരണമായ ക്ഷീണം ഉണ്ടായിരുന്നതുകൊണ്ടും അവൾക്കു ദിവ്യകാരുണ്യം നൽകുവാൻ വൈദികൻ ശങ്കിച്ചു. എന്നാൽ അവരെ അവിടെ കൊണ്ടുവന്ന മഞ്ചൽവാഹകർ നിർബന്ധിക്കുകയാൽ, കൂദാശചെയ്യപ്പെട്ട ഓസ്തിയുടെ ഒരു ചെറിയ അംശം വൈദികൻ അവൾക്കു നൽകി.

ജീനി ഫ്റെട്ടൽ (എന്നോടു) പറഞ്ഞു: "അപ്പോഴാണ്", പെട്ടെന്ന് എനിക്കു സുഖം തോന്നിയതു്. ഞാൻ ലൂർദ്ദിലാണെന്ന് ആദ്യമായി എനിക്കു ബോദ്ധ്യംവന്നു. എനിക്കു എങ്ങനെ തോന്നുന്നുവെന്നു അവർ ചോദിച്ചു. എനിക്കു നല്ല സുഖം തോന്നുന്നു എന്നു ഞാൻ പറഞ്ഞു. എന്റെ വയറു അപ്പോഴും വീർത്തതും മാർദ്ദവമില്ലാത്തതുമായിരുന്നു. പക്ഷെ എനിക്കു യാതൊരു വേദനയും തോന്നിയിരുന്നില്ല.

"ദിവ്യപൂജയ്ക്കുശേഷം, അവർ എന്റെ സ്ട്രെച്ചറിൽതന്നെ എന്നെ ഗ്രോട്ടോയിലേക്കു കൊണ്ടുപോയി." അവിടെ ചെന്ന് ഏ


# ദുരിതനിവാരണത്തിനു

## വിദേശക്രിസ്ത്യാനികളുടെ സംഭാവനകൾ



ഭൂകമ്പംമൂലം സൗരാഷ്ട്രയിലും വെള്ളപ്പൊക്കംമൂലം മഹാരാഷ്ട്രയിലും ദുരിതമനുഭവിക്കുന്നവർക്കു സൗജന്യമായി നൽകുന്നതിനായി ബോംബെ മെത്രാപ്പോലീത്താ കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനി 15,000 ചാക്ക് അരി അധികാരികളെ ഏല്പിച്ചിരിക്കുന്നു. അമേരിക്കയിലെ നാഷനൽ കാത്തലിക് വെൽഫയർ കോൺഫറൻസിന്റെ കാത്തലിക് റിലീഫ് സർവ്വീസസ് കർദ്ദിനാൾ തിരുമനസ്സിലേക്ക് അയച്ചുകൊടുത്തതാണ് ഈ അരി. കാത്തലിക് റിലീഫ് സർവ്വീസസുകാർ അയച്ചിരുന്ന 23,57,189 റാത്തൽ പാൽപ്പൊടിയും 12,34,299 റാത്തൽ നെയ്യും ഉത്തരപ്രദേശ്, ബീഹാർ, കച്ച് ഈ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനായി കർദ്ദിനാൾ തിരുമനസ്സുകൊണ്ട് ഏല്പിച്ചുകൊടുത്തതു് അടുത്ത അവസരത്തിലാണ്. ഇതിനുംപുറമേ ബോംബെ അതിരൂപതയിലെ പള്ളികളിൽനിന്നു പിരിച്ചെടുത്ത ഏഴായിരത്തിൽപരം ക. യും ദുരിതനിവാരണത്തിനായി നൽകുകയുണ്ടായി.

അമേരിക്കയിലെ ചർച്ചു വേൾഡ് സർവ്വീസ് എന്ന പ്രൊട്ടസ്റ്റൻറുവിഭാഗക്കാർ ശേഖരിച്ചയച്ച 8,96,000 റാത്തൽ പാൽപ്പൊടി ദുരിതനിവാരണത്തിനായി ഏല്പിച്ചുകൊടുത്തുകഴിഞ്ഞു. വേറൊരു 10,08,000 റാത്തൽ പാൽപ്പൊടിയും നെയ്യും ഈയാഴ്ചതന്നെ ബോംബെയിൽ എത്തുന്നതാണ്.



ബോംബെയിൽനിന്നു 5000 മൈൽ സഞ്ചരിച്ചു ലണ്ടനിലെത്തിയ ലേലൻഡ് കോമററ് ഡീസൽ ബസ്. അഖിലേന്ത്യാ മോട്ടോർ യൂണിയൻ കോൺഗ്രസിലെ 15 പ്രതിനിധികളാണ് ഈ ബസ്സിൽ സഞ്ചരിച്ചതു്.

താനും മിനിററു കഴിഞ്ഞപ്പോൾ, ആരോ എന്നെ കൈകൾക്കു കീഴെ പിടിച്ചു എഴുന്നേററിരിക്കുവാൻ എന്നെ സഹായിക്കുന്ന ഒരു പ്രതീതി എനിക്കുണ്ടായി. ഞാൻ എഴുന്നേററിരിക്കുന്നതായി കാണപ്പെട്ടു. എന്നെ സഹായിച്ചതാരാണെന്നു് അറിയാൻ ഞാൻ ചുററിലും നോക്കി. പക്ഷെ ആരേയും കണ്ടില്ല. എഴുന്നേററിരിക്കുവാൻ എന്നെ സഹായിച്ച അതേ കരങ്ങൾതന്നെ എൻെറ കൈകളെടുത്തു എൻെറ വയററു വെച്ചതായ ഒരു പ്രതീതി അനന്തരമെനിക്കുണ്ടായി. വയറു് സാധാരണ രീതിയിലായിത്തീന്നുവെന്നു ഞാൻ മനസ്സിലാക്കി. ഉടനെ അനന്യസാധാരണമായ ഒരു വിശപ്പു് എന്നെ ബാധിച്ചു."

വീട്ടിലേക്കുള്ള മടക്കയാത്രയിൽ മിക്കസമയവും, മററുരോഗികളെ ശുശ്രൂഷിച്ചുകൊണ്ടു അവർ നില്ക്കുകതന്നെയായിരുന്നെങ്കിലും, അവക്കു യാതൊരു ക്ഷീണവും അനുഭവപ്പെട്ടിരുന്നില്ല. അവരുടെ സ്വന്തം ഡോക്ടർ ആയ ഡോക്ടർ അൽഫോൻസെ പെല്ലെ അവരെ കണ്ടപ്പോൾ, ഒന്നും മിണ്ടാൻ സാധിക്കാതെ, വികാരാധീനനായി മുറിവിട്ടുപോയി. ഏതാനും മിനിററുകൾക്കുശേഷം ആയാൾ തിരിച്ചുവന്നപ്പോൾ, ആയാളുടെ കവിൾത്തടങ്ങളിൽക്കൂടി കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. ആയാൾ ജീനിയെ ഏററവും കർശനമായ രീതിയിൽ പരിശോധിച്ചു; പക്ഷെ തൻെറ പരിശോധനാഫലങ്ങളെ വിശ്വസിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

ഡോക്ടർ പെല്ലെ ഒരു അജ്ഞേയവാദിയും അവിശ്വാസിയും, മതത്തോടു "എതിപ്പുള്ള"യാളുമായിരുന്നുവെന്നതു രസകരമായ ഒരു വസ്തുതയാണു്. എന്നിട്ടും അദ്ദേഹത്തിൻെറ മാത്രം റിക്കാർഡുകളും സർട്ടിഫിക്കേററുകളുമാണു് ആ രോഗശാന്തി ഒരു അത്ഭുതരോഗശമനമാണെന്നു തെളിയിച്ചതു്. "ഡോക്ടർ പെല്ലെയുടെ ശാസ്ത്രീയ ആത്മാഭിമാനത്തിനു് ഞാൻ ഭയങ്കരമായ ഒരു പ്രഹരമായിരുന്നു" എന്നാണു ജീനി പ്രസ്താവിച്ചതു്.

ജീനിഇപ്പോൾപരിപൂണ്ണാരോഗ്യവതിയായിരിക്കുന്നു. ഒരു പരിചാരികയെന്ന നിലയിലുള്ള അനേക മണിക്കൂറുകൾ നേരത്തെ ജോലി അവക്കു അശേഷവും ക്ഷീണമുണ്ടാക്കുന്നില്ല. ഒരു അത്ഭുത "വിഷയ"ത്തിൻെറ ജീവിതം അത്ര എളുപ്പമായതല്ല. അവരുടെ കത്തിടപാടുകൾ അതിഭീമമാണു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും— ഡോക്ടർമാരിൽനിന്നും രോഗികളിൽനിന്നും അവിശ്വാസികളിൽനിന്നും—ധാരാളം കത്തുകൾ വന്നുകൊണ്ടിരിക്കുന്നു. ടൈപ്പുചെയ്ത മറുപടികൾ അയച്ചുകൊടുത്താൽ ജനങ്ങൾ തൃപ്തരാകുന്നില്ല. എഴുത്തുകളെല്ലാം അവരുടെ സ്വന്തം കൈയക്ഷരത്തിലായിരിക്കണം. അന്നന്നത്തെ ജോലികൾക്കുശേഷം, കത്തുകൾ എഴുതാൻതന്നെ വളരെ സമയം അവക്കു വേണ്ടിവരുന്നു.

യുക്തിവാദി പത്രാധിപരെപ്പോലെയല്ലാതെ, സത്യസന്ധന്മാരായ അവിശ്വാസികളുമുണ്ടെന്നാണു ജീനി ഫ്റെട്ടല്ലിൻെറ അനുഭവം തെളിയിക്കുന്നതു്. ഡോക്ടർ പെല്ലെ ഒരു അജ്ഞേയവാദിയും അവിശ്വാസിയുമായിരുന്നെങ്കിലും തൻെറ പരിശോധനാഫലങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുവാൻ അദ്ദേഹം മടിച്ചില്ല. അതുകൊണ്ടാണല്ലോ ജീനിയുടെ രോഗശാന്തി ഒരു അത്ഭുതമായി പരിഗണിക്കുവാൻ സാധിച്ചതു്. അജ്ഞേയവാദിയും അവിശ്വാസിയുമായ ഡോക്ടർ പെല്ലെ കത്തോലിക്കരുടെ പക്ഷം ചേന്നു സത്യവിരുദ്ധമായി പറയുകയായിരുന്നുവെന്നു യുക്തിവാദിതന്നെ സമത്ഥിക്കുകയില്ലല്ലോ. തന്മൂലം, ആ രോഗശാന്തി ഒരു യഥാത്ഥ അത്ഭുതം—പ്രകൃതിശക്തികൾക്കതീതമായതു്— ആണെന്നു ഡോക്ടർ പെല്ലെക്കു ബോദ്ധ്യമായിരിക്കണമെന്നു സ്പഷ്ടമാണു്.

## കൃതജ്ഞത

വിശുദ്ധ പത്താംപീയൂസിൻെറ മാദ്ധ്യസ്ഥത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ ഓപ്പറേഷൻ വിജയകരമായി സുഖം പ്രാപിച്ചതിനു് ഉപകാരസ്മരണ.

കെ. ജെ. തോമസ്, കല്ലറക്കൽ,
അങ്കമാലി

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്

23 വ്യാ: വി. പീലിപ്പോസ് ബനീത്തിസ്
24 വെ: വി. ബർത്തുൽമൈ
25 ശ: വി. ലൂദവിക്കോസ്
26 ഞാ: പന്തക്കുസ്ത 14-ാം ഞായർ
27 തി: വി. യൗസേപ്പ് കലസാന്തിസ്
28 ചൊ: വി. അഗ്ഗുസ്തീനോസ്
29 ബു: യോഹന്നാൻ മാംദാനായുടെ ശിരഛേദം

# വിവിധവൃത്താന്തങ്ങൾ

## ജസ്വിററു് റഷ്യയിലേക്കു്

ഒരു അമേരിക്കൻ ജസ്വിററു് വൈദികനായ ഫാദർ വാൾട്ടർ സി. ജാസ്സീവിക്സിനു മുപ്പതുദിവസം സോവ്യററുറഷ്യയിൽ പര്യടനം നടത്തുന്നതിനുള്ള ഒരു വിസാ ലഭിച്ചിരിക്കുന്നു. അമേരിക്കയിലെ സോവ്യററു് സ്ഥാനപതിയായ മി. അക്കാഡി സൊബോലേവിൻെറ ഉപദേശമനുസരിച്ചാണു ഫാദർ ജാസ്സീവിക്സ് വിസായ്ക്കപേക്ഷിച്ചതു്. ഒരു വൈദികനെന്ന നിലയിലല്ലാതെ ഒരു സഞ്ചാരിയെന്ന നിലയിൽ റഷ്യയിൽ പര്യടനംനടത്തുവാൻ അനുവദിക്കുന്നതാണെന്നു അദ്ദേഹം പറയുകയുണ്ടായി. ആഗസ്റ്റുമാസത്തിൽ അദ്ദേഹം റഷ്യയിലേക്കു പോകുന്നതും റഷ്യയിലെ 8 നഗരങ്ങൾ സന്ദർശിക്കുന്നതുമാണു്.

## സോവ്യററു് എതിർപ്പു്

ഒരു ഉടമ്പടിയിൽ "ദൈവത്തിൻെറ പ്രവൃത്തിയാൽ" എന്ന പദം ഉപയോഗിക്കുന്നതിനെ സോവ്യററു് പത്രാധിപന്മാർ എതിത്തിരിക്കുന്നു. അമേരിക്കൻ പ്രിൻടേഴ്സ് ട്രേഡുകാരുടെ സാധാരണ കരാറുകളിൽ ഉപയോഗിക്കുന്നതാണു് ഈ പദങ്ങൾ. അപ്രതീക്ഷിതകാരണങ്ങളാൽ കരാർ നടപ്പിലാക്കാൻ സാധിക്കാതെ വന്നാൽ ഒരു രക്ഷയ്ക്കുവേണ്ടിയാണു് അവർ ഇതു ഉൾപ്പെടുത്തുന്നതു്. ന്യൂയോക്കിൽ സോവ്യററുകാർ നടത്തുന്ന ഒരു ഇംഗ്ലീഷ്മാസിക അച്ചടിക്കുന്ന പ്രസ്സുകാരുടെ കരാറുടമ്പടിയിൽ ഈ വാക്കുകൾ ഉൾപ്പെടുത്തുന്നതിനു തൽപത്രാധിപന്മാർ സമ്മതിക്കുന്നില്ല. ഭൂകമ്പം, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാററു്, അണുബോംബു് മുതലായ പദങ്ങൾ ഉൾപ്പെടുത്തുന്നതിൽ അവക്കു വിരോധമില്ല. ദൈവത്തിൻെറ പേർ ഉൾപ്പെടുത്തുവാൻ പാടില്ലെന്നുമാത്രമേയുള്ളു. "എന്തിനു് ഇതിനിടയിൽ മതം കൊണ്ടുവരുന്നു" എന്ന മുടന്തൻന്യായമാണു് ഇതിനവർ ഉന്നയിച്ചതു്.

## കദ്ദിനാൾ മിൻസെന്തി

കദ്ദിനാൾ മിൻസെന്തി റിട്ടയർചെയ്തു വിദേശങ്ങളിലെവിടെയെങ്കിലുംപോയി താമസിക്കുന്നതിനു അദ്ദേഹത്തെ പ്രേരിപ്പിക്കുവാൻ ഹംഗറിയിലെ കമ്മ്യൂണിസ്റ്റധികാരികൾ സഭാനേതാക്കന്മാരെ നിർബന്ധിച്ചുവരുന്നു. രാജ്യം വിട്ടു പോകുന്നപക്ഷം ഗണ്യമായ ഒരു തുക പെൻഷൻകൊടുക്കാമെന്നുവരെ അവർ സമ്മതിച്ചിട്ടുണ്ടു്. ഇതിനുമുൻപു് അദ്ദേഹത്തെ പ്രലോഭിപ്പിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ രണ്ടുതവണ ശ്രമിച്ചതാണു്. അപ്പോഴെല്ലാം അദ്ദേഹം അതു നിരാകരിക്കുകയാണു ചെയ്തതു്. അടുത്ത സെപ്ററംബർ രണ്ടാം തീയതി എസ്റ്റർഗം ബസ്സിക്കാ കൂദാശചെയ്തതിൻെറ ശതവത്സരപൂത്തിയാണു്. കദ്ദിനാൾ മിൻസെന്തിയുടെ സിംഹാസനപ്പള്ളിയായ ആ ദേവാലയത്തിലെ ശതവത്സരപൂത്തിവേളയിൽ അദ്ദേഹം ഇല്ലാതിരിക്കുന്നുവെന്ന സ്ഥിതി വരാതിരിക്കാനാണു് കമ്മ്യൂണിസ്റ്റുകാർ ഈ അടവെടുക്കുന്നതു്. ഹംഗറിയിലെ രാജാവായിരുന്ന വിശുദ്ധ സ്റ്റീഫൻ ജനിച്ച സ്ഥലത്താണു് എസ്റ്റർഗംബസ്സിക്കാ സ്ഥിതിചെയ്യുന്നതു്.




## 'ദേശസ്നേഹി'യായ വൈദികൻ


കമ്മ്യൂണിസ്റ്റധീനമായ സ്ലോവാക്കിയായിലെ ഒരു ഗ്രാമത്തിൽ നടന്ന താഴെപ്പറയുന്ന സംഭവം ഇപ്പോൾ ലോകപ്രസിദ്ധമായിക്കഴിഞ്ഞിരിക്കുന്നു. അവിടെ ഒരു ഞായറാഴ്ചദിവസം അഞ്ഞൂറോളം ആളുകൾ ദിവ്യപൂജയിൽ സംബന്ധിക്കുന്നുണ്ടായിരുന്നു. അവർ ഭക്തിപൂവ്വം പ്രാത്ഥിക്കുകയും പാടുകയും ചെയ്തിരുന്നു. സുവിശേഷം കഴിഞ്ഞു വൈദികൻ പ്രസംഗപീഠത്തിൽ കയറിയപ്പോൾ അവരെല്ലാം മൗനമായി പള്ളിക്കു പുറത്തിറങ്ങി. കമ്മ്യൂണിസ്റ്റ്സ്വാധീനവലയത്തിൽപ്പെട്ട "ദേശസ്നേഹി"യായ ഒരു വൈദികനായിരുന്നു അദ്ദേഹം. കമ്മ്യൂണിസ്റ്റുനിർദ്ദേശമനുസരിച്ച് എല്ലാ ഞായറാഴ്ചയും മാപ്പാപ്പായെ അധിക്ഷേപിച്ചുകൊണ്ടു അദ്ദേഹം പ്രസംഗിക്കും. ജനങ്ങൾ അപ്പോൾ പള്ളിക്കു പുറത്തു മുട്ടുകുത്തി ഉച്ചത്തിൽ ജപമാല ചൊല്ലിക്കൊണ്ടിരിക്കും. "കത്താവു് അദ്ദേഹത്തോടു ക്ഷമിക്കട്ടെ" എന്നാണു് പ്രാത്ഥനയ്ക്കു അവരുടെ അനുപല്ലവി. പ്രസംഗം കഴിഞ്ഞു് വൈദികൻ അൾത്താരയിലെത്തുമ്പോൾ ജനങ്ങൾ പള്ളിക്കകത്തുകയറി വീണ്ടും ദിവ്യപൂജയിൽ സംബന്ധിക്കും. അദ്ദേഹം നടത്തുന്ന മതകമ്മങ്ങളിൽ സംബന്ധിക്കുകയും, അദ്ദേഹത്തിൽനിന്നു കൂദാശകൾ സ്വീകരിക്കുകയുംചെയ്യും; എന്നാൽ അദ്ദേഹത്തോടു മിണ്ടുകയില്ല.

## വിദ്യാർത്ഥി തീർത്ഥയാത്ര

പാരീസിലെ 16000 വിദ്യാത്ഥികൾ ചാർട്രേഴ്സിലുള്ള ചരിത്രപ്രസിദ്ധമായ നോട്ടർഡാം ഭദ്രാസനദേവാലയത്തിലേക്കു കാൽനടയായി ഒരു തീത്ഥയാത്ര നടത്തിയിരിക്കുന്നു. രണ്ടുദിവസം വേണ്ടിവന്ന ഈ തീത്ഥസഞ്ചാരത്തിൽ കുട്ടികൾ ജപമാല ചൊല്ലുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തുകൊണ്ടിരുന്നു. എല്ലാ കൊല്ലവും കുട്ടികൾ ഇങ്ങനെയൊരു തീത്ഥയാത്ര നടത്തുക പതിവുള്ളതാണു്. എന്നാൽ ഇക്കൊല്ലം മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കൂടുതൽ വിദ്യാത്ഥികൾ സംബന്ധിച്ചിരുന്നു. കത്തോലിക്കാവിദ്യാത്ഥികൾക്കു് എവിടേയും അനുവത്തിക്കാവുന്ന അഭിനന്ദനീയമായ ഒരു സമ്പ്രദായമാണിതെന്നുള്ളതിനു തക്കമില്ല. ആത്മാവിൻെറ ഒരു ഉല്ലാസയാത്ര തന്നെയാണിതു്.

## കത്തീഡ്രൽ പുതുക്കിപ്പണിയാൻ

കഴിഞ്ഞ മഹായുദ്ധകാലത്തു ജമ്മനിയിൽ ഹിൽഡസ്ഹീം എന്ന സ്ഥലത്തെ ഭദ്രാസനദേവാലയത്തിനു ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിക്കുകയുണ്ടായി. അതു വീണ്ടും പുതുക്കിപ്പണിയുന്നതിനു സ്റ്റേററിൽനിന്നുകൂടി ധനസഹായം ലഭിക്കണമെന്നുള്ള അഭ്യത്ഥനയെ അവിടത്തെ സ്റ്റേററുഗവർമെൻറു തള്ളിക്കളഞ്ഞു. അതേത്തുടന്നു ഹിൽഡസ്ഹീം മെത്രാൻ ലോവർസാക്സണി സ്റ്റേററിനെ പ്രതിചേത്തു കോടതിയിൽ കേസുകൊടുക്കുകയുണ്ടായി. ഇപ്പോൾ സ്റ്റേററു്ഫണ്ടുകൊണ്ടു ഭദ്രാസനദേവാലയം പുതുക്കിപ്പണിതുകൊടുക്കുവാൻ കോടതി വിധിയായിരിക്കുന്നു.



സ്വാതന്ത്ര്യദിനത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്നു. ആർമി, നേവി, വിമാനസേന, ഡൽഹി സായുധപോലീസ് ഇവയിൽനിന്നു 50 പേർവീതം 200 പേരടങ്ങിയ ഒരു സൈനികവിഭാഗമാണു് ഗാർഡ് ഓഫ് ഓണർ നൽകിയതു്. വിമാനസേന ബാൻറു് ആലപിച്ചുകൊണ്ടിരുന്നു. ഹൃദയാകർഷകമായ ഈ ചടങ്ങു കാണുവാൻ ഒരു വൻപിച്ച ജനതതി സന്നിഹിതരായിരുന്നു.

# ചെറുകഥ

## ഇരുണ്ടുകൂടിയ രാത്രി

(തൃക്കൊടിത്താനം ചാക്കൊ)

(തുടർച്ച)

ലോകത്തിനു പല പരിവത്തനങ്ങളും സംഭവിച്ചു. ആരോഗ്യം കുറഞ്ഞ ശീമോൻചേട്ടൻ ഒരു ഇടവപ്പാതിയേയാണു് തരണംചെയ്യേണ്ടതു്. ഇടതോരാത്ത മഴ. അതിനെ അതിജീവിച്ചും അയാൾ കായലിലേക്കു പതിവുപോലെ പോയേ മതിയാവൂ. പോയില്ലെങ്കിൽ ഒരു കുടുംബം പട്ടിണിയാകുകയാണു്. മഴയായാലും കൊടുങ്കാററായാലും നിശ്ചയത്തേയും തീരുമാനത്തേയും ബലികഴിച്ചാൽ ഒരു കുടുംബത്തിൻെറ നില അപകടത്തിലാകും. വർഷവും വേനലും ഇരുട്ടും പകലും, ഇവയൊന്നും മുക്കുവക്കുടുംബങ്ങൾക്കു ബാധകമല്ല.

എത്ര മഴയായാലും ശീമോൻ ചേട്ടനു കായലിൽ പോയേ മതിയാവൂ. പോയില്ലെങ്കിൽ അയാൾ ഉയത്തിപ്പൊക്കിക്കൊണ്ടുവന്നിരിക്കുന്ന അയാളുടെ ആശാസൗധം പൊളിഞ്ഞു പാളീസാകുകയായിരിക്കും ചെയ്യുന്നതു്. അയാൾക്കതു ചിന്തിക്കുവാൻകൂടി വഹിയാ. എസ്തറിനു സൗഭാഗ്യപൂണ്ണമായ ഒരു ഭാഗ്യപദം കൈവന്നു സമാധാനമായി കാണുവാൻവേണ്ടിയിട്ടാണു് ഭാൎയ്യ മരിച്ചുപോയിട്ടും അയാൾ ഒരു രണ്ടാംവിവാഹത്തിനു ഒരുമ്പെടാഞ്ഞതു്. പലരും അയാളെ അന്നു് അതിനു നിർബന്ധിച്ചു. പക്ഷെ അയാൾക്കറിയാം അതുമൂലം കൂടുതൽ അരാജകത്വത്തിലേക്കു നീങ്ങുകയേയുള്ളു ജീവിതമെന്നു്. പൊട്ടിച്ചിരി അനുഭവപ്പെടുത്തുവാൻ ഇനിയും അനേകം തണുത്ത രാവുകൾ എല്ലാരുടെ ഉറക്കമുപേക്ഷിച്ചു പണിയേണ്ടിയിരിക്കുന്നു. മകളെ കാണുമ്പോൾ ഒരു നല്ല നാളെ അയാളുടെ മുന്നിൽക്കൂടി അതിശീഘ്രം ചിറകടിച്ചു പറന്നുപോകും.

ദിനകരൻ അന്തിയുറങ്ങുവാൻ വേണ്ടി കണ്ണുചിമ്മുന്നതേയുള്ളു. ചിന്തിച്ചുചിന്തിച്ചു അയാളുടെ കുഴിഞ്ഞ കണ്ണുകളിൽ വെള്ളം വന്നു നിറഞ്ഞുപോയി.

"അപ്പാ, എന്തിനാ വിഷമിച്ചിരിക്കുന്നതു്? അപ്പൻ കരയുന്നോ? അപ്പൻെറ വേദനനിറഞ്ഞ മുഖം എനിക്കു കാണുവാൻ വഹിയാ." എസ്തർ പിതാവിനെ കെട്ടിപ്പിടിച്ചു. അയാളുടെ കണ്ണുകളിൽനിന്നും ഒഴുകുന്ന ചാലുകൾ തുടച്ചുമാററി. "അപ്പൻ കായലിൽ ഇനിയും പോകണ്ടാ. മൂന്നംഗങ്ങൾക്കു കഴിയാനുള്ള വക, അതു സാരമില്ല. അപ്പനു വയസ്സായി, ഇനിയും ഒരു ജോലിക്കും പോകണ്ടാ. ഞാനും കുട്ടപ്പനും മീൻമാക്കററിൽപോയി എന്തെങ്കിലും തൊഴിലുനോക്കാം......"

ഒരു നീണ്ട മൗനത്തിനുശേഷം ശീമോൻചേട്ടൻ പറഞ്ഞു: "വേണ്ടാ...അതു വേണ്ട മോളെ. നീ പാടുപെട്ടു എനിക്കു തരാനോ...? ലോകത്തിൻെറ കണ്ണുകൾ തുറന്നിരിക്കുകയാണു്. ആ കണ്ണിൽ നിൻെറതായ എന്തെങ്കിലും കരടു വീണാൽമതി എൻെറ സവ്വ ആശകളും തകന്നുതരിപ്പണമാകുവാൻ. പിന്നെ എനിക്കു ജീവിക്കുവാൻ സാധിക്കുകയില്ല. മനസ്സമാധാനത്തോടുകൂടി മരിക്കുവാൻകൂടി എനിക്കു സാധിക്കുകയില്ല. വേണ്ടാ എൻെറ കണ്ണടയുന്നതുവരെ ഞാൻ വേലചെയ്തു നിങ്ങളെ വളത്തിക്കൊള്ളാം." അയാളുടെ കണ്ണുകൾ നിറഞ്ഞുകവിയുന്നുണ്ടായിരുന്നു.

"അപ്പാ, എൻെറ നില എനിക്കറിയാം. വഴിതെററി ഞാൻ ജീവിക്കുകയില്ല. അതു തീർച്ചയാണു്...സത്യമാണു്. ഈ വയസ്സുകാലത്തു ഞങ്ങൾക്കുവേണ്ടിയുള്ള ബദ്ധപ്പാടു് എന്നെ വളരെയധികം വേദനിപ്പിക്കുന്നുണ്ടു്......" വളരെ വിഷമിച്ചു് അവൾ പറഞ്ഞുതീത്തു.

"മോളേ, നീ വഴിതെററി ജീവിക്കുകയില്ലന്നെ നിക്കറിയാം. ലോകം സത്യമല്ല കുഞ്ഞേ. നീ ചെറുപ്പമാണു്. നീ ഒരു പെണ്ണാണു്. കുറവുകളുടേയും കുററങ്ങളുടേയും ലോകത്തിൽ നാം ജീവിക്കേണ്ടിയിരിക്കുന്നു. വഴിതെററിപ്പോകാൻ വളരെയധികം സാദ്ധ്യതയുണ്ടു്. മനഃപൂർവ്വമല്ല. എന്തെങ്കിലും പോരായ്മകൾ വന്നതിനുശേഷം ദുഃഖിച്ചിരുന്നാൽ യാതൊരു നിവൃത്തിയുമില്ല."

"എന്നാൽ ഞാൻകൂടി ഇന്നു കായലിൽ വരുന്നു..."

"കണ്ടില്ലേ അടിവി...കായൽ ഇരച്ചുപായുന്ന മൂളൽശബ്ദം കേട്ടില്ലേ? ഈ തിളച്ചുമറിയുന്ന കായലിൽവന്നു നീ എന്തുചെയ്യാനാണു്. ഇടവപ്പാതിയുടെ നടുവിൽ ആയതേയുള്ളു. കായൽ നിറഞ്ഞുകവിഞ്ഞു. വേണ്ടാ, അപകടം അതു നാം വിചാരിക്കുമ്പോഴല്ല. നീ വെറുതെ വരാമെന്നല്ലാതെ ഒരു കാൎയ്യസാദ്ധ്യവുമില്ല. അപ്പനു ജീവനുണ്ടെങ്കിൽ എൻെറ മക്കളു വിഷമിക്കേണ്ടാ......വിഷമിക്കേണ്ടന്നെ" ശീമോൻചേട്ടൻ ധൈൎയ്യം അഭിനയിച്ചുപറഞ്ഞു.

സമയം വളരെയധികം മുന്നോട്ടു കറങ്ങിക്കൊണ്ടിരുന്നു. തോരാത്ത മഴയും. ഉള്ളിൽക്കിടന്നു പരക്കം പായുന്ന ചിന്തകളും.

പതിവുള്ള ജോലിക്കു പോകുന്നതിനുള്ള ഹൃദയബലം ഇല്ലാതിരുന്നിട്ടും വീടിൻെറ വിഷമസമ്പൂണ്ണതനിറഞ്ഞ ചിത്രം, പോകാതിരിക്കുവാൻ അനുവദിച്ചിരുന്നില്ല.

എന്തോ ഒരസ്വാസ്ഥ്യം. പറഞ്ഞറിയിക്കുവാൻ വയ്യാത്ത വേദന. ശീമോൻചേട്ടൻെറ ഹൃദയം ഒരു കമ്പിത്തിരിപോലെ കത്തിഎരിയുകയാണു്. ഹൃദയത്തിനു ചുമക്കുവാൻ വഹിയാത്ത ഒരു ഭാരം. ഇറക്കി ഒന്നാശ്വസിക്കുവാൻ ചുമട്ടുതാങ്ങിപോലുമില്ല. എവിടെ നോക്കിയാലും കുടലുപോലെ വളഞ്ഞുകിടക്കുന്ന തോടുകളും പരന്ന മൈതാനംപോലെ നോക്കെത്താതെ കിടക്കുന്ന കായലും. അതിൻെറയെല്ലാം തീരത്തു കണ്ണുനീർ പൊഴിക്കുന്ന ഒരു കുടുംബം—അല്ല—പല കുടുംബങ്ങൾ.

ദിവസങ്ങൾ പിന്നേയും ഗതിവിട്ടകന്നകന്നുപോകുകയാണു്. രാവും പകലും ഇടതോരാത്ത മഴ. കരകവിഞ്ഞു വെള്ളം ഒഴുകിത്തുടങ്ങി. മലവെള്ളത്തിൽപ്പെട്ടു വരുന്ന തടിത്തുണ്ടുകളെ കവന്നുപിടിക്കുവാൻ പലരും വള്ളങ്ങളിൽ സഞ്ചരിക്കുന്നുണ്ടു്.

കലങ്ങിമറിഞ്ഞുവരുന്ന മലവെള്ളം. കായൽസമീപത്തു താമസിക്കുന്നവർക്കുപോലും ഭയമായിത്തുടങ്ങി. കൊടുങ്കാററു പല കേവുവള്ളങ്ങളേയും വെള്ളത്തിനടിയിൽ താഴ്ത്തി. വെള്ളത്തിൽക്കൂടിയുള്ള യാത്ര പലരും ഉപേക്ഷിച്ചു. സവ്വീസ്ബോട്ടുകൾതന്നെ അനിശ്ചിതകാലത്തേക്കു നിത്തി. ഇടിയും മിന്നലും കൊടുങ്കാററും ജലപ്രളയവും തമ്മിലുള്ള പോരാട്ടം എങ്ങും ഭീതിയുടെ സാമ്രാജ്യം നീട്ടിക്കഴിഞ്ഞു. ആളുകൾ ഭയന്നു. കായൽ 144-ാംവകുപ്പു പ്രഖ്യാപിച്ചുകഴിഞ്ഞു. മുക്കുവക്കുടുംബങ്ങൾ നിയമം അനുസരിച്ചേ മതിയാവൂ. അതു പ്രകൃതിയുടെ നിയമമാണു്. അനുസരിപ്പിക്കുവാൻ കോടതിയില്ല. തോക്കുപിടിച്ച കൈകളില്ല. നിയമത്തെ എതിത്തു് 144 പ്രഖ്യാപിച്ച കായൽവളപ്പിൽ ഇറങ്ങിപ്പോയാൽ വരുന്ന അത്യാഹിതം സഹിച്ചേ മതിയാവൂ.

പ്രകൃതിയുടെ നിയമത്തിനു വിരുദ്ധമായി പ്രവത്തിക്കുന്നില്ലേ? നിയമം ലംഘിക്കുന്നവരില്ലേ? ഉണ്ടു്; പലരുമുണ്ടു്. ചിലർ നിയമത്തിൻെറ ദൃഷ്ടികളിൽ പെട്ടെന്നു വരാം; മററു ചിലർ അകപ്പെട്ടില്ലെന്നും വരാം.



പിതാവിൻെറ മരണത്തിൽ എസ്തർ മുഖംപൊത്തിക്കരഞ്ഞു...

അന്തരീക്ഷം മൂടിത്തന്നെ കിടക്കുന്നു. ഒരിക്കലും അനുഭവപ്പെടാത്ത ഇരുട്ടു്. രാത്രികളെല്ലാംകൂടി ഒന്നിച്ചു് ഇരുണ്ടുകൂടിയിരിക്കുകയാണു്. അടുത്തു നടക്കുവാൻപോകുന്ന ഏതോ ഭീതിയുടെ മുന്നറിയിപ്പുകൾ കാട്ടിക്കൊണ്ടു് മിന്നൽപ്പിണറുകൾ തീപ്പൊരിപറപ്പിച്ചുകൊണ്ടു പറന്നുപോയി.

എസ്തറിൻെറ ഹൃദയം വല്ലാതെ കിടന്നു പതറുന്നുണ്ടു്. ആഹാരസാധനങ്ങൾപോലും തീന്നിരിക്കുകയാണു്. ആ പരമാത്ഥം മനോവേദനയിൽകിടന്നു വട്ടംകറങ്ങുന്ന പിതാവിനെ എങ്ങനെ അറിയിക്കും? കായൽ ക്ഷോഭിച്ചു കിടക്കുന്ന അവസരത്തിൽ എങ്ങനെ പിതാവിനെ കായലിലേക്കയക്കും. ഒരുവേള എന്തെങ്കിലും അത്യാഹിതത്തിൽ പെട്ടുപോയാൽ പിന്നെ ആ കുടുംബത്തിൻെറ നിലയെന്തു്? ഈവക വീപ്പുമുട്ടിക്കുന്ന ചിന്തകൾ അവളെ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുലച്ചു. കായലിലെ തിരമാലകളുടെ മൂളൽ ശബ്ദം അവളെ ഭയപ്പെടുത്തി. ജീവിതം തുലാസിൽ തൂങ്ങുകയാണു്. ആ കുടുംബം വേദനയുടെ തിരമാലകളിൽപ്പെട്ടു പൊങ്ങുകയും താഴുകയും ചെയ്യുന്ന ഒരനുഭൂതി.

ശീമോൻചേട്ടൻ ഉറങ്ങിയിട്ടില്ല. ചുണ്ടും ഇളകിയ പല്ലുകളും തമ്മിൽ കൂട്ടിഅടിക്കുന്നുണ്ടു്...തണുപ്പു്, ഹൃദയത്തെ മുഴുവൻ ആട്ടി ഉലയ്ക്കുന്ന തണുപ്പു്...

ലോകം ശ്മശാനനിശ്ശബ്ദതയിൽ മുങ്ങിക്കിടക്കുകയാണു്.

അയാൾ എഴുന്നേററു വിളക്കു കൊളുത്തി, മകളെ വിളിച്ചു.

"കുറച്ചു കാപ്പി തിളപ്പിക്കു മോളേ."

അവൾ നിശ്ശബ്ദമായി അപ്പൻെറ മുന്നിൽ വന്നുനിന്നു. അവളുടെ നയനങ്ങൾ അതിനുത്തരമായി കണ്ണുനീർ വാത്തു.

"എന്താ മോളേ...നില്ക്കുന്നതു്. അപ്പനു തണുക്കുന്നു...ഇന്നു കായലിൽ ഒന്നു പോകണം...എത്രദിവസമായി...വേഗമാകട്ടെ..."

"അപ്പാ! ഈ വെള്ളപ്പൊക്കക്കാലത്തു് അപ്പൻ പോകുന്നോ? ഇരയ്ക്കുന്ന ശബ്ദംകേട്ടു പേടിയാകുന്നപ്പാ..."

"എന്തിനു പേടിക്കുന്നു മോളേ? ജീവിതം ദുഃഖസമ്പൂണ്ണമാണു്...കരയാനുള്ളതാണു്...കുറച്ചു കണ്ണുനീർ വീഴ്ത്തിയതിനുശേഷമേ മധുരിക്കുന്ന പൊട്ടിച്ചിരി അനുഭവപ്പെടുകയുള്ളു...നീ കുറച്ചു കാപ്പി അനത്തിയേ......"

മൗനം... നീണ്ടമൗനം........ ഒടുവിൽ അവൾ വിക്കി വിക്കി പറഞ്ഞു: "കാപ്പിയും...ചക്കരയും ...തീ..." പൂത്തീകരിക്കുന്നതിനു ശക്തിയില്ലാതെ പൊട്ടിക്കരഞ്ഞുപോയി.

"തീന്നുപോയതിനു നീ എന്തിനാ മോളേ കരയുന്നതു്. അതിനെന്താ, അപ്പൻ കൊണ്ടുവരാമല്ലോ."

"അപ്പാ, ഇന്നു പോകരുതേ ...: കായലിൻെറ കിടപ്പു്..."

"ഒന്നും പേടിക്കാനില്ല കുഞ്ഞേ."

ശീമോൻചേട്ടൻ ഉപകരണങ്ങൾ ഓരോന്നോരോന്നു് കൊതുമ്പുവള്ളത്തിൽ പെറുക്കിവച്ചു.

അയാൾക്കും വേദനയുണ്ടു്. വീടു പട്ടിണിയായിപ്പോയി. മക്കൾ വിശന്നുപൊരിയുന്നതു കാണുവാൻ ആ വൃദ്ധനു ശക്തിപോരാ. "വീടുപട്ടിണിയാണു്. എല്ലാം എത്തിപ്പോയി......" അയാളുടെ ശുഷ്കിച്ച ഹൃദയം വീണ്ടും വീണ്ടും അതു മന്ത്രിക്കുന്നു.

എസ്തർ ചെററപ്പുരയ്ക്കുള്ളിൽ കമഴ്ന്നുകിടന്നു കരയുകയാണു്. എന്തുചെയ്യും അപ്പൻെറ അയവില്ലാത്ത തീരുമാനത്തിൻെറ മുന്നിൽ.

പതഞ്ഞൊഴുകുന്ന വെള്ളച്ചാട്ടത്തെ മുറിച്ചു മുറിച്ചു ശീമോൻചേട്ടൻെറ കൊതുമ്പുവള്ളം കായലിനെ ലക്ഷ്യമാക്കി പായുകയാണു്.

അല്പസമയത്തിനുള്ളിൽ അയാൾ തോട്ടുവളപ്പിലെത്തി.

ആരും ഇല്ല. അയാൾ മാത്രം.

ശീമോൻചേട്ടൻ ധൈൎയ്യം അവലംബിച്ചു് കൊതുമ്പുവള്ളം കായലിലേക്കു തിരിച്ചുവിട്ടു.

പ്രകൃതി ഒന്നു നിശ്ചലമായി. മഴച്ചാററൽ ഒന്നുനിന്നു. ശീമോൻചേട്ടൻ സന്തോഷിച്ചു. ഹൃദയം പൊട്ടിച്ചിരിച്ചു.

ലോകം അപ്പോഴും നീണ്ടുനില്ക്കുന്ന നിദ്രയിലാണു്.

വല നിറയെ മത്സ്യം വലിച്ചു വള്ളത്തിൽ കൂട്ടി. വീണ്ടും വലയിറക്കി.

വള്ളത്തിലിരുന്നു് സന്തോഷത്തിൽ മതിമറന്നവനെപ്പോലെ ഉറക്കെ പാടി.

കടൽ വീണ്ടും ഉണന്നു. തിരമാലകൾ ഉരുണ്ടുരുണ്ടു മറിഞ്ഞുതുടങ്ങി. കുറച്ചുനിമിഷത്തെ നിശ്ചലാവസ്ഥയെ അതിലംഘിക്കുന്ന ഇടിമുഴക്കങ്ങളും മിന്നൽപ്പിണറുകളും.

നീളം കൂടിയ മുഴക്കങ്ങൾ!

ശീമോൻചേട്ടൻ ഒന്നു ഭയന്നു. കൊടുങ്കാററു് ആഞ്ഞടിച്ചു. തുള്ളിക്കൊരു കുടംപോലുള്ള മഴ. വല്ലാത്ത കാററു്. വള്ളം മേൽകീഴ് എടുത്തു മറിക്കുന്ന കാററു്. ആത്തിപിടിച്ചു തിരമാലകൾക്കെതിരായി, ചോരയും, നീരുംവററി വിറയ്ക്കുന്ന കരങ്ങളിൽ ഒതുക്കി വെള്ളത്തിൽ പിടിച്ചിരിക്കുന്ന മുളംകഴുക്കോൽ. അതിനേയും തട്ടിമറിക്കുന്ന വൻകാററു്. അയാളുടെ ഹൃദയത്തിനൊരിടിപ്പു്. കഴിവുകൾക്കുള്ളിൽ ഒതുങ്ങാത്ത അവസ്ഥ... ബ്രേക്കില്ലാത്ത ഒരു മോട്ടോർവണ്ടിപോലെ.

കൂട്ടുവള്ളങ്ങളോ, സഹായത്തിനു മനുഷ്യരോ ഇല്ല. പരന്നുകിടക്കുന്ന കായലും...ജീവനുവേണ്ടി തുള്ളിച്ചാടുന്ന തിരമാലകളും...

കാററു് ശീമോൻചേട്ടനെ വളരെയധികം ബദ്ധപ്പെടുത്തി. അയാളുടെ കൈകാൽ കുഴഞ്ഞു. കായൽ തുള്ളിച്ചാടുകയാണു്. അയാൾ ഇതികത്തവ്യതാമൂഢനായിത്തീന്നു.

അല്പനിമിഷത്തിനുള്ളിൽ ഒരു കൊടുംകാററു് ആ കൊതുമ്പുവള്ളത്തെ മറിച്ചു. ആത്തിപിടിച്ചു് നാക്കിൽ പതയുമായി മറിഞ്ഞുമറിഞ്ഞു് ഒന്നിനു പുറകേ ഒന്നായി വരുന്ന തിരമാലകൾ ശീമോൻചേട്ടനെ വെട്ടിവിഴുങ്ങി.....അയാൾ കായലിനടിയിലേക്കു താണു......വീണ്ടും പൊങ്ങി. അള്ളിപ്പിടിച്ചിരിക്കുന്ന കൊതുമ്പുവള്ളവുമായി പൊങ്ങി. പൊങ്ങിയും താണും മരണവുമായി മല്ലിടുന്ന അവസരത്തിൽ ഒരു നേരിയ ശബ്ദം...തിരിച്ചറിയുവാൻ പ്രയാസമില്ലാത്ത ഒരു ശബ്ദം...അതേ, എസ്തറിൻെറ ശബ്ദം. അയാളുടെ ബോധം നിശ്ശേഷം മറഞ്ഞുകഴിഞ്ഞിട്ടില്ല...മകൾ ഹൃദയംപൊട്ടി വിളിക്കുകയാണു്.........കായലിൻെറ മറെറാരററം അതിനു മറുപടികൊടുത്തു ...............അല്പസമയത്തിനുള്ളിൽ ജീവൻ നിശ്ശേഷം പൊയ്പ്പോയ ഒരു ശരീരം തിരമാലകൾ കരയ്ക്കടുപ്പിച്ചു...... എസ്തർ പൊട്ടിക്കരഞ്ഞു.......... മുഖം പൊത്തി വാവിട്ടുകരഞ്ഞു... ........ശോകസമ്പൂണ്ണമായ ഈ സന്ദേശവുമായി സൂൎയ്യൻ കിഴക്കു പൊട്ടിവിടന്നു.

—o—

എൻെറ സുഖക്കേടു് സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ സുഖമായതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

Miss Thresiamma Francis,
Punalur

നാഗപ്പുഴപ്പള്ളിയിൽ

എട്ടുനോയമ്പ്

സെപ്റ്റംബർ 1-ാംനു (ചിങ്ങം 16-ാംനു) ശനിയാഴ്ച ആരംഭിച്ചു് 8-ാംനു ശനിയാഴ്ച അവസാനിക്കുന്നതാണു്. പതിവുപോലെ ആദ്യദിവസംമുതൽ ധ്യാനവും ഉണ്ടായിരിക്കുന്നതാണു്.

വികാരി

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യയ്ക്കു പുറമെ " 8—12—0

(12-ാംപേജ് തുടർച്ച)

നാരായണപിള്ള സാറെന്നു വച്ചാൽ കുട്ടികളെല്ലാം കിടുകിടാ വിറയ്ക്കും. ഭയങ്കരതല്ലുകാരനാണ് വിദ്വാൻ. ആരെങ്കിലും എന്തെങ്കിലും തെറ്റു ചെയ്താൽ ചൂരൽവടികൊണ്ട് നാലെണ്ണം കൊടുത്തതിനുശേഷമേ വിവരം ചോദിക്കയുള്ളൂ. തെറ്റുകാരനെ കണ്ടുപിടിച്ചാൽ പിന്നെ അവനെ "ചപ്രം ചിപ്രം" തല്ലുകയായി. തല്ലു കഴിഞ്ഞ് കസേരയിൽ ചെന്നിരുന്നുകൊണ്ടു പറയും: "എടാ, ഞാനൊക്കെ ചാകുമ്പോൾ നിങ്ങൾക്കൊക്കെ അറിയാറാകുമെടാ" എന്ന്. അതു കേൾക്കുന്നതാണ് കുട്ടികൾക്ക് പരമസങ്കടം. തല്ല് എത്രയെങ്കിലും കൊള്ളാം. ഈ ശാപവാക്യം അവരിൽ വളരെ അമർഷം ഉളവാക്കിക്കൊണ്ടിരുന്നു.

അന്നു സുദീർഘമായ ആലോചനയുടെ ഫലമായി ചാണ്ടിച്ചൻ കണ്ടുപിടിച്ച ഒരു വിദ്യ. "നിനക്കു നാളെ നാലു കഴഞ്ചിക്കുരു കൊണ്ടുവരാമോടാ, നമുക്കു സാറിനെ ഒന്നു പററിക്കാം." ചാണ്ടിച്ചൻ തോമസിനോടു രഹസ്യമായി ചോദിച്ചു. ആ ആത്മസുഹൃത്തുക്കളുടെ വഴിപിഴച്ച ഗൂഢാലോചന.

"ഓ, അക്കാര്യം ഞാനേററു."

തോമസിനും ഉന്മേഷമായി.

പിറേറദിവസം കുട്ടികളാരും ക്ലാസ്സിൽ വരുന്നതിനുമുൻപ് ആ ചങ്ങാതിമാർ ക്ലാസ്സിലെത്തി. സാറിരിക്കുന്ന കസേരയുടെ നാലു കാലിന്റെയും അടിയിൽ അവർ ഓരോ കഴഞ്ചിക്കുരുവച്ചു.

× × ×

സാർ വന്നു. "ഇന്നു കണക്കു ചെയ്തുകൊണ്ടു വരാത്തവർ എണീക്കട്ടെ" ചാണ്ടിച്ചൻ പൂച്ചയുടെ കൈയിൽപെട്ട എലിയെപ്പോലെ വിറക്കാൻ തുടങ്ങി. തോമസും ചാണ്ടിയും ഉപജാപവൃത്തിയിൽ കണക്കിന്റെ കഥയങ്ങു മറന്നുപോയിരുന്നു. "കഴുതകളേ, നിങ്ങളെ ഞാൻ." രണ്ടു പേക്കും പ്രാരംഭമായി നന്നാലെണ്ണം കൊടുത്തു.

"ഞാനൊക്കെചാകുമ്പം..." എന്നു പതിവുള്ള ശാപവാക്യം ഉരുവിട്ടുകൊണ്ടു കസേരയിൽ ചെന്നിരുന്നതും കസേര വഴുതി സാറും കസേരയുംകൂടി നിലത്തു വീണതും ഒന്നിച്ചുകഴിഞ്ഞു.

"ആരാടാ തെമ്മാടികളെ ഇതു ചെയ്തത്?" ഇടിവെട്ടുന്നതുപോലെ സാറ് അലറി. സാറിന്റെ കണ്ണിൽ കോപം ജ്വലിക്കയാണ്.

"പറയിനെടാ വേഗം... ഉം."

കോണിലിരുന്നു കിലുകില വിറയ്ക്കുന്ന ചാണ്ടി സാറിന്റെ ദൃഷ്ടിയിൽപ്പെട്ടു. "ചാണ്ടി ഇവിടെ വാ." ഒരു സുഗ്രീവാജ്ഞ. ചാണ്ടി പതുങ്ങിപ്പതുങ്ങി സാറിന്റെ അടുത്തെത്തി. "ഇതു നീയല്ലേ ചെയ്തത്? പറഞ്ഞോ സത്യം."

"ഞാനല്ലാ സാറെ?"

"പിന്നെയാരാ."

"ആ തോമസാ". അന്നു തോമസിനുകണക്കിനുകിട്ടി. അങ്ങനെ അവർ തമ്മിൽ പിരിഞ്ഞു. തോമസിനുചാണ്ടിച്ചനോടു കഠിനമായ വിദ്വേഷംതോന്നി. കുറെക്കഴിഞ്ഞപ്പോൾ ചാണ്ടിച്ചനു കുണ്ഠിതമായി. പിറേറദിവസം കാലത്ത്, പ്രതികാരേച്ഛുവായ തോമസ് സ്കൂളിലേക്കു പോയ രംഗമാണ് മുകളിൽ കണ്ടത്. ദിവസം മുഴുവനും അങ്ങനെ തന്നെ തുടന്നു. തോമസിന്റെ പ്ലാനുകൾ ഒന്നിനൊന്നു മനസ്സിൽ ഉറച്ചുവന്നിരുന്നു. എങ്കിലും ക്ലാസു വിട്ടശേഷവും കുറെ സമയം പകത്തെഴുതുന്നതിനു സ്കൂളിൽ താമസിക്കേണ്ടിവന്നു. ചാണ്ടിച്ചൻ തോമസിനെ കാത്തുനില്പായി. തോമസ് മുഖവും വീപ്പിച്ചു കടന്നുപോയപ്പോൾ ചാണ്ടിച്ചൻ വിളിച്ചു: "നില്ക്കു തോമസേ, നമുക്കൊന്നിച്ചുപോകാം." തോമസ്സതു കേട്ട ഭാവമേയില്ല. ചാണ്ടി തോമസിന്റെ കൈ കടന്നുപിടിച്ചു.

"വിടടാ തെണ്ടി." തോമസ് അലറി.

"എന്റെ തോമസ്സെ, എന്നോടു ക്ഷമിക്കു; ഞാനാ പറഞ്ഞത്."

"വിടാനാ നിന്നോടു പറഞ്ഞത്." തോമസ് കുതറിമാറി.

"ഞാൻ വിടില്ല; നീ എന്നെ എന്തെങ്കിലും ചെയ്തോ." ചാണ്ടിച്ചൻ സാഹസപ്പെട്ടു.

തോമസിന്റെ പ്രതികാരാഗ്നി കെട്ടുപോയി! അവർ രമ്യപ്പെട്ടു! അവർ തമ്മിൽ വത്തമാനം പറയുകയും ചിരിക്കയും ചെയ്തു. കുട്ടികൾ തമ്മിലുള്ള പിണക്കവും മഴക്കാർ മൂടിയ സൂര്യനും തുല്യമാണല്ലോ. കാർമേഘം നീങ്ങുമ്പോൾ അതു വീണ്ടും പ്രകാശിക്കും. ചെയ്ത തെററിനെപ്പററി രണ്ടുപേക്കും മനസ്താപമായി.

"ചാണ്ടിച്ചാ" തോമസു പറഞ്ഞു. "നാരായണപിള്ള സാറില്ലേ നല്ല മനുഷ്യനാണ്. അദ്ദേഹം നമ്മുടെ നന്മയ്ക്കുവേണ്ടിയല്ലേ നമ്മെ ശാസിക്കുന്നതും ശിക്ഷിക്കുന്നതുമെല്ലാം. നമ്മുടെ ഈ പ്രവൃത്തി അദ്ദേഹത്തിനു വളരെ സങ്കടത്തിനു കാരണമായിട്ടുണ്ട്."

"അദ്ദേഹംനല്ല മനുഷ്യനാണ്. നമ്മളു കാണിച്ചതു മോശമായിപ്പോയി". ചാണ്ടിച്ചൻ സമ്മതിച്ചു.

"നമുക്കു പോയി അദ്ദേഹത്തോടു ക്ഷമായാചനം ചെയ്താലോ?" തോമസിന്റെ നിർദ്ദേശം.

"നാളെയാവട്ടെ." ചാണ്ടിച്ചനും സമ്മതിച്ചു.

പടിഞ്ഞാറെ ആകാശത്തിൽ അന്തിച്ചോപ്പു മായുകയിൽ സോല്ലാസരായി അവർ ഒന്നിച്ചു വീട്ടിലേക്കു മടങ്ങി.

# ചോദിച്ചാൽ പറയാം

3. ചോ: ജൂലൈ 29-ാംനു- യിലെ മലബാർമെയിലിൽ "പാപമോചനത്തിനായുള്ള ജ്ഞാനസ്നാനം" എന്നു പ്രയോഗിച്ചുകാണുന്നു. ഗാന്ധിത്തൊപ്പിധാരണം പോലെ, ഒരു പുതിയ പ്രസ്ഥാനത്തിൽ ചേരുന്നവരെ വേർതിരിപ്പാൻ വേണ്ടി സ്വീകരിച്ച ഒരു അടയാളം മാത്രമാണല്ലോ ജ്ഞാനസ്നാനം. ആകയാൽ ജ്ഞാനസ്നാനത്താൽ പാപം മോചിക്കപ്പെട്ടുമെന്നു പറയുന്നതു ശരിയാണോ?

കെ. എം. വി.

ഉ: ജ്ഞാനസ്നാനത്തെപ്പററി നാം ആദ്യമായി വായിക്കുന്നതു വിശുദ്ധ മത്തായിയുടെ സുവിശേഷം മൂന്നാമദ്ധ്യായത്തിലാണ്. "അവർ തങ്ങളുടെ പാപങ്ങൾ ഏററുപറഞ്ഞുകൊണ്ടു യോർദ്ദാൻ നദിയിൽവച്ചു സ്നാപകയോഹന്നാനിൽനിന്നു സ്നാനം സ്വീകരിച്ചു"വെന്നും "ഞാൻ നിങ്ങളെ പശ്ചാത്താപത്തിനായി വെള്ളംകൊണ്ടു സ്നാനപ്പെടുത്തുന്നു"വെന്നും അവിടെ നാം വായിക്കുന്നു. സ്നാപകയോഹന്നാൻ എന്തെങ്കിലും പുതിയ പ്രസ്ഥാനമാരംഭിച്ചതായി വേദപുസ്തകത്തിൽനിന്നോ പാരമ്പയ്യത്തിൽനിന്നോ, നമുക്കറിയാൻ കഴിയുന്നില്ല. എങ്കിലും തന്റെ അടുക്കൽ വന്നു അനുതപിക്കുകയും പാപങ്ങൾ ഏററുപറയുകയും ചെയ്യുന്നവരെ അദ്ദേഹം സ്നാനപ്പെടുത്തിയിരുന്നു. തന്മൂലം ജ്ഞാനസ്നാനം, ഗാന്ധിത്തൊപ്പിധാരണംപോലെ, ഏതെങ്കിലും പ്രസ്ഥാനത്തിൽ ചേരുന്നവരെ വേർതിരിച്ചറിയാൻവേണ്ടി സ്വീകരിച്ച ഒരു അടയാളമല്ലെന്നുള്ളതു സ്പഷ്ടമാണ്. (സ്നാപകയോഹന്നാന്റെ സ്നാനവും ക്രിസ്തീയകൂദാശയായ ജ്ഞാനസ്നാനവും ഫലത്തെ സംബന്ധിച്ചിടത്തോളം ഒരേ തരത്തിലുള്ളതല്ലാ.)

ജ്ഞാനസ്നാനത്തെ സംബന്ധിച്ചു നമ്മുടെ കത്താവിന്റെ വാക്കുകൾ ഇവയാണ്: "ഒരു മനുഷ്യൻ വെള്ളത്താലും ആത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ, ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴിയുകയില്ല." (യോ. III 5) "നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ച് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ" (മത്തായി 28: 19) ക്രിസ്തു വ്യവസ്ഥാപിച്ച ഈ ജ്ഞാനസ്നാനത്തിന്റെ ഫലദായകശക്തി എന്തെന്ന് അവിടുത്തെ ശിഷ്യന്മാർ നല്ലതുപോലെ മനസ്സിലാക്കിയിരിക്കണമല്ലോ. പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം വിശുദ്ധ പത്രോസ് ജനക്കൂട്ടത്തോട് ചെയ്ത ആദ്യത്തെ പ്രസംഗത്തിൽതന്നെ പറയുന്നതു നോക്കുക: "പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കേണ്ടതിനായി നിങ്ങൾ പശ്ചാത്തപിക്കുകയും, പാപങ്ങളുടെ ശാന്തിക്കായി നിങ്ങളിൽ ഓരോരുത്തനും കത്താവായ ഈശോയുടെ നാമത്തിൽ സ്നാനപ്പെടുകയും ചെയ്യുവിൻ." (നടപടി ii. 38)

പാപങ്ങളുടെ ശാന്തിക്കായി ജ്ഞാനസ്നാനപ്പെടുവാനാണല്ലോ വിശുദ്ധ പത്രോസ് ഉദ്ബോധിപ്പിക്കുന്നത്. വിശുദ്ധ പൗലോസ് പറയുന്നതു നോക്കുക: "എഴുന്നേററു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടു സ്നാനപ്പെട്ട് നിന്റെ പാപങ്ങളിൽനിന്നു ശുദ്ധീകരിക്കപ്പെടുക." (നടപടി 22: 16) "നിങ്ങൾ നമ്മുടെ കത്താവായ ഈശോമിശിഹായുടെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും കഴുകി ശുദ്ധീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു" (i കോറി. vi. 11) "ജലത്തിലുള്ള സ്നാനംകൊണ്ടും വചനംകൊണ്ടും അവളെ ശുദ്ധീകരിക്കുവാനും വെടിപ്പാക്കുവാനും..." (എഫേ: v 26) "നാം ചെയ്ത നീതിയുടെ പ്രവൃത്തികൾകൊണ്ടല്ലാ, പിന്നെയോ തന്റെ കരുണനിമിത്തമാകുന്നു. പുനജ്ജന്മത്തിന്റെ സ്നാനത്താലും നമ്മുടെ രക്ഷകനായ ഈശോമിശിഹാമൂലം നമ്മുടെമേൽ സമൃദ്ധമായി ചൊരിഞ്ഞ പരിശുദ്ധാത്മാവിന്റെ നവീകരണത്താലും അവൻ നമ്മെ രക്ഷിച്ചതു" (തീത്തൂസ് iii 5-6)

വിശുദ്ധ പത്രോസിന്റെ ഒന്നാംലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "നിങ്ങളുടെ (പെട്ടകത്തിന്റെ) സാദൃശ്യത്താൽ തന്നെ മാമ്മോദീസാമൂലം രക്ഷ പ്രാപിക്കുന്നുവല്ലോ. അതു അഴുക്കിൽനിന്നു ശരീരത്തെ നിങ്ങൾ കഴുകുന്നതുകൊണ്ടല്ലാ, പിന്നെയൊ ശുദ്ധ മനസ്സാക്ഷിയോടുകൂടി ദൈവത്തേയും... ഈശോമിശിഹായുടെ ഉയിപ്പിനേയും ഏററു പറയുന്നതുകൊണ്ടത്രേ" (iii 21-22) "മിശിഹായിൽ സ്നാനപ്പെട്ടവർ മിശിഹായെ ധരിച്ചിരിക്കുന്നു" (ഗലാ: iii, 27) "എല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമായിട്ടു സ്നാനം ഏല്ക്കുകയും, നാമെല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തിരിക്കുന്നു" (i കോറി xii 13) എന്നു വിശുദ്ധ പൗലോസും എഴുതുന്നു.

പാപമോചനത്തിന്, പ്രത്യേകിച്ച് ഉത്ഭവപാപമോചനത്തിന്, ജ്ഞാനസ്നാനത്തിനുള്ള ശക്തിയെപ്പററി ആദിമസഭാപിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. ഉത്ഭവപാപമോചനത്തിനു ജ്ഞാനസ്നാനത്തിന്റെ അനുപേക്ഷണീയതയെ ഒരിജൻ ചൂണ്ടിക്കാണിക്കുന്നു. "ജ്ഞാനസ്നാനം മൂലം എല്ലാ പാപങ്ങളും മോചിക്കപ്പെടുന്നു" എന്നാണു വിശുദ്ധ ജറോം (Epis. L X, IX, 4) പഠിപ്പിക്കുന്നത്. ഉത്ഭവപാപത്തെയും കമ്മപാപങ്ങളെയും ഒന്നുപോലെ മോചിപ്പിക്കുന്നുവെന്നാണു ത്രെന്തോസു സൂനഹദോസു പഠിപ്പിക്കുന്നത്. പാപങ്ങളെ മാത്രമല്ല, പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷകളും മോചിക്കപ്പെടുന്നുവെന്നാണ് സൂനഹദോസിന്റെ പാഠം. ആകയാൽ ജ്ഞാനസ്നാനം കേവലം ബാഹ്യമായ ഒരു അടയാളം മാത്രമല്ല. അതു പാപങ്ങളെ മോചിക്കുന്നതും, ആത്മാവിൽ മാഞ്ഞുപോകാത്ത ഒരു മുദ്ര പതിക്കുന്നതുമായ കൂദാശയാകുന്നു.

രക്ഷയ്ക്കു വിശ്വാസം മാത്രം മതിയെന്നുള്ള പ്രോട്ടസ്റ്റൻറുകാരുടെ വാദത്തിന്റെ ഒരു അവശിഷ്ടമാണു മാമ്മോദീസാ ഒരു വെറും അടയാളമാണെന്നുള്ള സങ്കല്പം. ക്രിസ്തുവോ, അപ്പോസ്തോലന്മാരോ, ആദിമസഭാപിതാക്കന്മാരോ ജ്ഞാനസ്നാനത്തിനു ആ അത്ഥം കൊടുത്തിരുന്നില്ലാ. "പാപമോചനത്തിനായി ജ്ഞാനസ്നാനപ്പെടുക" യെന്നു വിശുദ്ധ പത്രോസ് ഖണ്ഡിതമായി പറയുന്നതു നോക്കുക. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് ക്രിസ്തു കുരിശിൽ ബലി സമപ്പിച്ചതെന്നുള്ളതു വാസ്തവംതന്നെ. പക്ഷെ തന്നിൽ വിശ്വസിക്കുകയും, തന്റെ പ്രമാണങ്ങളനുസരിക്കുകയും ചെയ്യുന്നവക്കു മാത്രമേ ആ രക്ഷ അവിടുന്നു വാഗ്ദാനം ചെയ്തിട്ടുള്ളു. ജ്ഞാനസ്നാനം അവിടുന്നു നിർദ്ദേശിച്ച ഒരുപാധിയാണ്. ആകയാൽ ക്രിസ്തുവിന്റെ ബലിയും, പാപമോചനത്തിനായുള്ള ജ്ഞാനസ്നാനവും പൊരുത്തപ്പെടാത്ത സംഗതികളാണെന്നുള്ള ചില പ്രോട്ടസ്റ്റൻറുകാരുടെ വാദം അത്ഥശൂന്യമാകുന്നു.

4. ചോ: വിശുദ്ധ സെബസ്ത്യാനോസിന്റെ ജന്മസ്ഥലം മാതൃരാജ്യമായ മിലാനിലാണെന്നു ഒരു ജീവചരിത്രഗ്രന്ഥത്തിലും പിതൃരാജ്യമായ ഫ്റാൻസിലാണെന്നു മറെറാരു ഗ്രന്ഥത്തിലും കാണുന്നു. ഏതാണു ശരി.

എ. ജി. ആലപ്പാട്ട്

ഉ: വിശുദ്ധ സെബസ്ത്യാനോസ് എ. ഡി. 286-ൽ ഒരു വേദസാക്ഷിയായി മരിച്ചു എന്നതിൽ കവിഞ്ഞൊന്നും ഖണ്ഡിതമായി പറയുക സാദ്ധ്യമല്ല. എ. ഡി. 354-ലെ ഒരു രക്തസാക്ഷിനാളാഗമത്തിൽ അദ്ദേഹിന്റെ മരണത്തെയും ശവസംസ്കാരത്തെയുംപററി പറയുന്നു. വിശുദ്ധ അംബ്രോസീസാകട്ടെ, വിശുദ്ധ സെബസ്ത്യാനോസ് മിലാൻകാരനായിരുന്നുവെന്നു പ്രസ്താവിക്കുന്നുണ്ട്. അഞ്ചാംനൂററാണ്ടിന്റെ ആരംഭത്തിൽ എഴുതപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥത്തിലാണു അദ്ദേഹത്തെപ്പററി കൂടുതൽ വിവരങ്ങൾ കാണുന്നത്. പക്ഷെ അതിലെ പ്രസ്താവങ്ങളെപ്പററി ചരിത്രകാരന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായമുണ്ട്. പരമ്പരാഗതമായി അറിഞ്ഞുപോന്നിട്ടുള്ള വിവരങ്ങളെയാണു ജീവചരിത്രകാരന്മാർ ആലംബമാക്കുന്നത്. എവിടെ ജനിച്ചു എന്നു ചരിത്രദൃഷ്ട്യാ ഖണ്ഡിതമായി പറയുക വിഷമമാണ്. എന്നാൽ ബാല്യകാലം ചെലവഴിച്ചതു മിലാനിലാണെന്നു വിശുദ്ധ അംബ്രോസീസിന്റെ വാക്കുകളിൽനിന്നു മനസ്സിലാക്കാം.

5. ചോ: ബൈബിൾതത്വങ്ങൾ അനുസരിക്കുന്ന ഒരു വ്യക്തിക്കു വല്ല ഭാഗ്യക്കുറിയോ നിധിയോ കിട്ടാതെ എങ്ങനെ സമ്പന്നനാകുവാൻ സാധിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. പണക്കുമ്പാരത്തിന്റെ പിന്നിൽ വഞ്ചനയും തട്ടിപ്പും നിദ്ധനന്റെ രക്തവും കട്ടപിടിച്ചു കിടക്കുന്നുണ്ടാകും.

എ. ജി. ആലപ്പാട്ട്

ഉ: ബൈബിൾ തത്വങ്ങൾ അനുസരിച്ചു ജീവിക്കുന്ന ഒരു വ്യക്തിക്കു സമ്പന്നനാകുവാൻ സാധിക്കുകയില്ലെന്നുള്ളത് ഒരു മിഥ്യാധാരണയാണ്. "ധനവാൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതു എളുപ്പമാകുന്നു" (മത്തായി xix, 24) എന്നും, മൃതനായ ലാസർ അബ്രാഹമിന്റെ മടിയിലേക്കു കൊണ്ടുപോകപ്പെട്ടപ്പോൾ, ധനവാൻ നരകത്തിലേക്കു വിധിക്കപ്പെട്ടു (ലൂക്കാ xvi, 22) എന്നും ക്രിസ്തുനാഥൻ പറഞ്ഞിട്ടുണ്ടെന്നുള്ളതു ശരിതന്നെ. "ദൈവത്തേയും മാമോനേയും സേവിക്കുവാൻ സാദ്ധ്യമല്ല" (മത്താ: vi, 24) എന്നും അവിടുന്നു പഠിപ്പിച്ചിട്ടുണ്ട്. ധനം സമ്പാദിക്കുന്നത് അതിനാൽതന്നെ നിഷിദ്ധമായ ഒരു സംഗതിയാണെന്നു ക്രിസ്തു കല്പിച്ചിട്ടില്ല. നിത്യരക്ഷ പ്രാപിക്കുവാനുള്ള ഉപദേശമാരാഞ്ഞുകൊണ്ടു തന്നെ സമീപിച്ച ധനവാനായ ചെറുപ്പക്കാരനോട് കല്പനകൾ കാത്തുകൊള്ളുവാനാണ് അവിടുന്നു ഉപദേശിച്ചത്. അതോടുകൂടിത്തന്നെ പരിപൂർണ്ണനാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ സമ്പത്തു മുഴുവൻ ദരിദ്രക്കു കൊടുത്ത് തന്നെ അനുഗമിക്കുവാനും അവിടുന്നു ഉപദേശിച്ചു. സമ്പന്നനായ അവൻ പ്രമാണങ്ങൾ അനുസരിക്കുമെങ്കിൽ നിത്യായുസ്സിനു അവകാശിയാകുമെന്നു ക്രിസ്തുനാഥൻ പറഞ്ഞിരിക്കുന്നു. അതുപോലെതന്നെ ധനവാനും ചുങ്കക്കാരിൽ പ്രധാനിയുമായ സക്കൈ അവന്റെ വസ്തുവകകളുടെ പകുതി ഭാഗം ദരിദ്രക്കു കൊടുത്തപ്പോൾ "ഇന്നു ഈ വീട്ടിനു രക്ഷയുണ്ടായി" (ലൂക്കാ xix 9) എന്നാണ് അവിടുന്നു അരുളിച്ചെയ്തത്. മുഴുവൻ കൊടുക്കുവാൻ അവിടുന്നു ഉപദേശിച്ചില്ല.

ധനം സമ്പാദിക്കുന്നതിനെ ബൈബിൾ നിരോധിച്ചിട്ടില്ല. പക്ഷേ ധനസമ്പാദനം ന്യായവും അക്രമരഹിതവുമായ മാർഗ്ഗങ്ങളിലൂടെയായിരിക്കണം. ദൈവത്തേയും ആത്മരക്ഷയേയുംകാൾ കൂടുതലായി ധനത്തെ സ്നേഹിക്കയുമരുത്. ധനസമ്പാദനത്തിന്റെ പിന്നിൽ വഞ്ചനയും തട്ടിപ്പും നിദ്ധനന്റെ രക്തവും കട്ടപിടിച്ചുകിടപ്പുണ്ടെന്നു പൊതുവായി പറയുന്നതു ശരിയല്ല. ചിലരുടെ ധനസമ്പാദനം ആ വിധത്തിലായിരിക്കാം. പക്ഷേ പലരുടേയും അങ്ങനെയല്ലായിരിക്കും. ഇക്കാലത്തു പലരും സ്വന്ത സാഹിത്യകൃതികൾ വഴിയായി ലക്ഷക്കണക്കിനു പവൻ സമ്പാദിക്കുന്നുണ്ടല്ലോ. അതിന്റെ പിന്നിൽ എന്തു വഞ്ചനയും തട്ടിപ്പുമാണുള്ളത്. തങ്ങളുടെ നടനവൈദഗ്ധ്യംകൊണ്ടും സംഗീതവാസനകൊണ്ടും കോടിക്കണക്കിനു ഡോളർ സമ്പാദിച്ചിട്ടുള്ള താരങ്ങളുണ്ട്. അതിന്റെ പിന്നിൽ ഏതു ദരിദ്രന്റെ രക്തമാണ് കട്ടപിടിച്ചു കിടക്കുന്നത്? സ്വന്തപുരയിടത്തിൽ സ്വയം കൃഷിചെയ്തു മിച്ചംവെച്ചു ഉയന്ന നിലയിൽ വന്നിട്ടുള്ള പല കുടുംബങ്ങളും നമ്മുടെ നാട്ടിലുണ്ട്. അവരുടെ ഉയർച്ചയുടെ പിന്നിൽ യാതൊരു തട്ടിപ്പും വഞ്ചനയുമില്ലെന്നു നമുക്കറിയാം.

ക്രിസ്തു സ്വകായ്യസ്വത്തിനെ നിഷേധിക്കുകയല്ലാ, അതിനെ ന്യായപൂവ്വമായ വിധം വിതരണം ചെയ്യണമെന്നു ഉപദേശിക്കുകയാണു ചെയ്തത്. കത്തോലിക്കസഭയുടെ സാമുദായികസിദ്ധാന്തവും അതാകുന്നു.

(2-ാംപേജ് തുടർച്ച)

ത്തിൻെറ മദ്ധ്യകാലത്തല്ലാതെ അതിനു മുൻപു് ഇങ്ങനെയൊരു പെൺപാപ്പായെപ്പററിയാതൊരു പ്രസ്താവനയും കാണ്മാനില്ല. പെൺപാപ്പായുടെ കാര്യം ചരിത്രപരമായി വാസ്തവമായിരുന്നെങ്കിൽ 10-ാം ശതാബ്ദംമുതൽ 13-ാം ശതാബ്ദംവരെ ഉണ്ടായിട്ടുള്ള നിരവധി ചരിത്രകാരന്മാരിൽ ആരെങ്കിലും ഇങ്ങനെയൊരു പെൺപാപ്പാ പ്രത്യക്ഷമായിരുന്ന കാര്യം അറിയുകയില്ലായിരുന്നോ? അവരാരും ഇക്കാര്യം അറിയുകയില്ലായിരുന്നുവെന്നു വിശ്വസിക്കുക അസാദ്ധ്യമത്രെ.

2) സിക്സ്റ്ററസ് അഞ്ചാമൻ മാർപ്പാപ്പായുടെ ഭരണകാലത്തു് (1585—1590) റോമ്മായിൽ മല്ല രംഗത്തിനു സമീപമുള്ള ഒരു തെരുവിൽ കണ്ടെത്തപ്പെട്ടതും, ഒരു കുട്ടിയോടുകൂടിയതുമായ മനുഷ്യപ്രതിമ പെൺപാപ്പായെ സൂചിപ്പിക്കുന്നതായി നാടോടിവാർത്തയുണ്ടായി. പുരാതനങ്ങളായ സ്മാരകസ്തംഭങ്ങളെ സംബന്ധിച്ചു് മദ്ധ്യശതകങ്ങളിൽ വകഞ്ഞുകെട്ടിയുണ്ടാക്കിയിരുന്ന അവാസ്തവങ്ങളായ പല വ്യാഖ്യാനങ്ങളും, സാധാരണജനങ്ങളുടെ വിഭാവനകളുമാണു് യോവാൻ എന്ന പെൺപാപ്പായുടെ കെട്ടുകഥയ്ക്കു പ്രാരംഭകാരണമായിത്തീന്നതു്. ഇവയെ 13-ാം ശതാബ്ദത്തിൻെറ മദ്ധ്യകാലത്തു ജീവിച്ചിരുന്ന വിമശനപാണ്ഡിത്യമില്ലാത്ത ഇതിഹാസകത്താക്കൾ, തങ്ങളുടെ ഗ്രന്ഥങ്ങളിൽ പകത്തിയെഴുതി ഇവയ്ക്കു സംപൂജ്യസ്ഥാനം ലഭിക്കുന്നതിനു് ഇടവരുത്തി." (കത്തോലിക്കാ വിജ്ഞാനകോശം, ജോവാൻ, പെൺപാപ്പാ)

ഈ പരിഭാഷയ്ക്കു വല്ല പിശകും വന്നിട്ടുണ്ടോ എന്ന സംശയത്തിന്മേൽ അക്രൈസ്തവരായ ചില പണ്ഡിതന്മാരെക്കൊണ്ടു് പരിശോധിപ്പിച്ചപ്പോൾ ബ: അച്ചൻെറ പരിഭാഷയിൽ ഒരു വള്ളിക്കോ, പുള്ളിക്കോ, അത്ഥത്തിനോ വ്യത്യാസമില്ലെന്നു അവർ ഏകാഭിപ്രായമായി പറഞ്ഞു. കല്ക്കദോനിയാ സൂനഹദോസിനെപ്പററിയും, പെൺപാപ്പായെക്കുറിച്ചും എനിക്കുണ്ടായിരുന്ന സംശയങ്ങൾ ഇല്ലാതാകുകയും, സഖറിയാശെമ്മാശ്ശൻെറയും, മററു യാക്കോബായക്കാരുടേയും, സഭയിലെ മേലദ്ധ്യക്ഷന്മാരുടേയും പൊള്ളത്തരങ്ങൾ എനിക്കു മനസ്സിലാവുകയുംചെയ്തു.

### സഭയെപ്പററി പഠിച്ചു

കത്തോലിക്കാസഭയെ സംബന്ധിച്ചു് ഇനിയും എനിക്കു അവശേഷിച്ചിരിക്കുന്ന സംശയങ്ങളിൽപെട്ടതു് അവരുടെ ജപമാല, ഉത്തരീയം മുതലായവയായിരുന്നു. അവകളുടേയും സംശയനിവാരണത്തിനായി അതു സംബന്ധിച്ചുള്ള കത്തോലിക്കരുടെ പുസ്തകങ്ങൾ, മാസികകൾ മുതലായവ ഞാൻ വായിച്ചതിൽ അവകളെല്ലാം ആത്മരക്ഷയ്ക്കു പര്യാപ്തമായിട്ടുള്ളതാണെന്നും, വളരെ അത്ഥവത്തായിട്ടുള്ളതാണെന്നും എനിക്കു പൂണ്ണബോദ്ധ്യംവന്നു. ഇത്രയുമായപ്പോഴേക്കു കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായി.

എങ്കിലും ഒരു കത്തോലിക്കൻ അവശ്യം അറിഞ്ഞിരിക്കേണ്ട മററു കാര്യങ്ങളെക്കുറിച്ചു പഠിക്കുന്നതിനും മററുമായി എനിക്കു കുറേ കാലതാമസം നേരിട്ടു. കത്തോലിക്കാ സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന വിശ്വാസാചാരങ്ങൾ ലോകത്തിലുള്ള യാതൊരു പണ്ഡിതന്മാക്കും വള്ളിക്കോ, പുള്ളിക്കോ വ്യത്യാസം വരുത്തുവാൻ പാടില്ലാത്തവിധം അത്രയ്ക്കു പൂണ്ണമായതും, സഫലമായതും, ദൈവികനൽവരം ധാരാളമായി ചൊരിഞ്ഞുകൊണ്ടിരിക്കുന്നതുമാണെന്നു് അതു ശരിയായി പഠിക്കുന്ന ഏവർക്കും മനസ്സിലാക്കുവാൻസാധിക്കും. നിഖ്യാസൂനഹദോസിൽ വി. പിതാക്കന്മാരാൽ നിണ്ണയിക്കപ്പെട്ടിരിക്കുന്ന കാതോലികവും ശ്ലൈഹികവും വിശുദ്ധവുമായ ഏക സഭ കത്തോലിക്കാസഭയാണെന്നു ഞാൻ വിശ്വസിച്ചു. പക്ഷെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടണമെന്നുള്ള എൻെറ ആഗ്രഹനിവൃത്തിക്കു് പിന്നേയും കുറെ കാലതാമസം നേരിട്ടു. എന്തെന്നാൽ, എൻെറ പ്രിയ മാതാവു് വാദ്ധക്യത്താൽ അവശതയിലായിരുന്നതുകൊണ്ടും എൻെറ ആഗ്രഹത്തെപ്പററി അമ്മയോടു പറഞ്ഞപ്പോൾ ചിന്താശക്തി നഷ്ടപ്പെട്ടിരിക്കുന്ന ആ മാതാവു് കത്തോലിക്കാസഭയെപ്പററി ശരിയായി അറിഞ്ഞിട്ടില്ലാത്തതുകൊണ്ടു് നമ്മുടെ അപ്പന്മാർ നിന്ന സഭയിൽ തന്നെ നമുക്കു നിന്നാൽ മതിയെന്നും, അഥവാ നിനക്കു നിർബന്ധമാണെങ്കിൽ ഞാൻ മരിച്ചശേഷം നിൻെറ ഇഷ്ടംപോലെ ചെയ്തുകൊള്ളുക എന്നും പറഞ്ഞതുകൊണ്ടും, അമ്മയുടെ ഇഷ്ടത്തിനു വിപരീതമായി അതുവരേയും ഞാൻ യാതൊന്നും ചെയ്തിട്ടില്ലാത്തതിനാൽ എൻെറ ഈ പരിവത്തനം എൻെറ പ്രിയപ്പെട്ട അമ്മയുടെ അവസാനസമയത്തു് ഒരു ദുഃഖത്തിനു കാരണമാകുമെന്നു് ഭയപ്പെട്ടതിനാലും ഞാൻ ഇതികത്തവ്യതാമൂഢനായി ഏതാനും മാസങ്ങൾകൂടി കഴിച്ചുകൂട്ടേണ്ടിവന്നു. അമ്മ പരലോകംപ്രാപിച്ചു. അമ്മയുടെ ശവസംസ്കാരത്തിൽ ഞാൻ ഒരു യാക്കോബായക്കാരനെപ്പോലെതന്നെ സംബന്ധിക്കുകയും ചെയ്തു.

എൻെറ നിശ്ചയത്തെപ്പററി ഞാൻ കാലംചെയ്ത കോട്ടയംമെത്രാൻ തിരുമേനിയെ അറിയിക്കുകയും തിരുമനസ്സിലെ നിദ്ദേശമനുസരിച്ചു് വെളിയനാട്ടു് കത്തോലിക്കാപ്പള്ളിയായ മിഖായേൽ പള്ളിയിൽപോയി സത്യപ്രതിജ്ഞ ചെയ്കയും ചെയ്തു. ഞാനും എൻെറ ഭാര്യയും മക്കളുംകൂടി പരേതനായ മോഴച്ചേരിൽ തോമ്മാച്ചനാൽ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെടുകയുംചെയ്തു. എൻെറ സത്യാന്വേഷണത്തിൽ എനിക്കുണ്ടായിരുന്ന തെററിദ്ധാരണകൾ നീക്കി സത്യമാർഗ്ഗം കാണിച്ചതിനു് എൻെറ ആത്മരക്ഷയെ സുരക്ഷിതമാക്കിത്തീർത്ത ദൈവത്തെ ഞാൻ മഹത്വപ്പെടുത്തുന്നു. എൻെറ സംശയങ്ങൾക്കു നിവാരണംവരുത്തുന്നതിനു എന്നെ സഹായിച്ച എല്ലാവരോടും പ്രത്യേകിച്ചു് പരേതനായ ബ: കുരിയാക്കോസച്ചനോടും ഞാൻ അതീവ കൃതജ്ഞനാണു്. സത്യമാർഗ്ഗം ഏതാണെന്നറിയാതെ വിവിധ അകത്തോലിക്കാസഭാവിഭാഗങ്ങളിൽ നില്ക്കുന്ന സഹോദരങ്ങൾ, നമ്മുടെ രക്ഷകനായ ക്രിസ്തുനാഥൻ സ്ഥാപിക്കുകയും, വി. പത്രോസിനെ ഭരമേല്പിക്കുകയുംചെയ്ത കാതോലികവും ശ്ലൈഹികവും വിശുദ്ധവുമായ ആ ഏകസത്യസഭയിൽ അംഗങ്ങളായിത്തീരുന്നതിനു് അവരുടെ കണ്ണുകൾക്കു് കാഴ്ചയും ബുദ്ധിക്കു പ്രകാശവും മനസ്സിനു ശക്തിയും കൊടുക്കണമേയെന്നു ദൈവത്തോടു് പ്രാത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

സഭയിൽ ചേന്നതിൻെറ കാരണം മാന്യവായനക്കാർ മനസ്സിലാക്കുമെന്നു വിശ്വസിച്ചുകൊണ്ടും, "റോമ്മാസഭയിൽ ചേന്നതു് എന്തിനു്?" എന്നു ചോദിച്ചിട്ടുള്ളവക്കും ചോദിക്കുന്നവക്കും ഇതു എൻെറ മറുപടിയായി സ്വീകരിക്കണമെന്നു അഭ്യത്ഥിച്ചുകൊണ്ടും, "റോമ്മാസഭയിൽ ചേന്നിട്ടു് എന്തുകിട്ടി?" എന്നുള്ള രണ്ടാമത്തെ ചോദ്യത്തിനു് ഞാൻ മറുപടി പറയാം. (തുടരും)




ഹാസ്യഭാവന

## പൊതുസേവനത്തിനുള്ള
# സപ്തനിർദ്ദേശങ്ങൾ

(ടി. എം. കുര്യാക്കോസ് ബി. എ.)

ഏതു സംഘടനയേയും—അതു് രാഷ്ട്രീയമോ സാമുദായികമോ എന്തുമാകട്ടെ—ഉയർത്തിക്കൊണ്ടുവരുവാൻ ആവശ്യമായ ചില നിദ്ദേശങ്ങൾ പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുക എന്നുള്ളതാണു് എൻെറ ഉദ്ദേശം.

1. പ്രഥമമായി സംഘടനയിൽ അംഗമായി ചേരുക. തൻെറ ആജ്ഞാനുവത്തികളായി പെരുമാറുമെന്നു് പരിപൂണ്ണബോദ്ധ്യമുള്ള കുറെയാളുകളെക്കൂടി സംഘടനയിൽ ചേക്കുക. അങ്ങനെ സംഘബലമുള്ള പാർട്ടിയിലെ അവഗണിക്കുവാനാകാത്ത "മെമ്പറായി" ഉയരുക.

2. സംഘടനാ യോഗങ്ങളിൽ കഴിവതും ഹാജരാകാതിരിക്കുവാൻ പരിശ്രമിക്കുക. അഥവാ സന്നിഹിതനായാൽത്തന്നെ വല്ല ഒഴിഞ്ഞമൂലയിലും പററിക്കൂടുക.

3. കാര്യാലോചനാ വേളകളിലോ മററു് അഭിപ്രായപ്രകടനാവസരങ്ങളിലോ സ്വന്തം അഭിപ്രായം പ്രകടിപ്പിക്കാതെ മൗനമായി കഴിഞ്ഞുകൂടുക.

4. ആരെങ്കിലും അഭിപ്രായമാരാഞ്ഞാൽത്തന്നെ ഭൂരിപക്ഷാഭിപ്രായത്തെ അനുകൂലിക്കുന്നുവെന്നു പറഞ്ഞേക്കുക.

5. സമ്മേളനാനന്തരം യോഗത്തിൽ നടന്നതായ സകലതിനേയുംപററി ഒരു നിരൂപണം നടത്തുക. യോഗാദ്ധ്യക്ഷനേയും, സംഘടനാസെക്രട്ടറിയേയും, പാസ്സാക്കിയ പ്രമേയത്തേയും വളരെ നിശിതമായി ആവേശപൂർവ്വം വിമർശിക്കുക. അങ്ങനെ പൊതുജനാഭിപ്രായത്തെ സ്വായത്തമാക്കുക സമ്മേളനത്തിനെതിരായിട്ടു്.

6. സംഘടനാ ഭാരവാഹികളുടെ ചെയ്തികളെ വിമശിക്കുക. വേണ്ടിവന്നാൽ ഒരു അവിശ്വാസപ്രമേയംതന്നെ അവതരിപ്പിച്ചുകളയുക. എങ്ങനെയെങ്കിലും, എന്തെല്ലാം മാർഗ്ഗങ്ങളിൽക്കൂടിയായാലുംശരി അവരെ സ്ഥാനഭ്രഷ്ടരാക്കുക.

7. വീണ്ടുമുള്ള തെരഞ്ഞെടുപ്പിൽ നമ്മുടെ നാമനിദ്ദേശമുണ്ടായാൽത്തന്നെ പിൻവാങ്ങുക മററിതരകാര്യവ്യഗ്രതനിമിത്തം. അങ്ങനെ എന്നും ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറിക്കൊണ്ടു് വിമശനസുഖം അനുഭവിക്കുക.

ആദ്ധ്യാത്മികവീഥി

# പരിത്യാഗം—ഒരു സമരം

ദൈവത്തിൻെറ വത്സലമക്കളേ,

"ഞാൻ നല്ല യുദ്ധം ചെയ്തു" എന്നുള്ള വി. പൗലോസിൻെറ വാക്യം ഉദ്ധരിച്ചുകൊണ്ടു് പരിത്യാഗാഭ്യാസം ഒരു സമരമാണെന്നു കഴിഞ്ഞ ലേഖനത്തിൽ സൂചിപ്പിക്കുകയുണ്ടായല്ലോ. ആരോടാണു സമരം? നമ്മോടുതന്നെ; നമ്മുടെ ദുരാശകളോടും സുഖപ്രിയത്തോടും.

പരിത്യാഗമെന്ന വാക്കുകേട്ടു ആളുകൾ ഭയപ്പെടുമെന്നു വിചാരിച്ചു് ആധുനികന്മർ ത്യാഗത്തെക്കുറിച്ചു ഒന്നും പറയാതെ അതിൻെറ ഫലമായ ജീവിതനവീകരണവും ആത്മസംയമനവും ദൈവൈക്യവും മററും നമുക്കുണ്ടായിരിക്കേണ്ടതാണെന്നു പറയാറുണ്ടു്. പക്ഷെ ജന്മപാപഫലമായി എപ്പോഴും നമ്മെ കുഴിയിൽ ചാടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പാപവാസനകളോടു നിരന്തരം പോരാടാതെ മേല്പറഞ്ഞവയൊന്നും നമുക്കു ലഭ്യമാവുകയില്ല. നമ്മുടെ മനസ്സിനെ ദൈവതിരുമനസ്സിനോടു യോജിപ്പിക്കുവാൻ സാധിക്കയില്ല. അതിനാൽ ആ സമരം കൂടിയേതീരു.

ദുരാശകളെ നമ്മുടെ മനസ്സിനും നമ്മുടെ മനസ്സിനെ ദൈവതിരുമനസ്സിനും വിധേയമാക്കുന്നതിനായി ചെയ്യുന്ന ഒരു സമരമാണു് പരിത്യാഗമെന്നു പറയാം. അതൊരു പുണ്യമെന്നതിനേക്കാൾ സകല പുണ്യങ്ങൾക്കുംവേണ്ടിയുള്ള ഒരു കളമൊരുക്കലാണു്. പുണ്യാഭ്യാസങ്ങൾക്കു തടസ്സമായിനില്ക്കുന്ന അധമാംശത്തിൻെറ എതിർപ്പിനെ വീറോടെ ചെറുത്തുനിന്നു് പുണ്യത്തിൻെറ പുരോഗമനത്തിനു വഴിതെളിക്കുകയെന്ന കൃത്യമാണു പരിത്യാഗം ചെയ്യുന്നതു്. അതു അതിൽതന്നെ ഒരന്ത്യമല്ല. ഒരന്ത്യത്തിനുള്ള പോംവഴി മാത്രമാണു്. ജഡികജീവനെ നശിപ്പിക്കുന്നതു് ആത്മീയജീവനെ പുഷ്ടിപ്പെടുത്താനാണു്. സൃഷ്ടികളിൽനിന്നു അകലുന്നതു സ്രഷ്ടാവിനോടു അടുക്കാനാണു്. ഗോതമ്പുമണി ചീയാൻ അനുവദിക്കുന്നതു് അതു മുളച്ചു ചെടിയായി കൂടുതൽ ഗോതമ്പു പുറപ്പെടുവിക്കുന്നതിനാണല്ലോ. ഒരു ചെറിയ നഷ്ടം സഹിക്കുന്നതു വലിയ ലാഭം പ്രതീക്ഷിച്ചുകൊണ്ടാകുന്നു.

ഈ വസ്തുത നാം ഒരിക്കലും വിസ്മരിക്കരുതാത്തതാണു്. പരിത്യാഗം പരിത്യാഗത്തിനുവേണ്ടിയല്ല, പ്രത്യുത അതിൻെറ ഫലമായി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന ഒരു ലാഭത്തെ ഉദ്ദേശിച്ചാണു നാം അനുഷ്ഠിക്കുന്നതു്. ഈ ബോധം ത്യാഗം എളുപ്പമുള്ളതാക്കിത്തീക്കും.


എന്നു
പ്രാത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

### കൃതജ്ഞത

വി. റീത്താ പുണ്യവതിയുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

കെ. ടി. ഏലമ്മ
ചേന്ദമംഗലം

## വിനോദവീഥി




"ഈ അർജീല് രണ്ടുരൂപ്പികേടെ സ്റ്റാമ്പൊട്ടിച്ചയച്ചില്ലെങ്കിലേ മാന്നിതു വായിച്ചുനോക്കില്ലെന്നാ പറഞ്ഞതു്!"

"ഏമാനറിയണന്നല്ലേയുള്ളൂ. ആ കത്തു് സ്റ്റാമ്പൊട്ടിക്കാതെ കൊച്ചമ്മയ്ക്കങ്ങയച്ചേരെ! അവരതു് ഏമാന്നേ വായിച്ചുകേൾപ്പിച്ചോളും!"


x x x

രണ്ടു സ്നേഹിതന്മാർ ഒരു കൂട്ടുബിസ്സിനസ്സിനു ആലോചിക്കുകയാണു്.

ഒന്നാമൻ:- എൻെറ വസ്തുവിനു കുറെ കടമുണ്ടെങ്കിലും അതു പണയപ്പെടുത്തി ഒരു തുക കടംവാങ്ങിയാണു് ഞാൻ വീടു പണിയിക്കുന്നതു്. സ്ഥലവും വീടുംകൂടി ഈടുകൊടുത്താൽ രണ്ടോ മൂന്നോ ലോറികൾ വാങ്ങിക്കരുതോ? അപ്പോൾ ചരക്കുകൾ കയററിയിറക്കുന്ന ഒരു ബിസ്സിനസ് ആരംഭിക്കാം.

രണ്ടാമൻ:- ലോറി വാങ്ങിച്ചാലും പെട്രോളിനും മററും പണം വേണ്ടേ?

ഒന്നാമൻ:- പാവം! ഒരു പറമ്പും, ഒരു നല്ല കെട്ടിടവും, രണ്ടു മൂന്നു ലോറികളും സ്വന്തമായുള്ള ഒരാൾക്കാണോ പെട്രോളും മററും കടംകിട്ടാൻ പ്രയാസം?




തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷൻ സമീപം
എല്ലാ വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.

Wednesday
August 22
1956

# THE SATHYADEEPAM

(ESTD. 1927)

BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 2

'ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ'



# ബാലരംഗം



വിശുദ്ധ ആഗ്നസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

വിശുദ്ധ ജമ്മാഗൽഗാനിയുടെ ചരിത്രം നിങ്ങൾക്കു വളരെ ഇഷ്ടപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. വിശുദ്ധയുടെ ജീവിതത്തിൽനിന്നും ക്ലേശസഹനങ്ങളിൽനിന്നും പല നല്ല ഗുണപാഠങ്ങളും നിങ്ങൾക്കു പഠിക്കുവാൻ സാധിച്ചിരിക്കും. ദൈവവിളിയെ തുടർച്ചയായ പ്രതിബന്ധങ്ങൾക്കെതിരായി ദൈവേഷ്ടത്തിനൊത്തവണ്ണം പരിപാലിക്കുന്നതിലും, ശാരീരികപീഡകളുടേയും പലവിധ അവഹേളനങ്ങളുടേയും മേലധികാരികളുടെ അഭിപ്രായാന്തരങ്ങളുടേയും മദ്ധ്യേ ക്ഷമയോടും സമചിത്തതയോടും അനുസരണയോടുംകൂടി ജീവിക്കുന്നതിലും ജമ്മാ പ്രത്യക്ഷമാക്കുന്ന പുണ്യമാതൃക വീരോചിതമാനു്. ഏതാദൃശമായ ജീവിതസാഹചര്യങ്ങളെ നേരിടുമ്പോൾ നമുക്കു ജെമ്മായെ അനുസ്മരിക്കാം. ആ കുഞ്ഞുവിശുദ്ധയോടു് പ്രകാശത്തിനും സഹനശക്തിക്കുംവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിക്കാം.

അടുത്തതായി നാം സമാരംഭിക്കുന്നതു് വേറൊരു കുഞ്ഞുവിശുദ്ധയുടെ ചരിത്രമാണു്, വിശുദ്ധ ആഗ്നസ്. ഈ വിശുദ്ധയെപ്പററി കുറെയെങ്കിലും നിങ്ങൾ കേട്ടിരിക്കും. കൂടുതൽ ഗ്രഹിക്കുന്നതിനു ഈ ചരിത്രപഠനം നിങ്ങളെ സഹായിക്കാതിരിക്കയില്ല. വിശുദ്ധ ജെമ്മാ ആഗ്രഹത്തിൻെറ വേദസാക്ഷിത്വം—പാഷനിസ്റ്റു് സഭയിൽ ചേർന്നു ഈശോയുടെമണവാട്ടിയാകണമെന്നുള്ള ആഗ്രഹത്തിൻെറ വേദസാക്ഷിത്വം— വരിച്ചു. വിശുദ്ധ ആഗ്നസ് ഇളംപ്രായത്തിൽ ഈശോയ്ക്കു സ്വയം പ്രതിഷ്ഠിച്ചുകൊണ്ടു്, അതിൽനിന്നു തന്നെ വ്യതിചലിപ്പിക്കുന്നതിനു നാനാവിധ പ്രലോഭനങ്ങളും ദാരുണമായ പീഡനങ്ങളുമായി തനിക്കെതിരെ വന്ന ഡയോക്ലീഷ്യൻ ചക്രവത്തിക്കെതിരായി സഹനസമരം നടത്തി വിജയമടയുകയാണുണ്ടായതു്. യഥാത്ഥമായ ഈ രക്തസാക്ഷിത്വചൈതന്യമാണു് ആഗ്നസിൻെറ ജീവിതത്തിൽ പ്രശോഭിക്കുന്നതു്. അതിങ്കലേക്കു നമുക്കും സമീപിച്ചു നോക്കാം. പ്രതീക്ഷിക്കുക.

(വല്ല്യേട്ടൻ.)

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

| Reg. No. | (തുടച്ച്) |
|---|---|
| 51 | ജോസ് എൽ. ചിററിലപ്പിള്ളി, ഹൈസ്കൂൾ ചാവക്കാട്ട് |
| 52 | ടി. ജെ. ജോൺ തുറയ്ക്കൽ, എഴുമുട്ടം, തൊടുപുഴ |
| 53 | കെ. എം. ഉലഹന്നാൻ ഉളിക്കൽ, ഇരിട്ടി |
| 54 | ജോസഫ് ഡി. വാരികാട്ടു്, തിടനാട് |
| 55 | സി. സി. ജേക്കബ് ചിററപ്പനാട്, തിടനാട് |

## 81-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—മറവി

## പ്രശ്നം നമ്പർ 82

(പി. സി. ജോസഫ്
Reg. No. 32)

സത്യസന്ധതയില്ലാത്തവരിൽ തെളിഞ്ഞുകാണുന്ന ഒരു ദുശ്ശീലമാണു് ഞാൻ. എന്നെ മനസ്സിലാക്കിയാൽ യാതൊരുത്തരും ബഹുമാനിക്കുകയില്ല. എൻെറ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നും മൂന്നും അക്ഷരങ്ങൾ ചേന്നാൽ അതു മനുഷ്യരെ ദീപാളി കുളിപ്പിക്കും; രണ്ടും മൂന്നും അക്ഷരങ്ങൾ ചേന്നാൽ നയനാഭിരാമമായ ഒരു കാഴ്ചവസ്തുവാകും; രണ്ടും ഒന്നും അക്ഷരങ്ങൾ ചേന്നാൽ വലിയ അസ്വസ്ഥതയ്ക്കു കാരണവുമാകും. ഒന്നാമത്തെ അക്ഷരം കരടിയിൽനിന്നു കിട്ടും, രണ്ടാമത്തേതിനു പള്ളിയിൽ പോയാൽ മതി, മൂന്നാമത്തേതിനോ പാരിടം മുഴുവൻ തിരയേണ്ടിവന്നേക്കും. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ആഗസ്റ്റ് ഇരുപത്തിരണ്ടു്

(By ജോസ് ചിററിലപ്പിള്ളി, പാലയൂർ)

എന്താണു് ആഗസ്റ്റ് 22ൻെറ പ്രത്യേകത? ആ തീയതി നമ്മെ എന്തു അനുസ്മരിപ്പിക്കുന്നു? പരി: കന്യകമറിയത്തിൻെറ ഓമൽസന്താനങ്ങളായ നാമോരോരുത്തരും അതറിഞ്ഞിരിക്കേണ്ടതാണു്. അതെ, അന്നാണു് നമ്മുടെഅമ്മയുടെ അമലോത്ഭവഹൃദയത്തിരുനാൾ. നമ്മുടെ അമ്മ ജന്മപാപമില്ലാതെ ജനിച്ചുവെന്നും അവിടുന്നു വിമലഹൃദയയാണെന്നും നാം വിശ്വസിക്കുന്നുണ്ടു്. ആ വിശ്വാസംമാത്രം പോരാ നമുക്കു്. പ്രത്യുത, നാമോരോരുത്തരും അവിടുത്തെ പിഞ്ചുപൈതങ്ങളാകണമെങ്കിൽ നാം ആ വിമലഹൃദയത്തോടു ഭക്തിയും വണക്കവും പ്രകടിപ്പിക്കേണ്ടതു് നമ്മുടെ ചുമതലയാണു്.

17-ാംനൂററാണ്ടിൽ ജീവിച്ചിരുന്ന വി. ജോൺ എവുദസ് എന്ന ഒരു മരിയാഭക്തനായിരുന്നു ഈ തിരുനാളിൻെറ ആരംഭകൻ. പരി. കന്യകമറിയത്തിൻെറ അമലോത്ഭവഹൃദയത്തോടുള്ള ഭക്തി അദ്ദേഹം നാടുനീളെ പ്രചരിപ്പിച്ചു. തൽഫലമായി മാർപ്പാപ്പാമാരായ പീയൂസ് ഏഴാമനും ഒമ്പതാമനും അതംഗീകരിക്കുകയും ചെയ്തു. എന്നാൽ അതിൻെറ സ്മാരകമായി ഒരു തിരുനാൾ ആഘോഷിച്ചിരുന്നതു് തിരുസ്സഭയിൽ ഏതാനും ചില രൂപതകളിൽ മാത്രമായിരുന്നു.

കാലചക്രം തിരിഞ്ഞു. ഇപ്പോൾ ഭാഗ്യമോടെ വാണരുളുന്ന 12-ാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് 1942 ആഗസ്റ്റ് 22-ാംനു തിരുസ്സഭ മുഴുവനേയും പ. കന്യകമറിയത്തിൻെറ അമലോത്ഭവഹൃദയത്തിനു പ്രതിഷ്ഠിക്കുകയുണ്ടായി. പ്രസ്തുത അവസരത്തിൽ അതിൻെറ സ്മാരകമായി ഒരു തിരുനാൾ കത്തോലിക്കാലോകം മുഴുവനും ആഘോഷിക്കണമെന്നു തീരുമാനിക്കുകയും ചെയ്തു.

ഈ തിരുനാളാഘോഷത്തിൽ നാം ആന്തരികമായി എന്തു ചെയ്യണം? അമലോത്ഭവഹൃദയത്തോടു് നമ്മുടെ ആത്മശരീരങ്ങളെ നിർമ്മലമായി കാക്കുന്നതിനുവേണ്ടി അപേക്ഷിക്കുക. പരിശുദ്ധ അമ്മയുടെ വിമലഹൃദയം തിന്മയിൽ ഉൾപ്പെടാതിരിക്കാൻ നമ്മെ സഹായിക്കും.

ചെറുകഥ

## കസേരക്കളി

(തോമ്മസ് ററി. മണ്ടപത്തിൽ
Reg. No. 1)

അങ്ങനെയൊന്നും സംഭവിക്കുമെന്നു ചാണ്ടിക്കു് സ്വപ്നത്തിൽ പോലും വിചാരമില്ലായിരുന്നു... എങ്കിലും അതു അങ്ങനെ സംഭവിച്ചു. ചാണ്ടിച്ചനും തോമസ്സും, ചെറുപ്പംമുതൽ ഒരിക്കലും തമ്മിൽ പിരിഞ്ഞിട്ടുള്ളതല്ല.

അന്നു തോമസ്സ് കാലത്തു സ്കൂളിൽ പോയപ്പോൾ ചാണ്ടിയെ വിളിച്ചില്ല. അന്നുമുതൽ തോമസ്സ് ചാണ്ടിയുമായുള്ള കൂട്ടുകെട്ടു പൂർണ്ണമായി ഉപേക്ഷിച്ചിരിക്കയാണു്. സ്കൂളിലേക്കു പോകുന്ന വഴിക്കു വിവിധവികാരങ്ങൾ അവൻെറ ഹൃദയത്തിൽ അലതല്ലികൊണ്ടിരുന്നു. പ്രക്ഷുബ്ധമായ സമുദ്രത്തിൽപെട്ട ഒരു കൊച്ചുതോണിപോലെ അവൻെറ ഹൃദയം ഉഴറി. പടിഞ്ഞാറുനിന്നും വന്ന ഒരു തണുത്ത കാററു വൃക്ഷലതാദികളെ പിടിച്ചു കുലുക്കിക്കൊണ്ടു കടന്നുപോയി. കിഴക്കെ ചക്രവാളത്തെ എത്തിപ്പിടിക്കാനെന്നോണം ചില വെൺമേഘങ്ങൾ സ്വച്ഛമായ നീലാകാശത്തിലൂടെ ത്വരിതഗമനം ചെയ്യുന്നുണ്ടു്. ചാണ്ടിച്ചൻ, അവൻ "പഞ്ഞവാദി"യാണു്. ഊപ്പ. അവനെ ഇന്നു ശരിപ്പെടുത്തുന്നുണ്ടു്. തോമസ്സ് പ്ലാൻ തയ്യാറാക്കുകയാണു്. സ്കൂളിൽനിന്നു ഇന്നു വൈകുന്നേരം അവൻ ഇടവഴിയേ പോകുമ്പോൾ ഒളിച്ചിരുന്നു കല്ലു പെറുക്കി അവനെ എറിഞ്ഞാലോ?

ഓ... അതു വേണ്ട. അവനെ അങ്ങനെ ഉപദ്രവിക്കണ്ടാ- അല്ല എങ്ങനെ ചെയ്യാതിരിക്കും! രണ്ടു പേരുംകൂടി ചെയ്ത കുററത്തിനു് ഞാൻ തല്ലു കൊള്ളുകയും അവൻ അതു കണ്ടു രസിക്കയും!! അത്രയ്ക്കു വേണ്ട. അവനെ ഞാൻ ചൊവ്വിനു നടത്തുന്നുണ്ടു്. തോമസ്സിനു സങ്കടവും വിരോധവും പ്രതികാരേച്ഛയും പിടിച്ചിട്ടു നില്ക്കാതായി.

* * *

"നാരായണപിള്ളസാറിനെ ഇന്നു ഒന്നു പററിക്കണമെടാ" ചാണ്ടി തോമസിനോടു് അന്നാലോചിച്ചു.

"അതിനെന്താ വിദ്യ" തോമസ്സ് ആരാഞ്ഞു.

"പറയാമെടാ" ചാണ്ടിച്ചൻ ആലോചിക്കയായി.

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1